
RURAL INFORMATION BUREAU

# ഗ്രാമഭൂമി

പുസ്തകം 39 ലക്കം 05

സെപ്തംബർ-ഒക്ടോബർ 2016

ദ്വൈമാസിക




## ഓർക്കുക കർമ്മയോഗിയെ, വരുന്നൂ കർമ്മപദ്ധതികൾ



# കർമ്മയോഗി

വയലാർ രാമവർമ്മ

ശുഷ്കമെങ്കിലും മംഗളാനുഗ്രഹ -
ശുദ്ധമായ വലംകൈവിരലുകൾ
ആ യതീശ്വരൻ കൈ റാട്ടിൽ നിന്നെടു-
ത്തായിരങ്ങൾക്കു ഭവ്യം പകരവേ,

അമ്മ കോൾമയിർക്കൊണ്ടു, മകനെഴും
കർമസിദ്ധിയിൽ, ത്യാഗമഹിമയിൽ!
അന്തിവിണ്ണിൻ കപോലങ്ങളിൽച്ചാരു-
ചന്ദനം ചാർത്തുമോമന്മരീചികൾ

ജീവരക്തം പതഞ്ഞൊഴുകും രണ-
ഭൂവിലേക്കു കസവാട നെയ്കയോ?
വർഗവിദ്വേഷമാളിച്ച തീപ്പടർ-
പ്പക്കരകളെച്ചുട്ടെരിച്ചീടവേ,

ചോരയാറിൻ കരയിലെത്തി പ്രേമ-
ധാര പെയ്തിടുമാർഷ സംസ്കാരമേ,
വാളിളക്കിച്ചുടുരക്തകല്ലോല-
പാളികളെ മുറിച്ചുമുറിച്ചിതാ,

ആഞ്ഞലറും മതക്കളിവള്ളങ്ങൾ
പാഞ്ഞുപോകയാം നിമ്നുന്നിലൂടവേ
ഉഗ്രവർഗ സമരാരവത്തിൽ നി-
ന്നുൾഗളിക്കയോ ചിൽപ്രേമഗീതികൾ?

പ്രാണഹർഷങ്ങൾ പൂശിച്ച ജീവിത-
വേണുഗാനലയങ്ങളിലൂടവേ,
കൂരിരുട്ടിൻ ഗുഹകളിലേക്കൊരു
ചാരുമിന്നൽച്ചുരുൾ പറന്നെത്തിയോ?

വേട്ടയാടലിൻ വ്യഗ്രത തെല്ലൊരു
വേഴ്ചയായിപ്പരിണമിച്ചീടവേ,
ചോരവറ്റിവിളറിയ വാളുകൾ
ദൂരെദൂരെ നിലം പതിച്ചീടവേ,

അങ്ങകലെ, പ്പൊഴിഞ്ഞ പല്ലിൻവിട-
വങ്കുരിപ്പിച്ച പുഞ്ചിരിത്തല്ലിനാൽ,
വിശ്വസൗഹൃദം പാകുകയാണതാ
വൃദ്ധനാമൊരു കർമയോഗീശ്വരൻ!

വാളെറിഞ്ഞു പുണർന്നു പരസ്പരം
വാതുറക്കാതെ മർത്ത്യത നില്ക്കവേ
ഹിന്ദു മുസ്ലീം, സഹോദരരൊന്നു ചേർന്നൊ-
ന്നുചേർന്നു തൊഴുകൈയുയർത്തവേ,

ശുഷ്കമെങ്കിലും ജീവിതാനുഗ്രഹ -
ശുഷ്കമായ വലംകൈവിരലുകൾ
ആ യതീശ്വരൻ കൈ റാട്ടിൽ നിന്നെടു-
ത്തായിരങ്ങൾക്കു നേർന്നു സുമംഗളം!

ഗ്രാമഭൂമി
ദ്വൈമാസിക
2016 സെപ്തംബർ-ഒക്ടോബർ • പുസ്തകം 39 • ലക്കം 5
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം, കേരള സർക്കാർ

**ഉപദേശക സമിതി**
**ചെയർമാൻ:** എ.ഷാജഹാൻ ഐ.എ.എസ്
ഗ്രാമവികസന കമ്മീഷണർ
**അംഗങ്ങൾ**
വി.എസ്. സന്തോഷ്കുമാർ
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I
കെ. ഷൗക്കത്താലി
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II
വി. അജയകുമാർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
മഹിളാ കിസാൻ സശാക്തീകരൺ
പരിയോജന
കെ. രാജേന്ദ്രൻ
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ
PMGSY
പി.ഡി. ഫിലിപ്പ്
ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
പി.ജെ. ആന്റണി
ഡയറക്ടർ, എസ്.ഐ.ആർ.ഡി
പി.കെ. മോഹനൻ
ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ,
റൂറൽ പ്ലാനിംഗ്
സി. മാധവൻ
ഡെപ്യൂട്ടി ഡയറക്ടർ (P&M)
ദീപ
ഫിനാൻസ് ആഫീസർ
പി. അശോക് കുമാർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ചീഫ് എഡിറ്റർ
**എൻ. രാധാകൃഷ്ണപിള്ള**
ചീഫ് ഓഫീസർ
റൂറൽ ഇൻഫർമേഷൻ ബ്യൂറോ

എഡിറ്റർ
**വി. സുരേഷ്കുമാർ**
കാമ്പയിൻ ഓഫീസർ

അസിസ്റ്റന്റ് എഡിറ്റർ
**സി . പ്രശാന്ത്**
അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ

സർക്കുലേഷൻ മാനേജർ
**റ്റി. സനൽകുമാർ**
മാനേജർ

കവർ & ലേ-ഔട്ട്
**രതീഷ് കുമാർ**
rash8590070404@gmail.com

ഓഫീസ്
**റൂറൽ ഇൻഫർമേഷൻ ബ്യൂറോ**
ആറാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3
ഫോൺ : 0471 2317262
email : ribkerala@gmail.com

## എഡിറ്റോറിയൽ

# ഓർക്കുക കർമ്മയോഗിയെ, വരുന്നൂ കർമ്മപദ്ധതികൾ

ഭാരതീയന്റെ ചിന്തകളിൽ, മൂല്യങ്ങളിൽ , വികാരങ്ങളിൽ, വിജയങ്ങളിൽ എല്ലാം തന്നെ നിറസാന്നിധ്യമാണ് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി. അക്രമരാഹിത്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിന് പകർന്ന് നൽകിയ മഹാത്മാവിന്റെ ചിന്തകളും ദർശനങ്ങളും നമ്മുടെ രാജ്യത്തിന്റെ സമസ്ത മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. സംഘടിത ശക്തിയും സമ്പത്തും കൊണ്ട് മാത്രം ഒന്നും നേടാൻ കഴിയില്ലെന്നും, ദാർശനികവും ധാർമ്മികവുമായ കരുത്തിലൂടെ നേട്ടങ്ങൾ കൈവരിക്കാനാകുമെന്നും അദ്ദേഹം ലോകത്തിന് മുന്നിൽ തെളിയിച്ചു. ഗാന്ധിയൻ ദർശനങ്ങൾ ഇന്ന് ആഗോളദർശനങ്ങളാണ്. യുദ്ധവും സംഘർഷവും നിരന്തരം അരങ്ങേറുന്ന ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ദർശനങ്ങൾക്ക് സമാനതകളില്ലാത്ത പ്രാധാന്യമാണുള്ളത്.

ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നുവെന്ന് സ്വപ്നം കണ്ടിരുന്ന അദ്ദേഹത്തിന്റെ ഗ്രാമസ്വരാജ് സങ്കൽപ്പം ആഗോളീകരണം ഉയർത്തുന്ന കമ്പോള സംസ്കാരത്തെ തടയുന്നതിനും ഒരു ബദൽ സമൂഹം പണിതുയർത്തുന്നതിനും ഏറെ സഹായകരമാണെങ്കിലും നമ്മുടെ രാജ്യത്തെ ഗ്രാമങ്ങളുടെ സ്ഥിതി ഇനിയും ഏറെ മാറേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള യത്നങ്ങൾക്ക് ഗതിവേഗം കൂടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

കേരള പിറവിയുടെ 60-ാം വാർഷികാഘോഷങ്ങൾക്കായുള്ള തയ്യാറെടുപ്പുകൾ എല്ലാ മേഖലയിലും ആരംഭിച്ചുകഴിഞ്ഞു. വജ്രത്തിൽ നിന്നും പ്ലാറ്റിനത്തിലേക്ക് പ്രയാണം ചെയ്യുന്ന നമ്മുടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ നാഴികക്കല്ലായി മാറുംവിധം നാലിനകർമ്മ പദ്ധതികൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രൂപം നൽകിയിട്ടുണ്ട്.

വരുന്ന അഞ്ച് വർഷക്കാലം കൊണ്ട് പൂർത്തീകരിക്കാൻ കഴിയും വിധമാണ് കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവസംരക്ഷണം എന്നീ മേഖലകളിലാണ് ജനകീയ പങ്കാളിത്തത്തോടെ വികസന പദ്ധതികൾ നടപ്പിലാക്കുക. ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പേരുകളിലുള്ളതാണ് ഈ പദ്ധതികൾ. ദീർഘ വീക്ഷണത്തോടുകൂടി നടപ്പിലാക്കുന്ന കർമ്മ പദ്ധതികൾ യഥാസമയം തന്നെ പൂർത്തിയാക്കുമെന്നും അത് കേരളീയ സമൂഹത്തിന് ഏറെ പ്രയോജനപ്പെടുമെന്നും നമുക്ക് ഉറപ്പിക്കാം. കാരണം, അത്ര ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുന്ന ഒരു സർക്കാരാണ് ഇതിന് നേതൃത്വം നൽകുന്നുവെന്നത് തന്നെ.

**എൻ. രാധാകൃഷ്ണപിള്ള**
ചീഫ് എഡിറ്റർ

# കത്തുകൾ

## വിഭവസമൃദ്ധമായ ഓണസദ്യ

വ്യത്യസ്തമായ വിഭവങ്ങളൊരുക്കി വായനക്കാർക്ക് നല്ലൊരു ഓണസദ്യയായി മാറി കഴിഞ്ഞ ലക്കം ഗ്രാമഭൂമി. 'സമത്വത്തിന്റെ മഹാസന്ദേശമായി ഓണം' എന്ന ലേഖനത്തിലൂടെ ഓണത്തെക്കുറിച്ചുള്ള സമഗ്രമായ അറിവുതന്നെ വായനക്കാർക്ക് കിട്ടി. ആറന്മുള വള്ളം കളിയുടെ ചരിത്രവും ചടങ്ങുകളുമൊക്കെ വിവരിച്ച 'ആറന്മുളയുടെ ഓണത്തിനു വഞ്ചിപ്പാട്ടിന്റെ താളം' എന്ന ലേഖനം മികച്ചതായി. ഇനിയും കൂടുതൽ മികച്ചതാകാൻ ഗ്രാമഭൂമിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**എസ്. ഉണ്ണികൃഷ്ണൻ**
കൊട്ടിയം, കൊല്ലം

## ഹരിത നിർമ്മാണത്തിൽ പുത്തൻ അറിവുകൾ

ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന ഭൂമിയുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ള ഹരിത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ആഴത്തിലുള്ള അറിവുപകരാൻ 'നമുക്ക് വേണ്ടത് ഹരിത നിർമ്മാണ ശൈലി' എന്ന ലേഖനത്തിനു കഴിഞ്ഞു. ഭാവിതലമുറയുടെ നിലനിൽപു തന്നെ ഭീഷണി നേരിടുമ്പോൾ ഹരിതനിർമ്മിതി യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രധാന്യം നൽകുമെന്നു പ്രത്യാശിക്കാം. പ്രയോജനപ്രദമായ ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് അഭിനന്ദനങ്ങൾ.

**എം. മോഹനൻ**
കാഞ്ഞങ്ങാട്, കാസർഗോഡ്

## മാറുന്നകാലം, മാറുന്ന വായന

മാറുന്ന കാലത്ത് വായനയിൽ വന്ന വിപ്ലവകരമായ മാറ്റങ്ങളെക്കുറിച്ചും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചുമുള്ള അറിവുപകരാൻ സഹായിച്ച ലേഖനമായിരുന്നു കഴിഞ്ഞ ലക്കം ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച 'ആ-വായനയിൽ നിന്നും ഈ-വായനയിലേക്ക്'. വായനക്കാർക്ക് പുതിയ അറിവുകൾ നൽകാൻ സഹായിക്കുന്ന ഇത്തരം ലേഖനങ്ങൾ ഗ്രാമഭൂമിയിൽ തുടർന്നും പ്രതീക്ഷിക്കുന്നു.

**സി.എൻ. പ്രദീപ്**
ബാലരാമപുരം, തിരുവനന്തപുരം

## സമ്പൂർണ്ണ ശുചിത്വത്തിലേക്കുള്ള ചുവടുവെയ്പ്

രാജ്യത്തിനാകെ മാതൃകയായി കേരളത്തെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമാക്കി മാറ്റുന്ന പദ്ധതിയെക്കുറിച്ചുള്ള കവർസ്റ്റോറി മികവുറ്റതായി. പദ്ധതി പ്രവർത്തനത്തിൽ സംസ്ഥാന സർക്കാർ പുലർത്തുന്ന ജാഗ്രതയും ശുഷ്കാന്തിയും ശ്ലാഘിക്കപ്പെടേണ്ടതാണ്. ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് ആശംസകൾ നേരുന്നു.

**എം.പി. ബാലകൃഷ്ണൻ**
വടകര, കോഴിക്കോട്





## കവർസ്റ്റോറി


6 സ്വാതന്ത്ര്യവും സ്വരാജും: സ്വയംഭരണത്തിന്റെ വേരുകൾ
അജിത് വെണ്ണിയൂർ


10 ഗ്രാമവികസനം ഗാന്ധിയൻ പാതയിലൂടെ
ആര്യനാട് സത്യൻ

13 രാജ്യത്തിന്റെ അഭിവൃദ്ധി ഗ്രാമങ്ങളിലൂടെ
ഷാജി ഇടപ്പള്ളി

14 പ്രസക്തിയേറുന്ന ഗാന്ധിയൻ ചിന്തകൾ
അയ്യപ്പൻ ക്ഷേത്രപാൽ



**ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com




**ഗ്രാമയാത്ര** 34
ഗ്രാമീണ ടൂറിസം
അനന്ത സാധ്യതകളുമായി
വാണിമേൽ
ടി. ഷാഹുൽ ഹമീദ്, മാഹി





27 **ഓർമ്മ**
ആദ്യകിരണങ്ങളും
മേരിക്കുട്ടിയും
സി. പ്രശാന്ത്

28 **ശാസ്ത്രം**
തെക്കുപടിഞ്ഞാറൻ കാലവർഷം:
പ്രവചനവും സാധ്യതകളും
എസ്. സുദേവൻ

21 **പദ്ധതി**
ഭവനരഹിതർക്ക്
ആശ്വാസമേകാൻ
പ്രധാനമന്ത്രി ആവാസ് യോജന
(ഗ്രാമീൺ)
വി. സുരേഷ്കുമാർ

22 **സമകാലികം**
പൊന്നുമോൾക്കായി
ഒരു ദിനം
ശ്രീരഞ്ജിനി, തിരുവനന്തപുരം





32 **പൈതൃകം**
തെങ്ങോലകൾക്കുമുണ്ട്
കഥ പറയാൻ
ഡോ. സി.തമ്പാൻ





16 **വികസനം**
നാടിന്റെ സമഗ്ര വികസനം
നാലിന കർമ്മ പദ്ധതികൾ
എൻ. രാധാകൃഷ്ണപിള്ള





24 **ഗ്രാമമുദ്ര**
കളരിപരമ്പരയുടെ കാലം
ചരിത്രം സാക്ഷിയായി ലോകനാർകാവ്
ഭവ്യ.എം.കെ, കോഴിക്കോട്

36 **മാതൃഭാഷ**
വിരുന്നുവന്ന വാക്കുകൾ
ഉത്തരംകോട് ശശി

38 **വികസന ബ്ലോക്കുകളിലൂടെ**
കദീസുമ്മയ്ക്കും
വീടായി
ഷാജി.പി.കെ.കോടിയേരി

38 **പുതിയ ഉത്തരവുകൾ**




*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*

അജിത് വെണ്ണിയൂർ

"ഭാരതത്തിന്റെ ആത്മാവ് കണ്ടെത്തിയ മഹാൻ" എന്നാണ് മഹാത്മാ ഗാന്ധിയെ മഹാകവി രവീന്ദ്രനാഥടാഗോർ വിശേഷിപ്പിച്ചത്. എന്തായിരുന്നു ഗാന്ധി കണ്ടെത്തിയ ഭാരതം?

സ്വതന്ത്രഭാരതത്തെക്കുറിച്ചുള്ള തന്റെ സ്വപ്നങ്ങളും സങ്കല്പങ്ങളും ആദ്യമായവതരിപ്പിച്ച 'ഹിന്ദ് സ്വരാജ്' (1908) എന്ന ലഘുഗ്രന്ഥത്തിൽ അദ്ദേഹം നൂററാണ്ടുകൾ നീണ്ട അടിമത്തത്തിന്റെ വേരുകൾ ചികഞ്ഞെടുത്തു.

"ഇംഗ്ലീഷുകാർ ഇന്ത്യ പിടിച്ചടക്കുകയല്ല, നാം അവർക്ക് നല്കുകയാണ് ചെയ്തത്. അവരുടെ ശക്തിമൂലമല്ല, അവർ ഇന്ത്യയിൽ വാഴുന്നത്; നമ്മുടെ ദൗർബല്യം കൊണ്ടാണ്. അവർ കച്ചവടത്തിനു വേണ്ടിയാണ് ഇന്ത്യയിൽ വന്നത്. അവരുടെ കമ്പനിയെ ആരാണ് 'ബഹദൂരാ'ക്കിയത്? കമ്പനിയുടെ ഓഫീസർമാർക്ക് ആരാണ് ഒത്താശകൾ നല്കിയത്? ആരാണ് അവരുടെ ചരക്കുകൾ വാങ്ങിയത്? പെട്ടെന്നു പണക്കാരാവാൻ വേണ്ടി നാം കമ്പനിയെ ഇരുകൈനീട്ടി സ്വീകരിച്ചു. പരസ്പരം കലഹിച്ച നമ്മുടെ രാജാക്കന്മാർ കമ്പനി ബഹദൂരിന്റെ സഹായം തേടി. ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം വാളെടുത്തു. ഈ അവസരങ്ങളെല്ലാം അവർ മുതലെടുത്തു. വാണിജ്യസങ്കേതങ്ങളുടെ എണ്ണം വർധിപ്പിച്ചു. അവയെ സംരക്ഷിക്കാൻ സേനയെ നിയോഗിച്ചു. ആ സേനയെ നാമും ഉപയോഗിച്ചു. അങ്ങനെ കമ്പനിക്ക് ഇന്ത്യയുടെ നിയന്ത്രണം ലഭിക്കാനിടയായ സാഹചര്യങ്ങൾ തന്നെ സൃഷ്ടിച്ചു. അതുകൊണ്ട് ഇന്ത്യ നമുക്കു നഷ്ടപ്പെട്ടുവെന്ന് പറയുന്നതിനെക്കാൾ ശരി, ഇംഗ്ലീഷുകാർക്ക് ഇന്ത്യയെ നമ്മൾ തന്നെ നല്കി എന്നു പറയുകയാണ്. അവർക്ക് ഇന്ത്യ സ്വന്തമാകാനിടയായ കാരണങ്ങൾ തന്നെയാണ് അത് അവരുടേതാക്കി നിലനിർത്താനും സഹായകമായത്".



# സ്വാതന്ത്ര്യവും സ്വതങ്ങളും

## സ്വയംഭരണത്തിന്റെ വേരുകൾ

## സ്വരാജ്: ഗാന്ധിയുടെ രാഷ്ട്രീയാദർശം

'സ്വരാജ്' ആയിരുന്നു മഹാത്മാഗാന്ധിയുടെ രാഷ്ട്രീയാദർശം. ഇന്ത്യയുടെ ജീവൻ തുടിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധി തിരിച്ചറിഞ്ഞു. അവയുടെ പ്രഭാവവും ഐശ്വര്യവും വീണ്ടെടുക്കാൻ ഗ്രാമീണരെ സജ്ജരാക്കുകയാണ് തന്റെ മുഖ്യ ദൗത്യമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. വിശ്വാസത്തെ മുറുകെപ്പിടിച്ച് പ്രവർത്തിച്ചു. അതിന് നേരിന്റെ വഴികൾ അന്വേഷിച്ചു. കണ്ടെത്തിയ കാര്യങ്ങൾ മറകൂടാതെ ജനങ്ങളുമായി പങ്കുവെച്ചു. രാജ്യസ്നേഹത്തിന്റെ ചങ്ങലയിൽ കോടാനുകോടി ജനങ്ങളെ കണ്ണികളാക്കിച്ചേർത്തു.

വിദേശാധിപത്യത്തിന്റെ അന്ത്യം കൊണ്ട് അദ്ദേഹം തൃപ്തനായിരുന്നില്ല. സ്വയം ഭരണത്തിന്റെ സമുന്നതമായ അവസ്ഥയാണ് ഗാന്ധിയുടെ സങ്കല്പത്തിലെ സ്വരാജ്.

അദ്ദേഹം പറഞ്ഞു: "സ്വയംഭരണം പരിപൂർണ്ണമായും നമ്മുടെ ആന്തരികശക്തിയെ ആശ്രയിച്ചിരിക്കുന്നു; എത്ര കനത്ത ദുരാഗ്യത്തിനെതിരെയും പോരാടുന്നതിനുള്ള നമ്മുടെ കഴിവിനെ ആശ്രയിച്ചിരിക്കുന്നു. നേടാനും നിലനിർത്താനും അനുസ്യൂതമായ പ്രയത്നം ആവശ്യമില്ലാത്ത തരത്തിലുള്ള സ്വയം ഭരണം ഒരിക്കലും ആ പേരർഹിക്കുന്നില്ല. അതിനാൽ രാഷ്ട്രീയ സ്വയംഭരണം, അതായത് അനേക സ്ത്രീപുരുഷന്മാർക്കുവേണ്ടിയുള്ള സ്വയംഭരണം, വ്യക്തിപരമായ സ്വയംഭരണത്തേക്കാൾ മെച്ചപ്പെട്ടതല്ലെന്നും, തന്മൂലം വ്യക്തിപരമായ സ്വയംഭരണത്തിനാവശ്യമായ അതേ മാർഗങ്ങളിലൂടെ തന്നെയാണ് രാഷ്ട്രീയ സ്വയം ഭരണം നേടേണ്ടതെന്നും വ്യക്തമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്." (യങ് ഇന്ത്യ 1927 ഡിസംബർ 1)

ആന്തരികശക്തി നഷ്ടപ്പെട്ടതാണ് ഗ്രാമങ്ങളുടെ ശോച്യാവസ്ഥയ്ക്ക് കാരണമെന്ന് ഗാന്ധി വിലയിരുത്തി. വിദേശഭരണമാണ് നമ്മുടെ രാജ്യത്തെ പാപ്പരാക്കിയതെന്ന് വിമർശിക്കുമ്പോഴും അതിന് വിദേശീയരെ കുററം പറയാൻ അദ്ദേഹം മുതിർന്നില്ല.

### രചനാത്മക പ്രവർത്തനങ്ങൾ

"നാടിനെ ഭൗതികമായും ധാർമികമായും ആത്മീയമായും നശിപ്പിച്ച" വൈദേശിക ഭരണത്തെ ഉന്മൂലനം ചെയ്ത ആ മൂന്നു സമ്പത്തുകളേയും വീണ്ടെടുക്കുക മാത്രമാണ് പോംവഴി എന്ന് ഗാന്ധി തന്റെ സഹപ്രവർത്തകരെ നിരന്തരം ഓർമിപ്പിച്ചു. "രോഗകാരണമന്വേഷിക്കുന്നവനാണ് യഥാർത്ഥ വൈദ്യൻ. നിങ്ങൾ ഇന്ത്യയുടെ രോഗം ചികിത്സിക്കാനുള്ള വൈദ്യനാണെന്ന് ഭാവിക്കുന്നപക്ഷം ആ രോഗത്തിന്റെ യഥാർത്ഥകാരണം നിങ്ങൾ കണ്ടുപിടിക്കണം".

സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ഏറെറടുത്ത നാൾ മുതൽ ഗാന്ധി സ്വയം



വിദേശാധിപത്യത്തിന്റെ അന്ത്യം കൊണ്ട് അദ്ദേഹം തൃപ്തനായിരുന്നില്ല. സ്വയം ഭരണത്തിന്റെ സമുന്നതമായ അവസ്ഥയാണ് ഗാന്ധിയുടെ സങ്കല്പത്തിലെ സ്വരാജ്.

നടത്തിയ അന്വേഷണം അതു തന്നെയായിരുന്നു. കണ്ടെത്തിയ കാരണങ്ങളെ ഉന്മൂലനം ചെയ്യാനാണ് അദ്ദേഹം സൃഷ്ടിപര പ്രവർത്തനങ്ങൾക്ക് രൂപം നല്കിയത്. അയിത്തോച്ചാടനം, മതസാഹോദര്യം, മദ്യനിരോധനം, ഗ്രാമപുനരുദ്ധാരണം, ശുചിത്വം, കുഷ്ഠരോഗ നിവാരണം, ഖാദി-ഗ്രാമ വ്യവസായങ്ങൾ, സ്വദേശിവ്രതം എന്നിങ്ങനെ ബഹുമുഖമായ രചനാത്മക പ്രവർത്തനങ്ങളിലൂടെ ഗ്രാമങ്ങളുടെ വൈഭവത്തേയും ഗ്രാമീണരുടെ ആത്മാഭിമാനത്തെയും തട്ടിയുണർത്താൻ അദ്ദേഹം നിരന്തരം പ്രവർത്തിച്ചു. ആത്മവിശ്വാസം പകർന്ന് അനേകായിരങ്ങളെ പ്രവർത്തന സജ്ജരാക്കി. ആ കാഴ്ചപ്പാടും കർമകാണ്ഡവുമാണ് മഹാത്മാഗാന്ധിയെ 'രാഷ്ട്രപിതാവ്' എന്ന് വിശേഷിപ്പിക്കാൻ നേതാജി സുഭാഷ് ചന്ദ്രബോസിനെ പ്രചോദിപ്പിച്ചത്.

### 'എന്റെ സ്വപ്നങ്ങളിലെ ഭാരതം'

നവ ഭാരതത്തെക്കുറിച്ചുള്ള തന്റെ സ്വപ്നങ്ങൾ ജനതയുടെയാകെ സ്വപ്നവും അഭിനിവേശവുമാക്കി മാററാൻ ഗാന്ധിക്കു കഴിഞ്ഞു. 1931 സെപ്തംബർ 10-ലെ 'യങ് ഇന്ത്യ'യിൽ അദ്ദേഹം തന്റെ പ്രതിജ്ഞയും സ്വപ്നവും ഇന്ത്യയിലെ ജനകോടികളുമായി പങ്കുവച്ചു.

"അങ്ങേയററം ദാരിദ്ര്യമനുഭവിക്കുന്നവർ പോലും ഇതു തങ്ങളുടെ നാടാണെന്നും ഇതു രൂപപ്പെടുത്തുന്നതിൽ തങ്ങൾക്കും ഒരു മഹത്തായ പങ്കുണ്ടെന്നും വിശ്വസിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി; ഉയർന്ന വർഗ്ഗവും താണ വർഗ്ഗവുമില്ലാത്ത ഒരു ഭാരതത്തിനുവേണ്ടി എല്ലാ സമുദായങ്ങളും തികഞ്ഞ മൈത്രിയിൽ വർത്തിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി ഞാൻ പ്രയത്നിക്കും..."

"...അമ്മാതിരിയൊരു ഭാരതത്തിൽ തൊട്ടുകൂടായ്മ, മദ്യം, മയക്കുമരുന്ന് എന്നീ ശാപങ്ങൾക്ക് യാതൊരു സ്ഥാനവും ഉണ്ടായിക്കൂടാ. പുരുഷന്മാർക്കുള്ള എല്ലാ അവകാശങ്ങളും സ്ത്രീകൾക്കും ഉണ്ടായിരിക്കും. ചൂഷണത്തിലേർപ്പെടാതെയും ചൂഷിതരാവാതെയും നാം ലോകത്തോട് സമാധാനത്തിൽ വർത്തിക്കുമെന്നതു കൊണ്ട് നമുക്ക് സങ്കല്പിക്കാവുന്നതിലേററവും ചെറിയ സേന മതിയാകും. വ്യക്തിപരമായി വിദേശീയമെന്നും സ്വദേശീയമെന്നുമുള്ള വിവേചനം ഞാൻ ഇഷ്ടപ്പെടുന്നില്ല, ഇതാണെന്റെ

സ്വപ്നത്തിലുള്ള ഭാരതം. മറെറാന്നു കൊണ്ടും ഞാൻ തൃപ്തനാവുകയില്ല."

ഭരണകൂടത്തെക്കുറിച്ചുള്ള ഗാന്ധിയുടെ സങ്കല്പങ്ങളും ഇതിനോടു ചേർത്തുവായിക്കേണ്ടതാണ്. 'എന്റെ സ്വപ്നങ്ങളിലെ ഭാരതം'(1925) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതി: "ഭരണകൂടം വിദേശീയമായാലും സ്വദേശീയമായാലും അതിന്റെ നിയന്ത്രണത്തിൽ നിന്ന് വിമുക്തമാകാനുള്ള അനുസ്യൂതമായ യത്നമെന്നതാണ് സ്വയംഭരണത്തിന്റെ അർത്ഥം. ജീവിതത്തിന്റെ എല്ലാ വിശദാംശങ്ങളും വ്യവസ്ഥപ്പെടുത്തുന്നത് സ്വരാജ് ഭരണകൂടമായിരിക്കണമെന്ന് ജനങ്ങൾ ആഗ്രഹിച്ചാൽ ആ ഭരണകൂടം പരിതാപകരമായ പ്രതിഭാസമായിരിക്കും."

## സമചതുർഭുജമായ സ്വരാജ്

രാഷ്ട്രീയ സ്വാതന്ത്ര്യം കൊണ്ടുമാത്രം രാജ്യത്തിന് മോചനം സാധ്യമാവില്ലെന്ന് മഹാത്മാ ഗാന്ധി ഉറച്ചു വിശ്വസിച്ചു. "വിദേശ നിയന്ത്രണത്തിൽ നിന്നുള്ള പരിപൂർണ്ണ സ്വാതന്ത്ര്യവും പരിപൂർണ്ണ സാമ്പത്തിക സ്വാതന്ത്ര്യവും അനിവാര്യമാണ്." സമചതുർഭുജമായ ഒരു സ്വരാജ് ആണ് അദ്ദേഹം വിഭാവനം ചെയ്തത്.

**ഒന്ന്:** രാഷ്ട്രീയസ്വാതന്ത്ര്യം

**രണ്ട്:** സാമ്പത്തിക സ്വാതന്ത്ര്യം

**മൂന്ന്:** സാന്മാർഗികവും സാമൂഹികവുമായ മൂല്യങ്ങൾ

**നാല്:** ധർമം അഥവാ മതം അതിന്റെ സമുന്നതമായ അർത്ഥത്തിൽ

"ഹിന്ദു, ക്രിസ്തു, ഇസ്ലാം മതങ്ങളെല്ലാം അതിലുൾപ്പെടുന്നുവെങ്കിലും അവയെക്കാളെല്ലാം ശ്രേഷ്ഠതരമാണ് ധർമം" എന്ന് അദ്ദേഹം വിശദീകരിച്ചു. "സ്വരാജിന്റെ ചതുർഭുജമാണിത്. അതിന്റെ ഏതെങ്കിലും ഒരു കോൺ ശരിയല്ലെങ്കിൽ ആകൃതിയാകെ തെററും"- ഗാന്ധി കൂട്ടിച്ചേർത്തു.

പൊതുകാര്യങ്ങളിലും സ്വകാര്യജീവിതത്തിലും സന്മാർഗം, സദാചാരം, സത്യം എന്നീ മൂല്യങ്ങൾക്ക് പ്രാധാന്യം നല്കണമെന്ന് ഗാന്ധി നിഷ്കർഷിച്ചു. നമ്മുടെ സംസ്കാരത്തിന്റെ കാതലായ ഈ മൂല്യങ്ങളെ സാമൂഹിക ജീവിതത്തിൽ സന്നിവേശിപ്പിക്കാനായില്ലെങ്കിൽ സ്വരാജ് അപൂർണമാവുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## എല്ലാ ജനങ്ങളുടേയും ഭരണം

സ്വതന്ത്ര ഭാരതത്തെക്കുറിച്ചുള്ള തന്റെ ദർശനവും സങ്കല്പങ്ങളും വിശകലനം ചെയ്യുന്ന തന്റെ ആദ്യപുസ്തകത്തിന് ഗാന്ധി നല്കിയ പേര് 'ഹിന്ദ് സ്വരാജ്' (1908) എന്നാണ്. പലരും ഗാന്ധിയുടെ നിലപാടിനെ സംശയ ദൃഷ്ടിയോടെ വീക്ഷിച്ചു. എന്നാൽ അർത്ഥശങ്കയില്ലാത്ത വിധം അദ്ദേഹം തന്റെ കാഴ്ചപ്പാട് വ്യക്തമാക്കി.

"ഇന്ത്യൻ സ്വരാജ് ഭൂരിപക്ഷ സമുദായത്തിന്റെ, അതായത് ഹിന്ദുക്കളുടെ, ഭരണമായിരിക്കുമെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിലും വലിയൊരു തെററ് വേറെയില്ല. അങ്ങനെയൊന്നുണ്ടാവുകയാണെങ്കിൽ ഞാനതിനെ സ്വരാജ് എന്നു വിളിക്കുകയില്ല. എന്നുമാത്രമല്ല, സർവ്വശക്തിയുമുപയോഗിച്ച് അതിനെ



എതിർക്കുകയും ചെയ്യും. കാരണം എന്നെ സംബന്ധിച്ചിടത്തോളം സ്വരാജ് എല്ലാജനങ്ങളുടേയും ഭരണമാണ്; നീതിയുടെ ഭരണമാണ്" മതനിരപേക്ഷതയെക്കുറിച്ചും ഗാന്ധിക്ക് വ്യക്തമായ നിലപാടുണ്ടായിരുന്നു. "രാഷ്ട്രം നിസ്സംശയമായും മതേതരമായിരിക്കണം. രാജ്യത്തെ പൊതുനിയമങ്ങൾ അനുസരിക്കുന്നിടത്തോളം കാലം ഏതൊരു പൗരനും യാതൊരു തടസ്സവും കൂടാതെ തന്റെ മതവിശ്വാസം ഉയർത്തിപ്പിടിക്കാനുള്ള അവകാശം ഉണ്ടായിരിക്കും"

## വികേന്ദ്രീകരണത്തിന്റെ വക്താവ്

അധികാരത്തിന്റേയും സമ്പത്തിന്റേയും കേന്ദ്രീകരണമാണ് സർവവിധ അനീതികളുടെയും ഉറവിടമെന്ന് ഗാന്ധി നിരന്തരം വാദിച്ചു. സ്റേററിന്റെ (ഭരണകൂടത്തിന്റെ) അപ്രമാദിത്വത്തെ അദ്ദേഹം ചോദ്യം ചെയ്തു. അരാജകവാദികളുടെയും (അനാർക്കിസ്ററ്സ്) രാഷ്ട്രമീമാംസകരുടെയും കൂട്ടത്തിൽ ചിലർ ഗാന്ധിയെ ഉൾപ്പെടുത്തിയത് അതുകൊണ്ടാണ്. രാഷ്ട്രത്തെ ചോദ്യം ചെയ്യാനും എതിർക്കാനുമുള്ള വ്യക്തിയുടെ അവകാശമാണ് ജനാധിപത്യത്തിന്റെ ശക്തിസ്രോതസ്സെന്ന് അദ്ദേഹം വിശ്വസിച്ചു. അരിസ്റേറാട്ടിൽ, പ്ലേറേറാ, റൂസ്സോ, മാക്കിയവെല്ലി, കാറൽ മാർക്സ് തുടങ്ങിയ തത്വചിന്തകരുടെ നിരയിലുൾപ്പെടുന്ന രാഷ്ട്രമീമാംസകനായിരുന്നില്ല ഗാന്ധി. എന്നാൽ വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നവീനാശയങ്ങൾ ആവിഷ്കരിച്ച പ്രായോഗിക രാജ്യതന്ത്രജ്ഞനായിരുന്നു അദ്ദേഹം.

വ്യക്തി, രാഷ്ട്രത്തിന്റെ അടിമയാണെന്ന സിദ്ധാന്തത്തെ വാഴ്ത്തുന്ന മാക്കിയവെല്ലി, റൂസ്സോ, ഹെഗൽ, ഹോബ്സ് തുടങ്ങിയ രാഷ്ട്രീയമീമാംസകരുടെ നിലപാടുകളോട് ഗാന്ധി യോജിച്ചില്ല. ന്യൂനപക്ഷത്തെ അടിച്ചമർത്താൻ ഈ സിദ്ധാന്തം ഭൂരിപക്ഷത്തിന് അവസരമൊരുക്കുമെന്ന് അദ്ദേഹം വിലയിരുത്തി. ലാസ്കി തുടങ്ങിയ പാശ്ചാത്യ പ്ലൂറലിസ്ററ് ചിന്തകരുടെ നിഗമനങ്ങളോട് ഏറെക്കുറെ ചേർന്നു നില്ക്കുന്നതാണ് ഇക്കാര്യത്തിൽ ഗാന്ധിയുടെ കാഴ്ചപ്പാട്. അതേസമയം ടോൾസ്റേറായിയുടെ ഭരണകൂടമില്ലാത്ത അവസ്ഥയെ അദ്ദേഹം തീർത്തും അനുകൂലിച്ചതുമില്ല.

## പ്രബുദ്ധമായ അരാജകത്വം

'ഏററവും കുറച്ചു ഭരിക്കുന്ന ഒരു ഭരണകൂടം' എന്ന തോറോയുടെ ചിന്താഗതി ഗാന്ധിയെ ഏറെ സ്വാധീനിച്ചു. അദ്ദേഹം പല കുറിപ്പുകളിലും ഇത് ഉദ്ധരിച്ചിട്ടുണ്ട്. 'പ്രബുദ്ധമായ അരാജകത്വം' എന്നാണ് തന്റെ സമീപനത്തെ ഗാന്ധി സ്വയം വിശേഷിപ്പിച്ചത് (യങ് ഇന്ത്യ 1931 ജൂലൈ 2). ഒരുപക്ഷേ ഒരിക്കലും പൂർത്തീകരിക്കാനാവാത്ത ആദർശം എന്നുകൂടി അദ്ദേഹം അതിനെ വിശേഷിപ്പിച്ചു.

എന്നാൽ പ്രായോഗികമല്ലെന്ന കാരണത്താൽ അങ്ങനെയൊരു ആദർശ രാഷ്ട്രത്തെക്കുറിച്ചുള്ള സങ്കല്പം ഉപേക്ഷിക്കാൻ ഗാന്ധി തയ്യാറായില്ല.

"യൂക്ലിഡിന്റെ രേഖവരയ്ക്കാൻ ആർക്കും ഇതേവരെ കഴിഞ്ഞിട്ടില്ല. ഇനി കഴിയുമെന്നും തോന്നുന്നില്ല. എങ്കിലും ആ രേഖ മനസ്സിൽ സങ്കല്പിച്ചാൽ മാത്രമേ ക്ഷേത്രഗണിതത്തിൽ മുന്നോട്ടുപോകാനാകൂ. എല്ലാ ആദർശങ്ങളെ സംബന്ധിച്ചും ഇത് പരമാർത്ഥമാണ്."

അദ്ദേഹം കൂട്ടിച്ചേർത്തു: "ലോകത്തൊരിടത്തും ഗവൺമെന്റ് ഇല്ലാത്ത രാഷ്ട്രമില്ല എന്നോർക്കണം. അത് എവിടെയെങ്കിലും ഉണ്ടാകുന്ന പക്ഷം അത് ഇന്ത്യയിലായിരിക്കും. അതിനുള്ള ശ്രമങ്ങളെങ്കിലും നടന്നിട്ടുള്ളത് നമ്മുടെ രാജ്യത്താണ്. ആ ധൈര്യം വേണ്ടുവോളം നാം പ്രദർശിപ്പിച്ചിട്ടില്ല. അതു നേടാൻ ഒരു മാർഗം മാത്രമേയുള്ളു. ആ മാർഗത്തിൽ വിശ്വാസമുള്ളവർ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കുക" (ഹരിജൻ 1946 സെപ്തംബർ 15).

## ഹിംസയുടെ സംഘടിത രൂപം

ഭരണകൂടത്തിന്റെ അപ്രമാദിത്വത്തെ ഹിംസയുടെ സംഘടിതരൂപമായി ഗാന്ധി കണ്ടിരുന്നു. ഹിംസയെ കുറച്ചു കൊണ്ടുവരാൻ അദ്ദേഹം അവതരിപ്പിച്ച മാർഗം

വികേന്ദ്രീകരണമാണ്. സാമൂഹികപുരോഗതിയുടെ അടിസ്ഥാനമായ മനുഷ്യന്റെ വ്യക്തിത്വത്തെ നശിപ്പിക്കുന്നതാവരുത് ഭരണകൂടത്തിന്റെ അധികാരപ്രമത്തതയെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

ഓരോ ഗ്രാമവും പരമാധികാരമുള്ള ഒരു റിപ്പബ്ളിക് ആയിത്തീരണമെന്ന് ഗാന്ധി ആഗ്രഹിച്ചു. ഒരു അഗ്രത്തിൽ കേന്ദ്രീകരിക്കുന്ന പിരമിഡിന്റെ രൂപമല്ല സാമൂഹിക ജീവിതം. അതൊരു സാമുദ്രികവലയംമാതിരിയാണ്. ആ വൃത്തത്തിന്റെ കേന്ദ്രബിന്ദു വ്യക്തിയാണ്. അതിൽ ഭരണകൂടത്തിന് പരിമിതമായ അധികാരങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ. അധികാരകേന്ദ്രീകരണത്തിനിടയാക്കുന്ന യന്ത്രങ്ങൾക്ക് അതിൽ സ്ഥാനമുണ്ടായിരിക്കില്ല. മറിച്ച് വ്യക്തിത്വത്തെ സഹായിക്കുന്ന യന്ത്രങ്ങളെ സ്വാഗതം ചെയ്യുമെന്ന് അദ്ദേഹം വിശദീകരിച്ചു.

## ഭൂരിപക്ഷഭരണമല്ല ജനാധിപത്യം

പാശ്ചാത്യനാടുകളിലെ ജനാധിപത്യം "ഫാസിസത്തിന്റെ ഒരു വകഭേദ"മായിക്കണ്ട ഗാന്ധി ഭൂരിപക്ഷഭരണമല്ല ജനാധിപത്യം എന്ന് ഓർമിപ്പിച്ചു. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ വിലമതിക്കുന്നതാവണം അത്. ഹിംസയും ചൂഷണവും ഇല്ലാത്ത ജനാധിപത്യം മാത്രമേ യഥാർത്ഥ ജനാധിപത്യമാവൂ.

ഭരണകൂടത്തിന്റെ ശക്തിവർധിക്കുന്നതിനെ അദ്ദേഹം ഭയാശങ്കകളോടെയാണ് വീക്ഷിച്ചത്. "കേന്ദ്രീകൃത ഭരണസംവിധാനം എല്ലാ പുരോഗതിയുടേയും അടിസ്ഥാനമായ വ്യക്തിത്വത്തിന്മേലുള്ള സംഘടിതമായ ആക്രമണത്തെ പ്രതിനിധാനം ചെയ്യുന്നു. വ്യക്തിക്കൊരു ആത്മാവുണ്ട്. എന്നാൽ ആ ആത്മാവെന്തെന്നറിയാത്ത, വെറും യാന്ത്രികമായ ഭരണകൂടം അക്രമത്തിലധിഷ്ഠിതമായതിനാൽ അതിനെ അക്രമത്തിൽ നിന്ന് അകററുക സാധ്യമല്ല".

## സ്വരാജിന്റെ മൂന്നുപാധികൾ

അധികാരപ്രാപ്തികൊണ്ടുമാത്രം ഇന്ത്യയ്ക്ക് യഥാർത്ഥ സ്വരാജ്യം കൈവരികയില്ലെന്ന് ഗാന്ധി നേതാക്കളെയും അനുയായികളേയും നിരന്തരം ഓർമ്മിപ്പിച്ചു. "അധികാരം ദുരുപയോഗപ്പെടുത്തുമ്പോൾ ചെറുത്തുനില്ക്കാനുള്ള ത്രാണി എല്ലാവർക്കും ഉണ്ടാകുമ്പോഴേ സ്വരാജ് യാഥാർഥ്യമാവുകയുള്ളൂ. മറെറാരു വിധത്തിൽ പറഞ്ഞാൽ, അധികാരം വ്യവസ്ഥപ്പെടുത്താനും നിയന്ത്രിക്കാനുമുള്ള കഴിവിനെപ്പററി ബോധമുണ്ടാക്കാനുള്ള ശിക്ഷണം ജനങ്ങൾക്ക് നല്കിയിട്ടു വേണം സ്വരാജ് സമ്പാദിക്കേണ്ടത്."

സ്വാതന്ത്ര്യലബ്ധികൊണ്ട് എല്ലാമായില്ല എന്ന് ഭരണാധികാരികളെ ഗാന്ധി ആവർത്തിച്ചോർമ്മിപ്പിച്ചു. വെടിയേററു മരിക്കുന്നതിന് ഏതാനും നാൾ മുമ്പ് അദ്ദേഹം എഴുതി: "കേന്ദ്രത്തിലിരിക്കുന്ന പത്തിരുപതുപേർക്ക് യഥാർഥ ജനാധിപത്യം പ്രവർത്തിപ്പിക്കാൻ കഴിയില്ല. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങൾ അടിത്തട്ടിൽ നിന്ന് മുകളിലേക്ക് പ്രവർത്തിപ്പിക്കേണ്ടതാണ്" (ഹരിജൻ 1948 ജനുവരി 18). എന്നാൽ എന്തുകൊണ്ടോ മഹാത്മാഗാന്ധിയുടെ വാക്കുകൾ വേണ്ടത്ര ശ്രദ്ധിക്കാതെ പോയി. വികസനാസൂത്രണവും നിർവ്വഹണവും ആരംഭിക്കേണ്ടത് ഗ്രാമതലത്തിലാവണമെന്ന ആശയം ഏറെ ചർച്ച ചെയ്യപ്പെട്ടുവെങ്കിലും പ്രായോഗിക കാരണങ്ങളാൽ അവ തുടക്കത്തിൽ അവഗണിക്കപ്പെട്ടു. അതിന് രാജ്യം കനത്ത വില നൽകേണ്ടിയും വന്നു.

## പാളിപ്പോയ പരിശ്രമങ്ങൾ

പഞ്ചവൽസര പദ്ധതികളിൽ ജനപങ്കാളിത്തം സാധ്യമാക്കുന്നതിന് ഗ്രാമതലത്തിൽ പല പദ്ധതികൾ കൊണ്ടുവന്നുവെങ്കിലും അവയൊക്കെ ഉദ്യോഗസ്ഥവൃന്ദത്തിന്റെ കൈപ്പിടിയിലൊതുങ്ങിനിന്നു. പ്രശ്നം പഠിക്കാൻ പല കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു.

1957 ൽ ബൽവന്ത് റായ്മേത്ത കമ്മിററി, 1963ൽ സന്താനം കമ്മിററി, 1978 ൽ അശോക്മേത്താ കമ്മിററി, 1985 ൽ ജി.വി.കെ.റാവു കമ്മിററി, 1986 ൽ എൽ.എം. സിങ്വി കമ്മിററി എന്നിവയുടെയെല്ലാം റിപ്പോർട്ടുകളിൽ ആശാവഹമായ ഒട്ടേറെ ആശയങ്ങളും നിർദേശങ്ങളും ഉയർന്നുവന്നു. അവയിൽ ചിലത് പ്രാവർത്തികമാക്കാൻ പരിശ്രമങ്ങളുണ്ടായി. എന്നാൽ അപ്പോഴും ഗ്രാമസ്വരാജും പഞ്ചായത്തീരാജും തമ്മിലുള്ള വിടവ് വർധിച്ചുകൊണ്ടേയിരുന്നു.

## ചരിത്രസംഭവം

1959 ഒക്ടോബർ 2ന് രാജസ്ഥാനിൽ പഞ്ചായത്തീരാജ് സംവിധാനം ഉദ്ഘാടനം ചെയ്യവേ പണ്ഡിററ് ജവഹർലാൽ നെഹ്റു, "വിപ്ലവാത്മകമായ ചരിത്ര സംഭവമായി" അതിനെ വിശേഷിപ്പിച്ചു. മൂന്നു പതിററാണ്ടിനുശേഷം 1990 ജൂൺ 11ന് സംസ്ഥാന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തെ സംബോധന ചെയ്യവെ, അന്നത്തെ പ്രധാനമന്ത്രി വി.പി.സിങ് കൂട്ടിച്ചേർത്തു. "സ്വാതന്ത്ര്യം ആരംഭിക്കേണ്ടത് അടിത്തട്ടിൽ നിന്നാണ്. ഓരോ പഞ്ചായത്തും സമ്പൂർണ അധികാരമുള്ള റിപ്പബ്ളിക് ആവണം. അപ്പോൾ മാത്രമേ ഗ്രാമസ്വരാജ് യാഥാർഥ്യമാകൂ. രാഷ്ട്രീയഇച്ഛാശക്തിയുടെ അഭാവവും അധികാരം പങ്കുവയ്ക്കുന്നതിനുള്ള വൈമുഖ്യവുമായിരുന്നു എക്കാലവും തടസ്സമായി നിന്നത്."

## ഇച്ഛാശക്തിയുടെ ഫലം

പഞ്ചായത്തുകൾക്ക് ഭരണഘടനാപദവി നല്കുന്നതിലൂടെ മാത്രമേ അധികാരവികേന്ദ്രീകരണം സാധ്യമാകൂ എന്ന് തിരിച്ചറിഞ്ഞ രാഷ്ട്രീയനേതൃത്വം 1992 ൽ അതിന് മുൻകൈയെടുത്തു. 73,74 ഭരണഘടനാ ഭേദഗതിയിലൂടെ അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യവാക്യവുമായി പുതിയ പഞ്ചായത്തീരാജ് സംവിധാനം രാജ്യമെങ്ങും നിലവിൽ വന്നു. ത്രിതല പഞ്ചായത്ത് സംവിധാനം, വ്യക്തമായി നിർവചിക്കപ്പെട്ട സംവരണ വ്യവസ്ഥകൾ, അടിത്തട്ടിലെ ആസൂത്രണത്തിന് ഗ്രാമസഭ, പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അധികാരവും വിഭവങ്ങളും, നഗരഭരണത്തിന് നഗരപാലികാ നിയമം തുടങ്ങിയവ ഇച്ഛാശക്തിയുള്ള സംസ്ഥാനങ്ങൾക്ക് അവരുടെ അവസരം ഫലപ്രദമായി ഉപയോഗിക്കാനുതകുന്നതായിരുന്നു ഭരണഘടനാ ഭേദഗതിയിലൂടെ നടന്ന പുതിയ നിയമനിർമ്മാണം. തികഞ്ഞ ഇച്ഛാശക്തിയോടെ കേരളം ആ നിയമത്തെ ഉൾക്കൊണ്ടു. ജനകീയാസൂത്രണം ജനപങ്കാളിത്തത്തിന് വഴിയൊരുക്കി. അധികാരവും വിഭവങ്ങളും കൈമാറുന്നതിൽ ഉദാരസമീപനം സ്വീകരിച്ചു. അനുകരണീയമായ പദ്ധതികൾ പലതും രൂപം കൊണ്ടു. നമ്മുടെ സംസ്ഥാനം പലർക്കും മാതൃകയായി●

*ലേഖകന്റെ ഫോൺ നം.9895603170*



**ഓരോ ഗ്രാമവും പരമാധികാരമുള്ള ഒരു റിപ്പബ്ളിക് ആയിത്തീരണമെന്ന് ഗാന്ധി ആഗ്രഹിച്ചു.**

കവർസ്റ്റോറി

ആര്യനാട് സത്യൻ



# ഗ്രാമവികസനം ഗാന്ധിയൻ പാതയിലൂടെ

**മഹാത്മാഗാന്ധിയുടെ ഗ്രാമവികസന പദ്ധതികൾ കാലത്തെ അതിജീവിച്ച് മുന്നോട്ട് പോകുന്നു. കാരണം, അവയ്ക്ക് പകരം വയ്ക്കാൻ പറ്റിയ വികസനോപാധികൾ ഇനിയും നാം കണ്ടെത്തേണ്ടിയിരിക്കുന്നു.**

എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് സധൈര്യം പ്രഖ്യാപിക്കുകയും അതിനനുസരിച്ച് ജീവിക്കുകയും ചെയ്ത അത്യപൂർവ്വ പ്രതിഭയാണ് മഹാത്മാഗാന്ധി. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ക്രാന്തദർശിയായ അദ്ദേഹത്തിന്റെ ദൃഷ്ടി ചെന്നെത്തിയിരുന്നു. ന്യൂനതകൾ അനുഭവിച്ചറിയുകയും പരീക്ഷണങ്ങളിലൂടെ പരിഹാരോപാധികൾ കണ്ടെത്തി പ്രാവർത്തികമാക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ രീതി.

ഗ്രാമത്തുടിപ്പുകളിൽ ഇന്ത്യയുടെ ആത്മാവും ക്ഷേമവും ഭാവിയും ദർശിച്ച ഗാന്ധിജിക്ക് ഗ്രാമവികസനം ഏതു വിധമാകണമെന്നതിൽ വ്യക്തമായ ധാരണ ഉണ്ടായിരുന്നു. തന്റെ ജീവിതകാലത്തു തന്നെ അത് നടപ്പിലാക്കി ഫലപ്രാപ്തിയിലെത്തിക്കാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചു. ഗ്രാമഗ്രാമാന്തരം അതിനുള്ള തീവ്രയജ്ഞങ്ങൾക്ക് പ്രചോദനമായ നേതൃത്വം കൊടുത്തു അദ്ദേഹം. ദരിദ്രരും നിരക്ഷരരുമില്ലാത്തൊരു രാഷ്ട്രമായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. 1938 ജൂലൈ 30ന് ഹരിജൻ പത്രത്തിൽ ഗാന്ധിജി ഇങ്ങനെ എഴുതി; "I have not pictures a poverty  stricken India containing ignorant millions. I have pictured to myself an India continually progressing along the lines best suited to her genius; I do not however, picture it as a third class or first class copy of the dying civilization of the west." 78 വർഷങ്ങൾക്കപ്പുറം

ഗാന്ധിജി കണ്ട ആ വലിയ സ്വപ്നം ഇനിയും ലക്ഷ്യത്തിലെത്തിയിട്ടില്ലെന്ന സത്യം നാം വിലയിരുത്തേണ്ടതാണ്.

പാശ്ചാത്യരെ അന്ധമായി അനുകരിക്കാതെ ഭാരതീയ സംസ്കാരത്തിലും സാഹചര്യങ്ങളിലും അടിയുറച്ച സ്വയം പര്യാപ്ത ഗ്രാമങ്ങൾക്കുവേണ്ടിയുള്ള നിരവധി പദ്ധതികൾ അദ്ദേഹം രൂപപ്പെടുത്തി. അക്കൂട്ടത്തിൽ ഇനിയും ചർച്ചചെയ്യേണ്ട ഒന്നാണ് അദ്ദേഹത്തിന്റെ അർത്ഥശാസ്ത്രം. മനുഷ്യരാശിയുടെ സാമ്പത്തിക വ്യാപാരങ്ങളും വാസനകളും സൂക്ഷ്മമായി നിരീക്ഷിക്കുക, തൽ സംബന്ധമായി പരമ്പരാഗത വിജ്ഞാന സമ്പത്ത് സ്വായത്തമാക്കുക, വിവിധ ജനവിഭാഗങ്ങളുമായി സമ്പർക്കം പുലർത്തുക, നൂതനമായ പരീക്ഷണഗവേഷണങ്ങൾ സ്വന്തമായി നടത്തുക, ഇതര ചിന്തകന്മാരുമായി നിർദാക്ഷിണ്യം വാദപ്രതിവാദം ചെയ്യുക തുടങ്ങിയ വഴികളിലൂടെ ഗ്രാമവികസനം ലക്ഷ്യമിട്ട് തയാറാക്കിയ പ്രായോഗിക സമ്പദ്‌വ്യവസ്ഥയാണ് ഗാന്ധിജിയുടെ അർത്ഥശാസ്ത്രം.

## ഗാന്ധിയൻ അർത്ഥശാസ്ത്രത്തിന്റെ മൗലികത

ഗാന്ധിജി വിഭാവനം ചെയ്ത വ്യവസ്ഥിതിയുടെ അടിസ്ഥാനം സത്യവും അഹിംസയുമായിരുന്നു. അഹിംസാത്മകമായൊരു വീക്ഷണഗതി മനുഷ്യമനസ്സിൽ നിലനിർത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിന് ചില തടസ്സങ്ങളുണ്ട്. തൊഴിൽശാലാ സംസ്കാരത്തിനുമേൽ അഹിംസ കെട്ടിപ്പടുക്കുക സാധ്യമല്ല. എന്നാൽ സ്വയം പര്യാപ്തതയുള്ള ഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ അതു സാധിക്കും. ഞാൻ വിഭാവനം ചെയ്തതരത്തിലുള്ള ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ചൂഷണത്തിനു സ്ഥാനമില്ല. ചൂഷണം ഹിംസയുടെ കാതലാണ്. അതുകൊണ്ട് അഹിംസാനിരതരാവാൻ കഴിയണമെങ്കിൽ നിങ്ങൾക്ക് ആദ്യമേ ഒരു ഗ്രാമീണ മനോഭാവമുണ്ടാകണം. ഗ്രാമീണമനോഭാവം കൈവരാൻ ചർക്കയിൽ വിശ്വസിക്കുകയും വേണം.

ഗ്രാമവികസനം സമ്പദ് വ്യവസ്ഥയുടെ സ്വഭാവം മുൻനിർത്തി നേടേണ്ട ഒന്നാണ്. സമ്പദ് വ്യവസ്ഥയ്ക്കും ധർമ്മ സംഹിതയ്ക്കും തമ്മിൽ ഒരു വ്യക്തമായ അതിർത്തിരേഖയോ വ്യത്യസ്തതയോ ഗാന്ധിജി കല്പിച്ചിരുന്നില്ല. വ്യക്തിയുടെയോ സമൂഹത്തിന്റെയോ ധാർമ്മിക ക്ഷേമത്തെ വ്രണപ്പെടുത്തുന്ന സമ്പദ് വ്യവസ്ഥ നീതിവിരുദ്ധമാണെന്ന് അദ്ദേഹം സൂചിപ്പിച്ചു.

സാമ്പത്തിക ജീവിതത്തിന്റെ മുദ്രാവാക്യമായി ഗാന്ധിജി ഉയർത്തിക്കാട്ടിയത് സർവ്വരുടേയും നന്മയും സാമൂഹ്യ സേവനങ്ങളുമാണ്. സർവ്വോദയ പ്രസ്ഥാനത്തിന്റെ കാതലായ വ്യക്തിക്ഷേമം സാമൂഹിക ക്ഷേമത്തിൽ അടങ്ങിയിരിക്കുന്നു. ഗ്രാമവികസനത്തിന് നിർവ്യാജമായ സേവനം അത്യന്താപേക്ഷിതമാണ്. സ്നേഹത്തിൽ അഥവാ അഹിംസയിൽ വേരുറച്ചതല്ലെങ്കിൽ നിർവ്യാജസേവനം അസാധ്യമാണ്. എല്ലാവർക്കും സേവനം ചെയ്യാനുള്ള ബാധ്യത ബോധ്യപ്പെട്ടാൽ സാമ്പത്തിക അസമത്വം, ക്ഷാമം, പട്ടിണി എന്നിവ ഇല്ലാത്തൊരു ഗ്രാമീണ സമൂഹം സൃഷ്ടിക്കാൻ സാധിക്കും.



## ആദ്യകാലഗ്രാമവികസന പദ്ധതികൾ

ഗ്രാമങ്ങൾക്കും സമൂഹത്തിനു പൂർണ്ണമായും വികസനം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നിരവധി സാരംഭങ്ങൾ ഇന്ത്യയിൽ പരീക്ഷിച്ചിട്ടുണ്ട്. അവയെല്ലാം തന്നെ ഗാന്ധിജിയെ സ്വാധീനിച്ചതോ ഗാന്ധിജി സ്വാധീനിച്ചതോ ആയിരുന്നു. അക്കൂട്ടത്തിൽ ആദ്യത്തേതെന്നു പറയാവുന്നത് 1914 -ൽ രവീന്ദ്രനാഥ ടാഗോർ ബംഗാളിൽ സ്ഥാപിച്ച ശ്രീനികേതൻ പദ്ധതിയായിരുന്നു. വിവിധ പ്രതിസന്ധികളിൽ നിന്ന് ബംഗാളിലെ ഗ്രാമീണരെ മോചിപ്പിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഇതിനെ മുന്നോട്ട് നയിച്ചത് സി.എഫ്. ആൻഡ്രൂസ്, എൽഹേസ്റ്റ് എന്നീ രണ്ടു വിദേശികളായിരുന്നുവെന്നതാണ് സവിശേഷത.

എഫ്.എൽ. ബ്രെയിൻ 1920-ൽ ആസൂത്രണം ചെയ്തതാണ് ഗർഗാവോൺ വികസന കേന്ദ്രം. അല്പവൃഷ്ടിയും അനാരോഗ്യവും കൊണ്ട് പൊറുതിമുട്ടിയ ഗ്രാമീണരുടെ പുനരുദ്ധാരണമായിരുന്നു ലക്ഷ്യം. രൂക്ഷമായ

ജലക്ഷാമവും 300% വരെയുള്ള പലിശഭാരവും കൊണ്ട് നരകയാതന അനുഭവിച്ചുകൊണ്ടിരുന്ന ഗ്രാമീണർക്കാശ്വാസമായി 1921-ൽ മാർത്താണ്ഡം പ്രൊജക്റ്റ് രൂപീകരിച്ചു. കെ.ടി. പോൾ, സ്പെൻസർഹാച്ച് ദമ്പതികൾ എന്നിവരായിരുന്നു ഇതിന്റെ സ്ഥാപകർ.

ഗ്രാമവികസന ചരിത്രത്തിൽ സമാനതകളില്ലാത്ത ആശയമാണ് ഗാന്ധിജിയുടെ ഗ്രാമസ്വരാജ്. എക്കാലവും ഇന്ത്യൻ സാഹചര്യത്തിൽ പ്രസക്തമായി നില്ക്കുന്ന ഈ ആശയത്തിന്റെ പ്രായോഗികതപരീക്ഷിച്ചറി



യുന്നതിന് 1946 ൽ ആരംഭിച്ചതാണ് മദ്രാസിലെ ഫർക്കവികസനപദ്ധതി. സർക്കാർ സഹായത്തോടെ 34 ഫർക്കകളിൽ തുടങ്ങിയ പദ്ധതി വിജയകരമാണെന്ന വിലയിരുത്തലിനെ തുടർന്ന് 1950 ൽ കൂടുതൽ ഫർക്കകളിലേക്ക് വ്യാപിപ്പിച്ചു. 1947 ൽ രണ്ടു പരീക്ഷണങ്ങളായിരുന്നു ഈ രംഗത്ത് നടത്തിയത്. ഇട്ടാവാ പൈലറ്റ് പദ്ധതിയും നീലോഖേരി പരീക്ഷണവും. ഉത്തർപ്രദേശ് സംസ്ഥാനസർക്കാരിന്റെ മേൽനോട്ടത്തിൽ 64 ഗ്രാമങ്ങളെ ഒരു യൂണിറ്റാക്കി വികസന പരിപാടികൾ ആസൂത്രണം ചെയ്ത് ഇട്ടാവാ പൈലറ്റ് പദ്ധതിക്ക് രൂപം കൊടുത്തത് യുദ്ധകാലത്ത് പട്ടാള എഞ്ചിനിയറായിരുന്ന ആൽബർട്ട് മെകൾ ആയിരുന്നു. യു.എസ്.എ യിലെ ടെന്നസി താഴ്വര പദ്ധതിയാണ് ഈ പ്രൊജക്റ്റിന് പ്രചോദനമായത്. 1948 ലെ ഇന്ത്യാ വിഭജനം നിരവധി പ്രശ്നങ്ങൾക്ക് കാരണമായി. അവയിലൊന്നായിരുന്നു അഭയാർത്ഥികളുടെ പുനരധിവാസം. ദുരിതമനുഭവിക്കുന്ന അഭയാർത്ഥികൾക്കുവേണ്ടി ഡൽഹിയിൽ നിന്ന് 128 കി.മീ അകലെയുള്ള നീലോഖേരി എന്ന പ്രദേശത്ത് 550 ഏക്കർ തരിശുപ്രദേശം സർക്കാർ സഹായത്തോടെ ഏറ്റെടുത്ത് പ്രവർത്തനമാരംഭിച്ചു. നൂൽനൂൽപ്പ്, തയ്യൽ, സോപ്പുനിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഗ്രാമീണരെ സംഘടിപ്പിച്ച് തൊഴിലവസരം വർദ്ധിപ്പിച്ച് ജീവിതനിലവാരം ഉയർത്തിയ നീലോഖരി പദ്ധതിയുടെ ഉപജ്ഞാതാവ് എസ്. കെ.ഡേ ആയിരുന്നു.

**എന്റെ സ്വപ്നത്തിലുള്ള സ്വരാജ് പാവപ്പെട്ടവന്റെ സ്വരാജത്രെ. ജീവിതാവശ്യങ്ങൾ രാജാക്കൻമാർക്കും ധനികർക്കുമൊപ്പം നിങ്ങൾക്കും അനുഭവിക്കാൻ കഴിയണം.**

## ഗ്രാമസ്വരാജ് എന്ന ആശയം

ഇന്നും പ്രയോഗത്തിലിരിക്കുന്ന മഹത്തായ ഗാന്ധിയൻ ആശയമാണ് ഗ്രാമസ്വരാജ് ( village swaraj ). അതു സംബന്ധിച്ച് 1942 ജൂലൈ 26-ാം തീയതിയിലെ ഹരിജനിൽ ഗാന്ധിജി ഇങ്ങനെ എഴുതി; "My idea of village Swaraj is that it is a complete republic, independent of its neighbours for its own vital wants and get interdependent for many others in which dependance is a necessity. Thus every villages first- concern will be to grow its own food crops and cotton for its cloth..." പരസ്പരാശ്രയം അനിവാര്യഘട്ടങ്ങളിൽ നിലനിർത്തിക്കൊണ്ടു തന്നെ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി ഓരോ ഗ്രാമവും മാറുക എന്ന നൂതന ആശയം. ഓരോ ഗ്രാമത്തിനും ആവശ്യമായ ആഹാര വസ്ത്രാദികൾ അവിടെത്തന്നെ ഉത്പാദിപ്പിക്കുക, എല്ലാവർക്കും വിനോദസാഹചര്യം ഉണ്ടാക്കുക, തിയേറ്റർ, സ്കൂൾ, പൊതുഹാൾ, ജലവിതരണ സമ്പ്രദായം എന്നിവ സ്ഥാപിക്കുക തുടങ്ങി മനുഷ്യർക്കുപയുക്തമായവ സ്ഥാപിക്കുമ്പോൾ കന്നുകാലികൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുവാനും സൗകര്യമുണ്ടാവണം. അയിത്തോച്ചാടനത്തിനു പ്രത്യേക പരിഗണന നൽകുക, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുക, കഴിയുന്നതും പ്രവർത്തനങ്ങളെല്ലാം സഹകരണാടിസ്ഥാനത്തിൽ നടത്തുക തുടങ്ങിയവക്ക് ഗ്രാമസ്വരാജ് പ്രാധാന്യം നൽകുന്നു.

ജനങ്ങൾ തെരഞ്ഞെടുക്കുന്ന അഞ്ചു പേരടങ്ങുന്ന പഞ്ചായത്തിനാണ് ഭരണചുമതല. ഒരു വർഷകാലാവധി മാത്രമുള്ള പഞ്ചായത്തിൽ ലെജിസ്ലേച്ചർ, ജുഡീഷ്യറി, എക്സിക്യൂട്ടീവ് അധികാരങ്ങൾ നിക്ഷിപ്തമായിരിക്കും. അക്രമരഹിത മാർഗ്ഗത്തിലൂടെ സത്യാഗ്രഹവും നിസഹകരണവും അനുഭവിക്കാം. വ്യക്തി സ്വാതന്ത്ര്യത്തോടുകൂടിയ സമ്പൂർണ്ണ ജനാധിപത്യ സമ്പ്രദായം ഗ്രാമസ്വരാജിന്റെ കാതലായിരിക്കും.

സമ്പൂർണ്ണ ശുചിത്വ സ്വഭാവത്തോടെയായിരിക്കണം ഗ്രാമങ്ങൾ വിഭാവനം ചെയ്യേണ്ടത്. പ്രാദേശിക വിഭവങ്ങൾ കൊണ്ട് പണിയുന്ന വീടുകൾക്ക് ആവശ്യാനുസരണം വായുവും വെളിച്ചവും കടക്കാനുള്ള സൗകര്യമാവശ്യമാണ്. വീടുകളോടനുബന്ധിച്ച് എല്ലാവരും പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും പാഴായിപ്പോകുന്ന ജൈവവസ്തുക്കളെ വളമായി ഉപയോഗിക്കുകയും ചെയ്യണം. വ്യക്തി ശുചിത്വത്തിനുള്ള പ്രാധാന്യം തന്നെ ഗൃഹശുചിത്വത്തിനും പരിസര ശുചിത്വത്തിനും കൊടുക്കണം. തെരുവുകളും വഴികളും പൊടിവിമുക്തവും സുരക്ഷിതവുമായിരിക്കണം.

വയോജന വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി ഗ്രാമീണരെ വിദ്യാസമ്പന്നരാക്കാൻ പരമാവധി ശ്രമിക്കണം. എങ്കിൽ മാത്രമേ സ്ത്രീ സുരക്ഷ ഉറപ്പാക്കാനാവൂ. സ്ത്രീക്കും പുരുഷനും ഒരേ നിയമം നടപ്പിലാക്കുകയും ആൺകുഞ്ഞുങ്ങളെയെന്ന പോലെ പെൺകുഞ്ഞുങ്ങളേയും സ്വീകരിക്കുകയും തുല്യപരിഗണന നൽകുകയും വേണം.

എന്റെ സ്വപ്നത്തിലുള്ള സ്വരാജ് പാവപ്പെട്ടവന്റെ സ്വരാജത്രെ. ജീവിതാവശ്യങ്ങൾ രാജാക്കൻമാർക്കും ധനികർക്കുമൊപ്പം നിങ്ങൾക്കും അനുഭവിക്കാൻ കഴിയണം. ഈ പരാമർശം കൊണ്ട് എല്ലാവരും കൊട്ടാരം കെട്ടിയോ ധനികരെപ്പോലെ ആഡംബരമായി ജീവിക്കണമെന്നല്ല പകരം അവൻ അനുഭവിക്കുന്ന സാധാരണ സുഖസൗകര്യങ്ങൾക്ക് എല്ലാവർക്കും അർഹതയുണ്ട്. ഈ വ്യവസ്ഥ ഉറപ്പുണ്ടാകും വരെ പൂർണ്ണ സ്വരാജ് സാധ്യമാവില്ല.

മഹാത്മാഗാന്ധിയുടെ ഗ്രാമവികസന പദ്ധതികൾ കാലത്തെ അതിജീവിച്ച് മുന്നോട്ട് പോകുന്നു. കാരണം, അവയ്ക്ക് പകരം വയ്ക്കാൻ പറ്റിയ വികസനോപാധികൾ ഇനിയും നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ●

*ലേഖകന്റെ ഫോൺ നം. 9745869578*

## കവർസ്റ്റോറി

ഷാജി ഇടപ്പള്ളി



> ഗ്രാമസ്വരാജിലൂടെ ഗാന്ധിജി ലക്ഷ്യം വച്ചത് മനുഷ്യമനസ്സിലുറങ്ങി കിടക്കുന്ന സ്നേഹോർജ്ജത്തെ ഉണർത്തിക്കൊണ്ട് അയൽക്കൂട്ട പ്രവർത്തനത്തിലൂടെയുള്ള നവലോകനിർമ്മിതിയാണ്.

# രാജ്യത്തിന്റെ അഭിവൃദ്ധി ഗ്രാമങ്ങളിലൂടെ

എന്റെ സ്വപ്നത്തിലെ സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ജീവിതാവശ്യങ്ങളെല്ലാം രാജകുമാരനും ധനവാനും അനുഭവിക്കുന്നതൊടൊപ്പം നിങ്ങളും അനുഭവിക്കണം. അതിലൂടെ അനുഭവിക്കുന്ന സൗഭാഗ്യത്തിന്റെ അളവ് വർദ്ധിക്കുകയും അന്തരം കുറഞ്ഞുവരികയും വേണം. ക്രമാനുഗതമായ ആ വളർച്ചയുടെ അന്ത്യം എല്ലാവർക്കും സമാനമായ സന്തുഷ്ടിയാണ്. ഗാന്ധിജി തന്റെ ഗ്രാമ സ്വരാജ് എന്ന സങ്കൽപ്പത്തിൽ ഇങ്ങിനെ കുറിച്ചിട്ടുണ്ട്.

ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമേ ഇന്ത്യയുടെ ഭൗതിക വികാസം സാധ്യമാവുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഗ്രാമങ്ങളിൽ നിന്നു തുടങ്ങി ഗ്രാമീണ ജീവിതത്തിലധിഷ്ഠിതമായ ഒരു ഭരണ സംവിധാനം തന്നെയാണ് ഉത്തമമെന്ന് ഗാന്ധിജി ഓർമ്മപ്പെടുത്തിയതിനു കാരണം സമ്പത്തും സംസ്കാരവും ജീവിതവുമെല്ലാം വളരുന്നത് ഗ്രാമങ്ങളിൽ നിന്നായതുകൊണ്ടാണ്.

ഇന്ന് സ്ഥിതിയാകെ മാറുകയാണ്. ഗ്രാമങ്ങളിൽ വ്യാവസായിക- കമ്പോള നാഗരികതയുടെ തേരുരുളുകയാണ്. നാടിന്റെ സാംസ്കാരിക തനിമകൾ കൈവിട്ട് പാശ്ചാത്യ സംസ്കാരത്തെ വാരിപ്പുണരാൻ വെമ്പൽ കൊള്ളുകയാണ്. മാറിയ ജീവിത

സാഹചര്യങ്ങളിൽ പുതിയ പുതിയ തൊഴിൽ മേഖലകൾ തേടി ലോകത്തിന്റെ നാനാ കോണുകളിലേക്ക് ഗ്രാമങ്ങളിൽ നിന്നും മനുഷ്യർ എത്തപ്പെട്ടിരിക്കുന്നു. ജീവിത ശൈലിയും സംസ്കാരവും അതിന് അനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു.

ഗ്രാമങ്ങളുടെ ജീവ ചൈതന്യവും യുവത്വവും കൈമോശം വരുന്നത് നാം തിരിച്ചറിയണം. നാടിന്റെ അഭിവൃദ്ധിക്കും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പൊതു വിഷയങ്ങളിൽ പോലും ഫലപ്രദമായി ഇടപെടുന്നതിന് നമുക്ക് കഴിയാതെ പോകുന്നു. മനുഷ്യന്റെ സാമൂഹികബോധവും ഇടപെടുന്നതിനുള്ള ഇച്ഛാശക്തിയും ദുർബലപ്പെടുന്നു. ഇത് ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമത്തിന്റെ അഭിവൃദ്ധിയും ജനതയുടെ ഉയർച്ചയും അതുവഴി രാജ്യത്തിന്റെ സമഗ്രമായ വളർച്ചയുമാണ് ഇല്ലാതാക്കുന്നത്.

ലോകരാഷ്ട്രങ്ങൾക്കിടയിൽ തലയെടുപ്പോടെ നിൽക്കാൻ കഴിയുന്ന രാജ്യങ്ങളുടെ മുൻനിരയിലേക്ക് രാഷ്ട്രം മാറുമ്പോഴും പട്ടിണിയും ദാരിദ്രവും തൊഴിലില്ലായ്മയുമെല്ലാം നമ്മുടെ കൂടപ്പിറപ്പായി തന്നെ നിൽക്കുന്നു. ദാരിദ്ര്യ നിർമ്മാർജനത്തോടൊപ്പം പുതിയ ശുചിത്വാവബോധം സൃഷ്ടിക്കാൻ ഉതകുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നല്കി ആവിഷ്കരിക്കേണ്ടുന്ന സാഹചര്യങ്ങളിലേക്ക് നാം നീങ്ങുന്നു. തുറസ്സായയിടങ്ങളിലെ മലമൂത്രവിസർജ്ജനം മൂലം ഉണ്ടാകുന്ന വിപത്തിനെ അതിജീവിക്കാൻ സംസ്ഥാന സർക്കാർ തീവ്രയജ്ഞ പരിപാടിയുമായി മുന്നോട്ട് പോകുകയാണ്. ഇതോടൊപ്പം പൊതു ഇടങ്ങളിലേക്ക് നാം വലിച്ചെറിയുന്ന ജൈവ അജൈവ മാലിന്യങ്ങൾ ഇന്ന് പട്ടണങ്ങൾ മാത്രമല്ല, ഗ്രാമങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളിയായ് പരിണമിച്ചിരിക്കുന്നു. ആധുനിക ശാസ്ത്ര നേട്ടങ്ങൾ പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ രൂപപ്പെടുത്തണം.

മനുഷ്യന്റെ ചിന്താഗതിയിലും മാറ്റങ്ങൾ അനിവാര്യമാണ്. പുതിയ കാലത്ത് അയൽവക്ക സൗഹൃദങ്ങൾ പോലും അന്യമായിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ സ്വഭാവപരമായ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും വൈകല്യങ്ങളുമെല്ലാം പലപ്പോഴും ശത്രുതാ മനോഭാവത്തോടെയുള്ള അയൽവക്ക ഏറ്റുമുട്ടലുകളിലേക്ക് വഴിമാറിക്കൊണ്ടിരിക്കുന്നു. സൗഹൃദങ്ങളിലൂടെയും അയൽക്കൂട്ട സംസ്കാരത്തിലൂടെയും നാടിന്റെ സമഗ്രമായ വികസനത്തിന് നാന്ദിയാകുന്ന കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ കഴിയണം. ഗ്രാമസ്വരാജിലൂടെ ഗാന്ധിജി ലക്ഷ്യം വച്ചത് മനുഷ്യമനസ്സിലുറഞ്ഞു കിടക്കുന്ന സ്നേഹോർജ്ജത്തെ ഉണർത്തിക്കൊണ്ട് അയൽക്കൂട്ട പ്രവർത്തനത്തിലൂടെയുള്ള നവലോകനിർമ്മിതിയാണ്.●

*ലേഖകന്റെ ഫോൺ നം. 9447222191*

കവർസ്റ്റോറി

അയ്യപ്പൻ ക്ഷേത്രപാൽ

# പ്രസക്തിയേറുന്ന ഗാന്ധിയൻ ചിന്തകൾ



കാലം കഴിയുന്തോറും ഗാന്ധിയൻ തത്വചിന്തകൾക്ക് പ്രസക്തിയേറുകയാണ്. സാമ്രാജ്യത്വ ശക്തികൾക്കെതിരെ പോരാടുമ്പോഴും ഗാന്ധിജിയ്ക്ക് പൊതു വിഷയങ്ങളിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യക്കാരെ സംഘടിപ്പിക്കുമ്പോഴും തന്റെ നിലപാടുകൾ ലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും അദ്ദേഹം തുറന്ന് പറഞ്ഞിരുന്നു.

ആധുനിക യുഗത്തിൽ ഇന്ത്യ ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ നേരിടുന്ന വിവിധ വിഷയങ്ങൾക്ക് ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വ്യക്തമായ പോംവഴികൾ നിർദ്ദേശിക്കുന്നു. അധികാര വികേന്ദ്രീകരണം, ഗ്രാമവികസനം, ഗ്രാമീണവ്യവസായം, അടിസ്ഥാന വിദ്യാഭ്യാസം, ശുചിത്വം, വയോജന വിദ്യാഭ്യാസം, കൃഷി, സാമ്പത്തിക സമത്വം തുടങ്ങിയ എല്ലാ വിഷയങ്ങളിലും അദ്ദേഹം തന്റേതായ നിലപാടുകൾ വ്യക്തമാക്കിയിരുന്നു. അത്ഭുതകരമാകുന്നത്, ഈ കാലഘട്ടത്തിലും ഈ ഗാന്ധിജിയൻ ചിന്തകൾക്ക് പ്രസക്തിയേറെയുണ്ടെന്നതാണ്.

പരിസര ശുചിത്വം വ്യക്തി ശുചിത്വം പോലെ പ്രധാനപ്പെട്ടതാണെന്നാണ് ഗാന്ധിജി നിഷ്കർഷിച്ചിരുന്നത്. റോഡുകളിലും പൊതു സ്ഥലങ്ങളിലും തുപ്പുന്നതും, മൂക്കുചീറ്റുന്നതും, കൊതുകുകൾ പരക്കുന്നതിനുള്ള സാഹചര്യമൊരുക്കുന്നതുമെല്ലാം അദ്ദേഹത്തെ അലോരസപ്പെടുത്തി. ഇത് 1919 ലാണെന്നോർക്കുക. നാം ഇന്നും മാറാതെ കൊണ്ടുനടക്കുന്ന ശുചിത്വമില്ലായ്മയുടെ ദുശ്ശീലങ്ങളെ ഒഴിവാക്കാൻ ഗാന്ധിജി അന്നേ ആവശ്യപ്പെട്ടിരുന്നു. നമ്മുടെ സർക്കാരുകളും ഇന്നും പരിസര ശുചിത്വത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

പൊതുയിടങ്ങളിൽ വിസർജ്ജ്യം



**ഇന്ന് നേരിടുന്ന സകല പ്രശ്നങ്ങൾക്കും ഗാന്ധിയൻ തത്ത്വസംഹിതകളിൽ പരിഹാരമുണ്ട്. അവ നമ്മുടെ പ്രശ്നങ്ങൾക്കും പരിഹാരമാകും.**

ഒഴിവാക്കാൻ നാം ഇന്ന് ബൃഹത്തായ പദ്ധതിയുമായി മുന്നോട്ട് പോകുകയാണ്. 1925 ൽ തന്നെ നവജീവനിൽ ഗാന്ധിജി ഈ വിഷയത്തെക്കുറിച്ച് എഴുതിയിരുന്നു. പൊതു സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം ശിക്ഷാർഹമായ കുറ്റമാക്കണം, ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ ഗാന്ധിജി മുന്നോട്ട് വച്ചു. സ്വാതന്ത്ര്യം നേടി ഇത്രയും കാലമായിട്ടും നാം ഇതൊന്നും പൂർണ്ണമായും നടപ്പാക്കിയില്ലെന്നത് വേറെ കാര്യം.

ശുദ്ധജലത്തിന്റെ സംരക്ഷണത്തിനും ഗാന്ധിജിയ്ക്ക് വ്യക്തമായ അഭിപ്രായമുണ്ടായിരുന്നു. ഗ്രാമങ്ങളിലെ പൊതുടാങ്കുകളിലെ കുടിവെള്ളം ശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഗാന്ധിജി ഊന്നിപ്പറഞ്ഞിരുന്നു. ഇന്നും ശുദ്ധജല ദൗർലഭ്യം കാരണം നാം നട്ടം തിരിയുകയാണെന്നത് യാഥാർത്ഥ്യം. ജലസംരക്ഷണം, നദികളും, തോടുകളും വൃത്തിഹീനമാകാതെ സൂക്ഷിക്കുക തുടങ്ങിയവയെല്ലാം ഓരോ പൗരന്റെയും കർത്തവ്യമാണെന്ന് ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നു.

പരിസ്ഥിതി സംരക്ഷണം മാനവജീവിതത്തിന് അത്യന്താപേക്ഷിതമാണെന്ന് ഗാന്ധിജി വ്യക്തമാക്കിയിരുന്നു. വായു, വെള്ളം, ആഹാരം എന്നിവ മനുഷ്യ ശരീരത്തിന് ജീവൻ നിലനിർത്താൻ ആവശ്യമാണ്. അവയുടെ ലഭ്യതയ്ക്ക് കുറവ് വരാതിരിക്കാൻ പരിസ്ഥിതിയ്ക്ക് കോട്ടം വരാതെ നോക്കണം. ഇല്ലെങ്കിൽ ശുദ്ധവായു കാശുമുടക്കി വാങ്ങേണ്ട കാലം വിദൂരത്തിലല്ലെന്നും ഗാന്ധിജി സൂചിപ്പിച്ചിരുന്നു. നാം ഇന്ന് ആ അപകടത്തിന്റെ അടുത്ത് വരെ എത്തിയെന്നത് സമകാലീന യാഥാർത്ഥ്യം.



മനുഷ്യനും മറ്റ് ജീവികൾക്കും ആവശ്യമായ ശുദ്ധവായു പ്രകൃതിയിൽ യഥേഷ്ടം ലഭ്യമാണ്. എന്നാൽ അവ മലിനീകരിക്കപ്പെട്ടാൽ എല്ലാ ജീവജാലങ്ങൾക്കും ദോഷകരമാകുന്നു. അതുകൊണ്ട് വായു, ജലം, ഭക്ഷ്യ വസ്തുകൾ എന്നിവയെ അശുദ്ധമാക്കാതെ സംരക്ഷിക്കേണ്ടത് ഭൂമിയിൽ ജീവന്റെ തുടിപ്പുകൾ നിലനിർത്താൻ ആവശ്യമാണെന്ന് ഗാന്ധിജി 1918 ൽ തന്നെ നമ്മോട് പറഞ്ഞതാണ്.

പരിസരങ്ങളിൽ നിന്നും, റോഡുകളിൽ നിന്നും, വീടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ വേർതിരിച്ച് വളമായി ഉപയോഗിക്കാനും, മറ്റ് പദാർത്ഥങ്ങൾ പുനരുപയോഗിക്കാനുമുള്ള സാധ്യതകൾ പരിശോധിക്കാനും ഗാന്ധിജി നമ്മോട് നിർദ്ദേശിച്ചിരുന്നതാണ്. നാം ഇന്ന് ഗ്രാമങ്ങളിലും, നഗരങ്ങളിലും നേരിടുന്ന മാലിന്യ പ്രശ്നങ്ങൾക്ക് ഗാന്ധിജി അന്നേ പരിഹാരം ചൂണ്ടിക്കാണിച്ചിരുന്നു.

ഇന്ന് നേരിടുന്ന സകല പ്രശ്നങ്ങൾക്കും ഗാന്ധിയൻ തത്ത്വസംഹിതകളിൽ പരിഹാരമുണ്ട്. അവ നമ്മുടെ പ്രശ്നങ്ങൾക്കും പരിഹാരമാകും. ഗ്രാമങ്ങളിലാണ് യഥാർത്ഥ ഇന്ത്യയെന്നും, എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നും പറഞ്ഞ ഗാന്ധിജിയുടെ വാക്കുകൾ നാം ഓരോരുത്തരും ജീവിതത്തിൽ പകർത്തിയാൽ തന്നെ നാം ഇന്ന് നേരിടുന്ന പല പൊതുപ്രശ്നങ്ങളും പരിഹരിക്കപ്പെടും, തീർച്ച.

---

*ലേഖകന്റെ ഫോൺ നം. 9496434224*

എൻ. രാധാകൃഷ്ണപിള്ള

# നാടിന്റെ സമഗ്ര വികസനം നാലിന കർമ്മ പദ്ധതികൾ

വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടേയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിതവും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് മലയാള നാടിന്റെ സമഗ്ര മാറ്റത്തിനായി നാല് കർമ്മ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ രൂപം നൽകി. ഉയർന്ന ജീവിത സൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി -ലൈഫ്, മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ജനസൗഹൃദ സർക്കാർ ആശുപത്രികൾ- ആർദ്രം പദ്ധതി, കുട്ടികളുടെ കഴിവുകളെ അടിസ്ഥാനമാക്കി പഠനരീതി ഉടച്ചുവാർക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി - പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ജലസംരക്ഷണവും മാലിന്യ സംസ്കരണവും ജൈവ പച്ചക്കറികൃഷിയും സംയോജിപ്പിച്ച് ഹരിതകേരളം പദ്ധതി എന്നീ ബൃഹത് പദ്ധതികളാണ് അഞ്ചു വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കുക. നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തി ചിട്ടയോടുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

**ലൈഫ് മിഷൻ**

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഭൂമിയുള്ള ഭവനരഹിതർ, സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായ ധനം അനുവദിച്ചെങ്കിലും പൂർത്തിയാക്കാനാകാത്തവർ (പൂർണ്ണമായോ, ഭാഗികമായോ സഹായധനം ലഭിച്ചവർ), ലക്ഷം വീട് പോലെയുള്ള പഴയ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിലവിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ളവർ, പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരാണ്.



**അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതി.**

ഇതിൽ ആദ്യത്തെ രണ്ടു വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/ വാസയോഗ്യമാക്കാൻ ആവശ്യമായ തുക നിലവിലുള്ള പി.ഡബ്ല്യിയു.ഡി ഷെഡ്യൂൾ അടിസ്ഥാനപ്പെടുത്തി ലഭ്യമാക്കും. ഇവിടെ നിർമ്മാണ സാമഗ്രികളുടെ ലഭ്യത ബ്ലോക്ക് തലത്തിൽ ഉറപ്പുവരുത്തും. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളുടെ മേൽനോട്ട സംവിധാനത്തിലൂടെ ഓരോ ഭവനത്തിന്റെയും നിർമ്മാണ പുരോഗതി പൊതുജനത്തിനു ലഭ്യമാക്കുന്നതിനായി ഐ.ടി അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനവും ക്രമീകരിക്കും.

മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/ വീടുകളുടെ സമുച്ചയം താലൂക്ക്/ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥല ലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കും. ഇവിടുത്തെ താമസക്കാർക്ക് സർക്കാർ നൽകുന്ന എല്ലാത്തരം സേവനങ്ങളും (അംഗൻവാടി, സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കൽ, പഠനത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ്, ഇംഗ്ലീഷ് ഐ.ടി പഠനത്തിന് പ്രത്യേക ഊന്നൽ, കൗമാരക്കാരായ കുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്കിൽ ട്രെയിനിംഗ്, ഉന്നത വിദ്യാഭ്യാസത്തിനു തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ, സ്വയം തൊഴിൽ പരിശീലനം, ആരോഗ്യ പരിരക്ഷ, വിവാഹ സഹായം, വയോജന പരിപാലനം, പാലിയേറ്റീവ് കെയർ) ഗുണമേന്മയോടെ ലഭ്യമാക്കും. ഉൽപ്പാദന/സേവന മേഖലകളിലെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ഒരു സ്ഥിര വരുമാനമുറപ്പാക്കാൻ ശ്രമിക്കും. താമസക്കാരുടെ സുരക്ഷ നിലവിലെ ഫ്ളാറ്റ് സമുച്ചയങ്ങളിലുള്ളതുപോലെ ഉറപ്പാക്കും. താമസക്കാർക്ക് വീട് വാടകയ്ക്ക് നൽകാൻ/ കൈമാറാൻ അവകാശമുണ്ടായിരിക്കില്ല. പ്രതിമാസം മിഷൻ നിശ്ചയിക്കുന്ന തുക മുടക്കം കൂടാതെ നൽകുന്നവർക്ക് 15-20 വർഷത്തിനുശേഷം ഫ്ളാറ്റ് സ്വന്തമാകാവുന്ന രീതിയിലാകും ഈ പദ്ധതി നടപ്പാക്കുക. ഗുണഭോക്താക്കളുടെ സംഘാടനം, ശേഷി വളർത്തൽ എന്നിവയിലൂടെ അവരുടെ സജീവ പങ്കാളിത്തം പദ്ധതി നടത്തിപ്പിലും കെട്ടിട സമുച്ചയങ്ങളുടെ പരിപാലനത്തിലും ഉറപ്പാക്കും.

മുഖ്യമന്ത്രി അധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സഹ അധ്യക്ഷനും, ധനകാര്യം, ഭവനനിർമ്മാണം, സാമൂഹികനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, മത്സ്യ ബന്ധനം വകുപ്പു മന്ത്രിമാരും സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും ഉപാദ്ധ്യക്ഷൻമാരും പ്രതിപക്ഷ നേതാവ് പ്രത്യേക ക്ഷണിതാവും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മിഷൻ സെക്രട്ടറിയും ചീഫ് സെക്രട്ടറി, മേൽപ്പറഞ്ഞ ഒൻപത് വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, ആരോഗ്യം, വിദ്യാഭ്യാസ സെക്രട്ടറിമാർ, സി.ഇ.ഒ ലൈഫ് മിഷൻ എന്നിവർ അംഗങ്ങളായും സംസ്ഥാന തല പാർപ്പിട മിഷൻ പ്രവർത്തിക്കും.

നിലവിലുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുക, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക, അതിന് അംഗീകാരം നൽകുക, ഇതിനാവശ്യമായ സർക്കാർ സേവനങ്ങൾ ഏകോപിപ്പിക്കുക, ഭൂമി ലഭ്യത ഉറപ്പുവരുത്തുക, നിർമ്മാണ സങ്കേതങ്ങൾ തീരുമാനിക്കുക, സി.എസ്.ആർ, പൊതുജന പങ്കാളിത്തം ഉൾപ്പെടെ വിഭവ സമാഹരണം ഉറപ്പാക്കുക, നിർമ്മാണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക, മേൽനോട്ട സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, ഭാവിയിലുള്ള കൈമാറ്റങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയങ്ങളിൽ ലഭ്യമാക്കുക എന്നിവയാണ് സംസ്ഥാനതല പാർപ്പിട മിഷന്റെ പ്രധാന ചുമതലകൾ.

മിഷന്റെ പ്രവർത്തനങ്ങളെ സഹായിക്കാനും ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും മിഷൻ ചീഫ് എക്സിക്യൂട്ടീവ് നേതൃത്വം നൽകുന്ന പാർപ്പിടവും അനുബന്ധ വിഷയങ്ങളിലും പ്രാവീണ്യമുള്ള ഒരു കർമ്മസേനയും ഉണ്ടായിരിക്കും. കർമ്മസേനയുടെ ചെയർമാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയായിരിക്കും.

ജില്ലാ മിഷനിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും ജില്ലയിൽ നിന്നുള്ള ലോകസഭാ അംഗങ്ങൾ, എം.എൽ.എമാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ, ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, രണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർ, (പഞ്ചായത്ത് പ്രസിഡന്റുമാരുടെ/ജില്ലാ അസോസിയേഷൻ പ്രസിഡന്റും സെക്രട്ടറിയും) എന്നിവർ അംഗങ്ങളും ജില്ലാ കളക്ടർ സെക്രട്ടറിയും ആയിരിക്കും.

സൗജന്യമായി ഭൂമി നൽകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിലും സർക്കാർ ഭൂമി ലഭ്യമാകുന്ന സ്ഥലങ്ങളിലുമായിരിക്കും പാർപ്പിട പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. ആയതിനാൽ ഇത്തരം ഭൂമി ലഭ്യത ഉറപ്പാക്കുകയാണ് ജില്ലാതല പാർപ്പിട മിഷന്റെ പ്രാഥമിക ചുമതല. ജില്ലാതല ഗുണഭോക്തൃ പട്ടികയുടെ അന്തിമ അംഗീകാരം, ഭൂമി ലഭ്യത ഉറപ്പുവരുത്തുക, സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുക, പ്രാദേശിക വിഭവ സമാഹരണം ഉറപ്പാക്കുക, മേൽനോട്ട സംവിധാനം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയും ജില്ലാതല പാർപ്പിട മിഷന്റെ ചുമതലയായിരിക്കും.

## ജനസൗഹൃദ സർക്കാർ ആശുപത്രികൾ

### ആർദ്രം മിഷൻ

പൊതു ആരോഗ്യ പരിപാലന ശൃംഖലയിൽ ചികിത്സ തേടുന്നവർക്ക് ഏറ്റവും സൗഹൃദമായ നിലയിൽ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുക എന്നതാണ് ആർദ്രം മിഷന്റെ ലക്ഷ്യം. സർക്കാർ ആശുപത്രികളെ ആർദ്രം എന്ന പേരിൽ ജനസൗഹൃദ ആശുപത്രികളായി മാറ്റും. പദ്ധതിയുടെ പ്രവർത്തനം മൂന്ന് ഘട്ടങ്ങളിലായി സർക്കാർ മെഡിക്കൽ കോളേജ്

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യും. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്.**



ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി നടപ്പാക്കും. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യും. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

പദ്ധതി നടത്തിപ്പിന് മുഖ്യമന്ത്രി അദ്ധ്യക്ഷൻ, ആരോഗ്യവകുപ്പ് മന്ത്രി സഹഅദ്ധ്യക്ഷൻ, ധനകാര്യവകുപ്പ് മന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, പൊതുവിതരണ വകുപ്പുമന്ത്രി എന്നിവർ ഉപാദ്ധ്യക്ഷൻമാർ, പ്രതിപക്ഷനേതാവ് പ്രത്യേക ക്ഷണിതാവ്, ചീഫ് സെക്രട്ടറി, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന ആസൂണ്ട ബോർഡിലെ ഒരംഗം, ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കുടുംബശ്രീ ഡയറക്ടർ, ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഐ.ടി. വകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള സംസ്ഥാനതലമിഷൻ നേതൃത്വം നൽകും.

മിഷന്റെ സെക്രട്ടറിയും കർമ്മസേന ചെയർമാനും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരിക്കും. ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കർമ്മസേനയും ഒരു പൂർണ്ണസമയ മിഷൻ ചീഫ് എക്സിക്യൂട്ടീവും ഉണ്ടാകും. രോഗികളുടെ എണ്ണത്തിൽ വർദ്ധനവുള്ള എല്ലാ ആശുപത്രികളിലും (അലോപ്പതി, ആയുർവ്വേദം, ഹോമിയോ) ഘട്ടം ഘട്ടമായി ഈ ഇടപെടൽ നടത്തും.

ജില്ലാ മിഷനിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ, എം.എൽ.എമാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ, ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് / രണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർ /ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും എന്നിവർ അംഗങ്ങളും ജില്ലാ കളക്ടർ സെക്രട്ടറിയുമായിരിക്കും.

ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികൾ തെരഞ്ഞെടുക്കുകയും അവയുടെ സ്ഥല സൗകര്യം പരിശോധിക്കുകയും ആർദ്രം മിഷൻ നടപ്പാക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുകയാകും ആരോഗ്യ ജില്ലാതല മിഷന്റെ പ്രാഥമിക ചുമതല. പ്രാദേശിക വിഭവ സമാഹരണത്തിനുള്ള സാധ്യതകളും ആരോഗ്യ ജില്ലാതല മിഷൻ ഉറപ്പുവരുത്തും.

## സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

### പൊതു വിദ്യാഭ്യാസ സംരക്ഷണ മിഷൻ

സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതി നാല് പ്രധാന ഉപഘടകങ്ങൾ ചേർന്നതാണ്. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇന്റർനാഷണൽ സ്കൂളുകൾ ആക്കി മാറ്റുക, ഹൈസ്കൂൾ - ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക, എൽ.പി-യു.പി ക്ലാസ്സുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കൽ, 50 വർഷം/100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം ലഭ്യമാകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത രണ്ടു വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും അഞ്ച് സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യും.

വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയുടെ പുനരവലോകനവും ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന കാര്യങ്ങളും പഠന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിക്കാനുള്ള നടപടികളും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തി ഫലപ്രദമായ ഐ.ടി വിന്യാസം സാധ്യമാക്കുന്നതിനുള്ള നടപടികളും സംസ്ഥാന തല മിഷൻ ഏകോപിപ്പിക്കും. ഇതിനാവശ്യമായ വിഭവ സമാഹരണത്തിനും നിർവ്വഹണ ഏജൻസിയുടെ തെരഞ്ഞെടുപ്പിനും ഉള്ള മാർഗ്ഗനിർദേശങ്ങളും സംസ്ഥാനതല മിഷന്റെ ചുമതലയായിരിക്കും. ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികൾ ആർജജിക്കേണ്ട പഠന നിലവാരം നിഷ്കർഷിക്കുകയും അതിൽ നിന്ന് എത്ര കുറവുണ്ടെന്ന് വിലയിരുത്തുകയും ആ കുറവ് പരിഹരിക്കാനുള്ള പഠന പ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്യുക എന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടലാണ് ഉദ്ദേശിക്കുന്നത്.

**ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികൾ ആർജജിക്കേണ്ട പഠന നിലവാരം നിഷ്കർഷിക്കുകയും അതിൽ നിന്ന് എത്ര കുറവുണ്ടെന്ന് വിലയിരുത്തുകയും ആ കുറവ് പരിഹരിക്കാനുള്ള പഠന പ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്യുക എന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടലാണ് ഉദ്ദേശിക്കുന്നത്.**



മുഖ്യമന്ത്രി അദ്ധ്യക്ഷൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രി സഹഅദ്ധ്യക്ഷൻ, ധനകാര്യ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, വകുപ്പ് മന്ത്രിമാർ ഉപാദ്ധ്യക്ഷന്മാർ, പ്രതിപക്ഷ നേതാവ് പ്രത്യേക ക്ഷണിതാവ്, ചീഫ് സെക്രട്ടറി, അസൂത്രണ ബോർഡ് ഉപാധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന ആസൂത്രണ ബോർഡിലെ ഒരംഗം, വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറി, ഫിഷറീസ് വകുപ്പ് സെക്രട്ടറി, ഐ.ടി. വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങൾ എന്നതാണ് സംസ്ഥാലതല മിഷന്റെ ഘടന.

മിഷൻ സെക്രട്ടറിയും,കർമ്മസേന (ടാസ്ക് ഫോഴ്സ്) ചെയർമാനും വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായിരിക്കും. ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ടാസ്ക് ഫോഴ്സും ഒരു പൂർണ്ണസമയ മിഷൻ ചീഫ് എക്സിക്യൂട്ടീവും ഉണ്ടാകും.

അധ്യാപക പരിശീലനത്തിനും ഐ.ടി സാങ്കേതിക വിദ്യാവിന്യാസത്തിനും ഊന്നൽ നൽകുന്നതിനായി സംസ്ഥാനതല കർമ്മസേനയിൽ ഈ മേഖലയിലെ വിദഗ്ദ്ധരും എസ്.സി.ഇ.ആർ.ടി, ഐ.ടി @ സ്കൂൾ, എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ സ്ഥാപനങ്ങളുടെ ഡയറക്ടർമാരും ഉൾപ്പെടും.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ, എം.എൽ.എമാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ, ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് /രണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർ(പഞ്ചായത്ത് പ്രസിഡന്റുമാരുടെ/ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും) എന്നിവർ അംഗങ്ങളായും ജില്ലാ കളക്ടർ സെക്രട്ടറിയായും പ്രവർത്തിക്കും വിധമാണ് ജില്ലാമിഷന്റെ ഘടന.

അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തേണ്ട സർക്കാർ സ്കൂളുകൾ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തുക ജില്ലാതല വിദ്യാഭ്യാസ മിഷന്റെ ചുമതലയാണ്. ഈ സ്കൂളുകളിൽ പി.ടി.എ, മദർ പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പ്രാദേശികമായ സന്നദ്ധ സംഘടനകൾ എന്നിവയെ പദ്ധതി നടത്തിപ്പുമായി കൂട്ടിയോജിപ്പിക്കാനും ജില്ലാതല വിദ്യാഭ്യാസ മിഷൻ മുൻകൈയെടുക്കണം. കുട്ടികൾ കൂടുതൽ ഉള്ളതും പഴയ കെട്ടിടങ്ങളും ക്ലാസ്സ് മുറികളും ഉള്ളതുമായ സ്കൂളുകൾക്കാണ് മുൻഗണന നൽകുക.

## ഹരിത കേരളം പദ്ധതി

### ഹരിത കേരളം മിഷൻ

ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകുന്നതാണ് ഹരിത കേരളം പദ്ധതി. ഇതിനായി മൂന്നു കർമ്മസേനകളും (ടാസ്ക് ഫോഴ്സുകളും) സംസ്ഥാന ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രവർത്തിക്കും.

മുഖ്യമന്ത്രി അദ്ധ്യക്ഷനും, മുൻ മന്ത്രി/മുൻ എം.എൽ.എ/മുൻ.എം.പി. സഹ അദ്ധ്യക്ഷനും ധനകാര്യം, തദ്ദേശ സ്വയം ഭരണം, കൃഷി, ജലവിഭവം, ആരോഗ്യം, വനം മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ എന്നിവർ ഉപാധ്യക്ഷൻമാരും സീനിയർ നിലവാരത്തിലുള്ള ഒരു ശാസ്ത്രജ്ഞൻ ഉപദേഷ്ടാവും പ്രതിപക്ഷ നേതാവ് പ്രത്യേക ക്ഷണിതാവും, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി(തദ്ദേശ സ്വയം ഭരണം, ആരോഗ്യം, കൃഷി, ജലവിഭവം, ടൂറിസം, വിദ്യാഭ്യാസം, വനം) സംസ്ഥാനത്തെ മൂന്ന് ടാസ്ക് ഫോഴ്സുകളുടെ ചീഫ് എക്സിക്യൂട്ടീവ് എന്നിവർ അംഗങ്ങളും ആസൂത്രണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിഷൻ സെക്രട്ടറിയും എന്നതാണ് സംസ്ഥാനതല ഹരിത കേരളം മിഷന്റെ ഘടന.

ഓരോ വീട്ടിലേയും മാലിന്യ സംസ്കരണ രീതി നിലവിൽ എങ്ങനെയാണ് എന്ന് വിലയിരുത്തുകയും ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് ഓരോ വീട്ടിലും പ്രായോഗികമാകുക എന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുക



മാലിന്യ സംസ്കരണ മിഷന്റെ നേതൃത്വത്തിലായിരിക്കും. തദ്ദേശ സ്വയംഭരണ തലത്തിൽ ഇക്കാര്യം ഫലപ്രദമായി ഏകോപിപ്പിച്ചിട്ടുണ്ടെന്ന് ജില്ലാതല മാലിന്യസംസ്കരണ മിഷൻ ഉറപ്പാക്കണം. ഇതു കൂടാതെ, ചന്തകൾ,അറവുശാലകൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയിലെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങളും ജില്ലാതല മിഷൻ ഉറപ്പാക്കണം.

### ജലവിഭവ മിഷൻ

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജലസംരക്ഷണ മിഷൻ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കും. രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും ശുചീകരണവും നടപ്പാക്കും. വ്യാപകമായി മരങ്ങൾ നട്ടുപിടിപ്പിക്കുക എന്നതും ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങളെല്ലാം ശാസ്ത്രീയ സംയോജിത നീർത്തട വികസനം ( Integrated Watershed Management) അടിസ്ഥാനത്തിലായിരിക്കും. യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഈ പ്രവർത്തനങ്ങളിൽ ഉറപ്പാക്കും.

പൊതു ഉടമസ്ഥതയിലുള്ള ജലസ്രോതസ്സുകൾ, കനാലുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിക്കുന്നതിനും പ്രാദേശിക ജലസേചന-കുടിവെള്ള സ്രോതസ്സുകളായി അവയെ ഉപയോഗിക്കുന്നതിനും ജലവിഭവ മിഷൻ ഊന്നൽ നൽകും. കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളും ജലവിഭവ മിഷൻ ഏകോപിപ്പിക്കും.

### മാലിന്യസംസ്കരണ-കൃഷി വികസന മിഷനുകൾ

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതോടൊപ്പം, ഉറവിട മാലിന്യ സംസ്കരണം സമൂഹത്തിൽ വ്യാപകമാക്കുകയും ഇത്തരത്തിലുള്ള മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് ജൈവ കൃഷിക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കുകയും വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് മാലിന്യസംസ്കരണ-കൃഷി വികസന മിഷനുകൾ വഴി ലക്ഷ്യമിടുന്നത്. അതോടൊപ്പം ബയോഗ്യാസ് സംവിധാനങ്ങൾ, തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ബ്ലോക്കടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കാനുള്ള സങ്കേതങ്ങൾ ലഭ്യമാക്കുക എന്നിവയും ശുചിത്വ- മാലിന്യസംസ്കരണ മിഷന്റെ ലക്ഷ്യങ്ങളാണ്.

ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരപ്രദേശങ്ങൾക്കായി നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കും. വീടുകൾ തോറുമുള്ള കൃഷി സാധ്യതയ്ക്ക് പുറമെ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ പൊതുവായ ഇടപെടലുകളാണ് കൃഷി വികസന മിഷൻ ലക്ഷ്യമിടുന്നത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ, എം.എൽ.എമാർ, മേയർ, മുനിസിപ്പൽ ചെയർമാൻ മാർ, ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് /രണ്ട്

പഞ്ചായത്ത് പ്രസിഡന്റുമാർ( പഞ്ചായത്ത് പ്രസിഡന്റുമാരുടെ /ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും, സെക്രട്ടറിയും) എന്നിവർ അംഗങ്ങളായും ജില്ലാ കളക്ടർ സെക്രട്ടറിയായും ഉള്ളതാണ് ജില്ലാതല മിഷൻ ഘടന.

ജില്ലയിൽ തരിശു കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താനുള്ള സാധ്യതയും പ്രാദേശികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷി രീതികൾ പ്രാബല്യത്തിൽ കൊണ്ടു വരികയും കാർഷികോൽപ്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാൻ കൃഷി മിഷൻ ലക്ഷ്യമിടുന്നു. ജൈവ വളത്തിന്റെയും ജലസ്രോതസ്സുകളുടെയും ലഭ്യത ഇത്തരത്തിലുള്ള ആസൂത്രണത്തിന് അനിവാര്യമായതിനാൽ മേൽപ്പറഞ്ഞ രണ്ടു ജില്ലാതല



മിഷനുകളുമായി ഒത്തൊരുമിച്ചാണ് കൃഷി മിഷൻ പ്രവർത്തിക്കേണ്ടി വരിക.

## ഏകോപന സംവിധാനം

മൂന്ന് മിഷനുകളുടെയും ആറ് കർമ്മസേനകളുടെയും ( Task Forces) (പാർപ്പിടം, വിദ്യാഭ്യാസം, ആർദ്രം, ശുചിത്വം, കൃഷി, ജലവിഭവം) ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല എംപവേർഡ് കമ്മിറ്റി ഉണ്ടായിരിക്കും. കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ ധനകാര്യം, ആസൂത്രണം, ഭവനനിർമ്മാണം, ജലവിഭവം, വനം എന്നിവയുടെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിമാർ, മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം, കൃഷി പ്രിൻസിപ്പൽ സെക്രട്ടറിമാർ, വിദ്യാഭ്യാസം, ഐടി വകുപ്പ് സെക്രട്ടറിമാർ, സംസ്ഥാന മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരാണ്.

മിഷൻ സംബന്ധമായ തീരുമാനങ്ങളെടുക്കുകയും മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതായവ ആ രീതിയിൽ തയ്യാറാക്കുകയും ചെയ്യുക എന്നതും എംപവേർഡ് കമ്മിറ്റിയുടെ ചുമതലയായിരിക്കും. സമയബന്ധിതമായി അനുമതികൾ നൽകാനും സുഗമമായ പദ്ധതി നടത്തിപ്പ് ഉറപ്പാക്കാനുമുള്ള ഒരു ഏക ജാലക സംവിധാനമായി എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കും. കമ്മിറ്റിക്ക് ആവശ്യമായ പിന്തുണാ സംവിധാനം ഐ.എം.ജി ഒരുക്കും.

## ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണം

മിഷനുകളുടേയും ടാസ്ക് ഫോഴ്സുകളുടെയും പ്രവർത്തനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും. പദ്ധതികളുടെ ഗുണഫലങ്ങൾ, പൂർത്തിയാക്കേണ്ടുന്ന നാഴികക്കല്ലുകൾ, ജനപങ്കാളിത്തത്തോടെയുള്ള ജനസൗഹൃദ നടത്തിപ്പ് പ്രക്രിയകൾ, സാമൂഹിക നിരീക്ഷണം എന്നിവ ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾ ഇതിനായി ഏർപ്പെടുത്തും.

ഈ ആറ് മിഷനുകൾക്കും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ തലത്തിലും മിഷൻ ഗ്രൂപ്പും ടാസ്ക് ഫോഴ്സുകളും ഉണ്ടായിരിക്കും.

ജില്ലാതല മിഷന്റെ അധ്യക്ഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ, എം.എൽ.എ.മാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ, ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് /രണ്ട് പഞ്ചായത്ത് പ്രസിഡന്റുമാർ (പഞ്ചായത്ത് പ്രസിഡന്റുമാരുടെ ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും) അംഗങ്ങളും ജില്ലാ കളക്ടർ സെക്രട്ടറിയും ആയിരിക്കും.

ഓരോ ജില്ലാതല മിഷനും ഓരോ വിഷയത്തിലും ഒരു ടാസ്ക് ഫോഴ്സ് വീതം ഉണ്ടായിരിക്കും. ജില്ലയിൽ ആറ് ടാസ്ക് ഫോഴ്സുകളുണ്ടാകും.

## ജില്ലാതല കർമ്മസേന (Task Force)

ജില്ലാതല കർമ്മസേനയുടെ അധ്യക്ഷൻ ജില്ലാ കളക്ടർ ആയിരിക്കും. ജില്ലാ പ്ലാനിംഗ് ഓഫീസർ, പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ്, നഗരാസൂത്രണം, ഗ്രാമവികസനം, കൃഷി, ജലവിഭവം, വിദ്യാഭ്യാസം, ആരോഗ്യം, വാട്ടർ അതോറിറ്റി, ജലനിധി എന്നിവയുടെ ജില്ലാ ഓഫീസർമാർ, ആർ.ഡി.ഒ/സബ് കളക്ടർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരാണ് അംഗങ്ങൾ.

ഓരോ ജില്ലാതല ടാസ്ക് ഫോഴ്സിനും ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിക്കും.

## തദ്ദേശ സ്വയംഭരണതല മിഷൻ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഏകോപിപ്പിക്കാനും ഒരു തദ്ദേശ സ്വയംഭരണതല മിഷൻ ഉണ്ടാകും. ഇതിന്റെ വിശദമായ മാർഗരേഖ തയ്യാറാക്കുകയും കില വഴി തദ്ദേശസ്വയംഭരണ തലത്തിലെ പരിശീലനവും ശാക്തീകരണവും ഉറപ്പാക്കുകയും ചെയ്യും.

തദ്ദേശ സ്വയംഭരണ തലത്തിൽ പ്രവർത്തിക്കുന്ന മിഷന്റെ അധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർമാൻ/ മേയർ ആയിരിക്കും. ബന്ധപ്പെട്ട ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ, പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഭരണ സമിതി അംഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, കൃഷി ഓഫീസർ, കുടുംബശ്രീ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ, മെഡിക്കൽ ഓഫീസർമാർ എന്നിവരായിരിക്കും അംഗങ്ങൾ.

ഓരോ പദ്ധതി തലത്തിലും ഗുണഭോക്താക്കളെ സംഘടിപ്പിച്ചുകൊണ്ട് അവർക്ക് ആവശ്യമായ പരിശീലനങ്ങളും ശേഷി വർദ്ധനവും ഉറപ്പാക്കി ജനപങ്കാളിത്തത്തോടെ ആയിരിക്കും പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, തുടർ നടത്തിപ്പ്, സാമൂഹിക ഓഡിറ്റിംഗ് എന്നിവ നടപ്പാക്കുക.

മിഷൻ സി.ഇ.ഒ മാരായും ജില്ലാതല കർമ്മ സമിതികളിൽ പ്രവർത്തിക്കുവാനും വേണ്ടി 100 പേരടങ്ങുന്ന ഒരു പ്രൊഫഷണൽ സംവിധാനത്തിന് രൂപം നൽകും.

ഗ്രാമ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മിഷനുകളുടെ പ്രവർത്തന മാർഗ്ഗരേഖയും പരിശീലനവും കിലയും എംപവേർഡ് കമ്മിറ്റിക്കുവേണ്ട സാങ്കേതിക സഹായം ഐ.എം.ജി യും ലഭ്യമാക്കും.●

പദ്ധതി

വി. സുരേഷ്കുമാർ

# ഭവനരഹിതർക്ക് ആശ്വാസമേകാൻ

## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)



മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ പ്രധാനമാണ് പാർപ്പിടം. നിരവധി പാർപ്പിട പദ്ധതികളിലൂടെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും തലചായ്ക്കാൻ സ്വന്തമായൊരു വീടില്ലാത്ത ലക്ഷക്കണക്കിനാളുകൾ നമ്മുടെ രാജ്യത്തുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള പുതിയ ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (PMAY (G)). 2016-17 മുതൽ 2018-19 വരെയുള്ള മൂന്ന് വർഷക്കാലയളവിനുള്ളിൽ രാജ്യത്ത് ഗ്രാമീണ മേഖലയിൽ ഒരു കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള ബൃഹദ് പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. ഐ.എ.വൈ പദ്ധതിയിൽ സമതല പ്രദേശങ്ങളിൽ 70,000/- രൂപയും ദുർഘട പ്രദേശങ്ങളിൽ 75,000/- രൂപയും കേന്ദ്ര ധനസഹായമായി നൽകിയിരുന്ന സ്ഥാനത്ത് യഥാക്രമം 1,20,000/- രൂപയും 1,30,000/- രൂപയുമാണ് PMAY (G) പദ്ധതി പ്രകാരം ലഭിക്കുക. 2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിൽ ഭവനരഹിതരായി കണ്ടെത്തിയവരെ ലക്ഷ്യമാക്കിയാണ് ഈ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)യുടെ 2016-17 സാമ്പത്തിക വർഷത്തെ കേരളത്തിന്റെ ഭൗതിക ലക്ഷ്യം കേന്ദ്ര ഗ്രാമവികസന വകുപ്പ് നിശ്ചയിച്ച് നൽകി. ഇത് പ്രകാരം സംസ്ഥാനത്തിന്റെ ഭൗതിക ലക്ഷ്യം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 14605 വീടുകളും ന്യൂനപക്ഷ വിഭാഗത്തിന് 9736 വീടുകളും ചേർത്ത് ആകെ 24341 വീടുകളാണ്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ തുടക്കം കുറിച്ച് കഴിഞ്ഞു. സംസ്ഥാനത്ത് പട്ടിക പ്രകാരമാണ് ഒരോ ജില്ലയിലെയും പദ്ധതി നിർവഹണം.

| ജില്ല | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം | ന്യൂനപക്ഷ വിഭാഗം | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 1569 | 407 | 539 | 2515 |
| കൊല്ലം | 1154 | 91 | 510 | 1755 |
| പത്തനംതിട്ട | 781 | 61 | 289 | 1131 |
| ആലപ്പുഴ | 612 | 30 | 542 | 1184 |
| കോട്ടയം | 233 | 56 | 686 | 975 |
| ഇടുക്കി | 229 | 753 | 328 | 1310 |
| എറണാകുളം | 468 | 189 | 1016 | 1673 |
| തൃശ്ശൂർ | 1238 | 43 | 800 | 2081 |
| പാലക്കാട് | 1362 | 595 | 533 | 2490 |
| മലപ്പുറം | 634 | 171 | 1956 | 2761 |
| കോഴിക്കോട് | 1051 | 131 | 927 | 2109 |
| വയനാട് | 75 | 1236 | 198 | 1509 |
| കണ്ണൂർ | 100 | 421 | 1087 | 1608 |
| കാസർഗോഡ് | 162 | 753 | 325 | 1240 |
| ആകെ | 9668 | 4937 | 9736 | 24341 |

ശ്രീരഞ്ജിനി, തിരുവനന്തപുരം

# പൊന്നുമോൾക്കായി ഒരു ദിനം

പെൺകുട്ടികളുടെ അന്താരാഷ്ട്ര ദിനമായി ഒക്ടോബർ 11 ആചരിക്കുന്നത് ലിംഗ സമത്വത്തിന്റെ ആവശ്യകതയെയും പെൺകുട്ടികളുടെ അവകാശങ്ങളെയും കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുക എന്നലക്ഷ്യത്തോടെയാണ്. ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ 2012 ഒക്ടോബർ 11 മുതലാണ് എല്ലാവർഷവും സാർവ്വദേശീയ പെൺകുഞ്ഞ് ദിനം ആചരിച്ച് തുടങ്ങിയത്.

ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ എല്ലാ മേഖലയിലും തുല്യ പരിഗണനയും പദവിയും അവസരവും ലഭിച്ച് വളരേണ്ടവരാണ്. ഏതെങ്കിലും വിധത്തിലുള്ള ലിംഗ വിവേചനം ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. അതുകൊണ്ട് തന്നെ ലിംഗ വിവേചനം തടയുക എന്നത് ലോകത്തുണ്ടായ മിക്ക മനുഷ്യാവകാശ പ്രമാണങ്ങളുടേയും പരമപ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഐക്യരാഷ്ട്രസഭയുടെ 1948 ലെ ചരിത്ര പ്രസിദ്ധമായ സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം ലിംഗപരമായ വിവേചനത്തെ ഇല്ലാതാക്കുന്നതാണ്. 1979 ലെ CEDAW (Convention on the Elimination of all forms of Discrimination Against Women) സ്ത്രീകളുടേയും പെൺകുട്ടികളുടേയും നേർക്കുള്ള എല്ലാത്തരം വിവേചനങ്ങളും തടയണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. 1995 ലെ ബെയ്ജിംഗ് വനിതാ ഉച്ചകോടി 21-ാം നൂറ്റാണ്ട് സ്ത്രീ സുരക്ഷാ സമത്വത്തിന്റെ നൂറ്റാണ്ടായിരിക്കണമെന്ന് പ്രഖ്യാപിച്ചു. എന്നാൽ ഇത്തരം പ്രഖ്യാപനങ്ങളൊക്കെയും നിലനിൽക്കുമ്പോഴും പെൺകുട്ടികളോടുള്ള വിവേചനവും അവഗണനയും ഇപ്പോഴും തുടരുന്നു എന്ന് വ്യക്തമാക്കുന്ന നിരവധി പഠനങ്ങൾ നമ്മുടെ മുൻപിലുണ്ട്.

കേന്ദ്ര ശിശുവികസന മന്ത്രാലയം നടത്തിയ പഠനത്തിൽ ഇന്ത്യയിൽ 48%ത്തോളം പെൺകുട്ടികൾ അവരുടെ സുരക്ഷിതമില്ലായ്മയും സ്വാതന്ത്ര്യമില്ലായ്മയും കാരണം ആൺകുട്ടികളായി ജനിച്ചാൽ മതിയായിരുന്നുവെന്ന് ചിന്തിക്കുന്നതായും കൂടാതെ 2/3 ശതമാനം പെൺകുട്ടികളും ഏതെങ്കിലും വിധത്തിൽ തങ്ങൾ സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരായി കരുതുന്നതായും വ്യക്തമാക്കുന്നു. ഇന്ത്യ



> ആൺകുട്ടികളും പെൺകുട്ടികളും ഒരു പോലെ എല്ലാ മേഖലയിലും തുല്യ പരിഗണനയും പദവിയും അവസരവും ലഭിച്ച് വളരേണ്ടവരാണ്. ഏതെങ്കിലും വിധത്തിലുള്ള ലിംഗ വിവേചനം ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല.



# അവർ കരയുകയാണ്

ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ പെൺകുട്ടികളിൽ പലരും വീട്ടുപണി ചെയ്യുന്നതിനാണ് ദിവസത്തിന്റെ കൂടുതൽ സമയവും ചെലവിടുന്നതെന്ന് യൂനിസെഫിന്റെ പഠനം. അഞ്ചിനും 14നും ഇടയ്ക്കുള്ള ആൺകുട്ടികൾ ചെയ്യുന്നതിനേക്കാൾ 50% കൂടുതൽ വീട്ടുജോലികളാണ് ഇതേ പ്രായത്തിലുള്ള പെൺകുട്ടികൾ ചെയ്യുന്നത്. ബുർകിനഫാസോ, യെമൻ, സൊമാലിയ എന്നിവിടങ്ങളിലെ പെൺകുട്ടികളാണ് ജോലിഭാരം കൊണ്ട് കൂടുതൽ കഷ്ടപ്പെടുന്നത്. അടുക്കളപ്പണിയും വീടുവൃത്തിയാക്കലുമൊക്കെയായി അമിത ജോലിഭാരം നൽകുന്നതിനെതിരെയുള്ള നിയമനടപടികളുടേയും സർക്കാർ പദ്ധതികളുടേയും ആവശ്യകതയിലേക്കാണ് യൂനിസെഫിന്റെ പഠനം വിരൽ ചൂണ്ടുന്നത്.

യിൽ വിദ്യാഭ്യാസം, ആരോഗ്യസേവനം, പോഷകാഹാരം, ശ്രദ്ധ, സംരക്ഷണം ഇവ ലഭിക്കുന്നതിൽ പെൺകുട്ടികൾ ഇപ്പോഴും പിന്നിലാണ്. ജനസംഖ്യയിലുള്ള ആൺ-പെൺ അനുപാതം പരിശോധിച്ചാൽ 0–6 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ കണക്കുകളിൽ 1991 -ലെ സെൻസസിൽ 945/1000 പെൺകുട്ടികളായിരുന്നത് 2001 ലെ സെൻസസിൽ 927/1000 എന്ന നിരക്കിലേക്ക് കുറഞ്ഞതായും 2011 -ലെ





സെൻസസിൽ വീണ്ടും 911/1000 എന്ന അനുപാതത്തിലേക്ക് താഴ്ന്നതായും വ്യക്തമാകുന്നു. പെൺകുട്ടികളുടെ ജനസംഖ്യാനുപാതം പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഹരിയാനയിലാണ് ഏറ്റവും കുറവ്. ഈ കുറവിൽ പെൺ ഭ്രൂണഹത്യയും പ്രധാന കാരണമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായം, പെൺകുട്ടികൾക്ക് നേരിടേണ്ടിവരുന്ന സുരക്ഷിതത്വമില്ലായ്മ, സാധാരണ കുടുംബങ്ങളിൽ ഒന്നിലധികം പെൺകുട്ടികൾ ഉണ്ടായാൽ അവരെ വിവാഹം ചെയ്തയയ്ക്കുന്നതിനും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും മെച്ചപ്പെട്ട പോഷകാഹാരം നൽകുന്നതിനും വേണ്ടി വരുന്ന സാമ്പത്തിക ചെലവുകൾ, സമൂഹത്തിന്റെ കാഴ്ചപ്പാട് എന്നിവയെല്ലാം പെൺകുട്ടികളെ ഒഴിവാക്കുന്നതിന് കുടുംബങ്ങളേയും സമൂഹത്തെയും പ്രേരിപ്പിക്കുന്നു. എന്നാൽ പെൺകുട്ടികളുടെ അനുപാതത്തിലുള്ള ഈ കുറവ് വരും കാലങ്ങളിൽ പുരുഷൻമാരുടെ ഇടയിലും സമൂഹത്തിലും വൻ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഇന്ത്യയിലെ പെൺകുട്ടികൾ നേരിടുന്ന മറ്റൊരു പ്രധാന ദുരന്തമാണ് ശൈശവ വിവാഹം. ശൈശവ വിവാഹം നടക്കുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യ എന്നാണ് UNICEF ന്റെ പഠനം സൂചിപ്പിക്കുന്നത്. ഇതിനോടൊപ്പം ചേർത്തു വായിക്കേണ്ട ഒരു വസ്തുത 7500 പെൺകുട്ടികൾ പ്രസവസമയത്ത് മരണപ്പെടുന്നതായുള്ള റിപ്പോർട്ടാണ്. ഇത് ചെറിയ പ്രായത്തിൽ തന്നെ അമ്മയാകേണ്ടിവരുന്ന പെൺകുട്ടികൾ അനാരോഗ്യത്തിനും പോഷകാഹാരക്കുറവിനും വിധേയരാകുന്നുവെന്നതിന്റെ തെളിവാണ്.

ബാലവേലയാണ് പെൺകുട്ടികൾ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. അടിമവേലയ്ക്ക് സമാനമായിട്ടാണ് അവർ ജോലി നിർവ്വഹിക്കുന്നത്. ബാലവേലയിൽ ഏർപ്പെടുന്നതു കാരണം പെൺകുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസം, വിനോദം, ആരോഗ്യം, വിശ്രമം, സന്തോഷകരമായ കുടുംബാന്തരീക്ഷം എന്നിവ നിഷേധിക്കപ്പെടുന്നു.

പ്രതിസന്ധികളിൽ നിന്ന്, സങ്കീർണ്ണ സാഹചര്യങ്ങളിൽ നിന്ന് പെൺകുട്ടികൾക്ക് മോചനം നേടാൻ കുടുംബത്തിന്റേയും സമൂഹത്തിന്റേയും സഹപാഠികളുടേയും മറ്റും പിൻതുണ, ധൈര്യം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത ലക്ഷ്യത്തിലെത്തിച്ചേരാനുള്ള മനസ്സുറപ്പ്, നിയമനടപടികളെടുക്കാനുമുള്ള ചങ്കുറപ്പ്, മാനസിക സുസ്ഥിതി നിലനിർത്താനുള്ള കൗൺസിലിംഗ്, സാമൂഹിക പിന്തുണ, എല്ലാറ്റിനുമുപരി സാഹചര്യത്തെ അതിജീവിക്കാനുള്ള മനക്കരുത്ത് എന്നിവ പെൺകുട്ടികളിൽ വളർത്തിയെടുക്കാൻ പൊതു സമൂഹം യത്നിച്ചേ മതിയാകൂ.

നിലവിൽ പെൺകുട്ടികളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നമ്മുടെ നാട്ടിലുണ്ട്. 'ബേഠി ബച്ചാവൊ, ബേഠി പഠാവൊ' എന്ന സാമൂഹ്യ നീതി വകുപ്പിന്റെ സംയോജിത ശിശു വികസന പദ്ധതി ഇതിൽ ശ്രദ്ധേയമാണ്. ഇതു കൂടാതെ ശിശു സംരക്ഷണ യൂണിയനുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനതല കമ്മിറ്റികൾ, ജില്ലകളിലെ ബാലനീതി നിയമപ്രകാരമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ വെൽഫെയർ ബോർഡുകൾ, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമുള്ള പ്രത്യേക ക്ഷേമസ്ഥാപനങ്ങൾ, ചൈൽഡ്‌ലൈൻ, പോലീസ് വകുപ്പിന്റെ വനിതാസെല്ലുകൾ, ശാരീരിക പീഡനങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് അഭയകേന്ദ്രമായി ജില്ലാതല one stop crisis സെന്ററുകൾ, നിർഭയയുടെ ഭാഗമായി ഷെൽട്ടർ ഹോമുകൾ, പെൺകുട്ടികളുടെ സുരക്ഷക്കായി വനിതാ ഹോസ്റ്റലുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, കൗൺസിലിംഗ് സെന്ററുകൾ എന്നിവ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംവിധാനങ്ങളിൽ നിന്ന് പ്രോത്സാഹനം നേടിയും പൊതു സമൂഹത്തിന്റെ മികച്ച പിന്തുണയാർജിച്ചും നമ്മുടെ പെൺകുഞ്ഞുങ്ങൾക്ക് എല്ലാത്തരം വിവേചനങ്ങളേയും അതിജീവിച്ച് മുന്നോട്ട് പോകാൻ കഴിയുമെന്ന് കരുതാം.●

*ലേഖികയുടെ ഫോൺ നം. 9995894226*

ഭവ്യ.എം.കെ, കോഴിക്കോട്

# കളരിപരമ്പരയുടെ കാലം
## ചരിത്രം സാക്ഷിയായി ലോകനാർകാവ്

കാടും മനുഷ്യനും തമ്മിൽ ഇഴപിരിയാത്ത ബന്ധമുണ്ടെന്ന് ചരിത്രാതീതകാലം മുതലുള്ള കണ്ടെത്തലുകൾ ശരിവെയ്ക്കുന്നുണ്ട്. നൂറ്റാണ്ടുകൾ മുന്നോട്ട് പോയപ്പോൾ ശാസ്ത്രത്തിന്റെ കുതിച്ചുചാട്ടവും ജനസംഖ്യയിൽ വന്ന കാതലായ മാറ്റങ്ങളും കാടിനും മനുഷ്യനുമിടയിൽ മതിലുകൾ തീർത്തു. പതിയെ പതിയെ കാടുകൾ പലതും റോഡുകളായി, പലയിടത്തും പുത്തൻ വീടുകളുയർന്നുവന്നു. വികസനം അനുദിനം മനുഷ്യനെ മാറ്റിമറിക്കുന്നത് കണ്ട് ഭയന്ന പഴയ തലമുറ കാടുസംരക്ഷണത്തിനായി കാടും വിശ്വാസവും തമ്മിലുള്ള അഭേദ്യമായ കഥ പുതിയ തലമുറയ്ക്ക് നൽകി.

വൃക്ഷങ്ങളാൽ ചുറ്റപ്പെട്ട കാവുകൾ ജീവശ്വാസത്തിന്റെ നിറകുടങ്ങളാണ്. ആദ്യം കാവുകൾ ഉണ്ടായി. കാവുകളിൽ ഈശ്വര സാന്നിധ്യം ഉണ്ടെന്ന് മനുഷ്യൻ തിരിച്ചറിഞ്ഞു. അവിടെ ദേവതമാരുണ്ടായി. കാവുകൾ ക്ഷേത്രമായതും ദേവതമാർ ദേവിമാരായതും പിൽക്കാല ചരിത്രം. കാവുകളിൽ വച്ച് നീതിയും അനീതിയും സത്യവും അസത്യവും വേർതിരിഞ്ഞു. അങ്ങിനെ കാവുകൾ സങ്കേതങ്ങളായി. കാവുകളിലെ സത്യത്തിന് ശക്തിയുണ്ടായപ്പോൾ ആരാധനയ്ക്കായി കാവുകളിൽ ബിംബപ്രതിഷ്ഠ ഉണ്ടായി. ആദി ദ്രാവിഡ ഗോത്ര ജനതയുടെ വിശ്വാസം കുടികൊള്ളുന്ന കാവുകളിൽ സത്യവും നീതിയും കെടാവിളക്കാവുന്നു.

ദേവീകാവുകളിൽ മുഖ്യമായ ഒന്നാണ് ലോകനാർകാവ്. ലോകരും മലയും ആറും കാവും ഒത്തിണങ്ങിയ പ്രദേശം എന്നർത്ഥം വരുന്ന ലോകമലയാർകാവ് ലോപിച്ചാണ് ലോകനാർകാവായത്. ചില വടക്കൻ പാട്ടുകളിൽ ഒളവന്നൂർകാവ്എന്നും പ്രയോഗിച്ചു കാണുന്നു. കോഴിക്കോട് ജില്ലയിലെ വടകര ടൗണിൽനിന്ന് അഞ്ച്കി.മീ. കിഴക്കുമാറി ആയഞ്ചേരി ഗ്രാമത്തിലാണ് ഈ കാവ്. ഉൽപ്പത്തിയെക്കുറിക്കുന്ന വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ലെങ്കിലും ഐതിഹ്യങ്ങളും തോറ്റംപാട്ടുകളും പല ചരിത്രസത്യങ്ങളിലേക്കും കൺതുറക്കുന്നുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് ഉത്തരേന്ത്യയിൽ നിന്നും ധനികരായ ഒരു സംഘം വൈശ്യപ്രമാണിമാർ തങ്ങളുടെ ആരാധനാമൂർത്തിയായ

**ദേവീകാവുകളിൽ മുഖ്യമായ ഒന്നാണ് ലോകനാർകാവ്. ലോകരും മലയും ആറും കാവും ഒത്തിണങ്ങിയ പ്രദേശം എന്നർത്ഥം വരുന്ന ലോകമലയാർകാവ് ലോപിച്ചാണ് ലോകനാർകാവായത്**







ദേവിയോടൊപ്പം ദക്ഷിണേന്ത്യയിലെത്തി. അവർ തുറമുഖവ്യാപാരനഗരമായ കൊല്ലത്തെ ലോകമാലേശ്വരം എന്ന സ്ഥലത്ത് താവളമടിച്ചു. വ്യാപാരാവശ്യാർത്ഥം ദേശാടനം ചെയ്യുക അവരുടെ പതിവായിരുന്നു. ഇങ്ങനെ പുറപ്പെട്ട സംഘങ്ങൾ സ്ഥാപിച്ചതാണ് കൊടുങ്ങല്ലൂർ, കൊല്ലം പിഷാരിക്കാവ്, ലോകനാർകാവ് എന്നിവ എന്നു വിശ്വസിക്കപ്പെടുന്നു.

കൊല്ലത്തു നിന്നു യാത്രപുറപ്പെട്ട ഒരു സംഘം വടകരയ്ക്കടുത്ത് പുതുപ്പണത്തു താമസമാക്കി. എന്നാൽ ഇത് നീണ്ടുനിന്നില്ല. തങ്ങളിലൊരാൾക്ക് ഏൽക്കേണ്ടിവന്ന മാനഹാനി നിമിത്തം മനംനൊന്ത് പുതുപ്പണമുപേക്ഷിച്ച് അവർ കുട്ടോത്തുവഴി മേമുണ്ടയിലെത്തി. അവിടെ 'ഓലമ്പല'ത്തിൽ സഭകൂടിയ സ്ഥാനികരോട് തങ്ങളുടെ കുലദേവതയെ കുടിയിരുത്തുവാനൊരിടം തരണമെന്നപേക്ഷിച്ചു. അങ്ങനെ അവരെല്ലാവരും കൂടി ലോകനാർകാവ് വിഷ്ണുക്ഷേത്രത്തിലെത്തി. ദേവി ശ്രീകോവിലിന്റെ വടക്കുവശത്തുള്ള അകക്കോലായിൽ ഭഗവാന്റെ അതിഥിയായിരുന്നുവത്രേ. ഇന്നും ഭക്തജനങ്ങൾ പ്രദക്ഷിണസമയത്ത് ആ സ്ഥാനത്തെ തൊഴുതുവണങ്ങുന്നത് ഇതിന്റെ സ്മരണയ്ക്കായിരിക്കാം. പിന്നീട് ചെറിയൊരഴിപ്പുരയുണ്ടാക്കി അമ്മയെ അവിടെ താൽക്കാലികമായി കുടിയിരുത്തി. ആ കൊച്ചുപുര 'പാട്ടുപുര' എന്ന പേരിൽ അറിയപ്പെടുന്നു. വ്യാപാരിസംഘത്തിലെ കാരണവൻമാർ തൊട്ടടുത്ത കൊടക്കാട് കുന്നിന്റെ മുകളിലെത്തി തങ്ങളുടെ കുലദേവതയെ വിധിയാംവണ്ണം പ്രതിഷ്ഠിക്കാൻ വഴികാണിക്കണേ എന്നു പ്രാർത്ഥിച്ചുകൊണ്ട് ആകാശത്തേക്കൊരമ്പെയ്തു. അമ്പു ചെന്നു തറച്ചത് പേരറിയാത്ത ഒരു മരത്തിൽ. ഈ മരമാണ് ഭഗവതിക്കാവിലെ മൂലപ്രതിഷ്ഠ (മണിത്തൂണ്). വിഷ്ണുക്ഷേത്രത്തോടുതൊട്ടുള്ള സ്ഥലം ക്ഷേത്രപ്പണിക്ക് സ്വീകരിച്ച് 'ആനച്ചവിട്ടടിക്കാമാട' കൊടുത്ത് ലോകനാർ കാവിനു ചുറ്റുമുള്ള സ്ഥലങ്ങൾ അവർ വാങ്ങി.

കാവിനുചുറ്റും ഒരു പുത്തൻ വ്യാപാരനഗരം വളർന്നു. എന്നാൽ കാലപ്പോക്കിൽ കാവിനു സമീപത്തുകൂടി ഒഴുകിയിരുന്ന മൂരാട്പുഴയുടെ കൈവഴി വഴിമാറിയതോടെ, വ്യാപാരം തകർന്നപ്പോൾ ഉടമസ്ഥത കടത്തനാട്ടു രാജവംശത്തിനായി. എന്നാൽ കച്ചവടക്കാർക്കുണ്ടായിരുന്ന അവകാശാധികാരങ്ങൾ തുടർന്നു പോന്നു. കൊല്ലത്തു നിന്നു വന്ന ഈ വ്യാപാരികളെ രാവാരികൾ എന്നു വിളിച്ചിരുന്നു. പല വടക്കൻ പാട്ടുകളിലും 'രാവാരികൾ' എന്ന പ്രയോഗം കാണാം.

"കാവിലായി കുങ്കൻ രാവാരിയോ
കണക്കോലവായിച്ചിരിക്കുന്നല്ലോ"

കൊല്ലം കാവിൽ, കായണ്ണ, കടമേരി തുടങ്ങിയ സ്ഥലങ്ങളിൽ ഇവരുടെ അനേകം ഗൃഹങ്ങളുണ്ട്. പ്രധാനമായും രണ്ടുത്സവങ്ങളാണ് ലോകനാർകാവിലുള്ളത്. വൃശ്ചികമാസം മുഴുവൻ നടക്കുന്ന വിളക്കുത്സവവും, മീനമാസത്തിലെ രോഹിണി നക്ഷത്രത്തിൽ കൊടികയറി ഒരാഴ്ചനീണ്ടു നിൽക്കുന്ന പൂരം ഉത്സവവും. വൃശ്ചികം ഒന്നിന് കൊല്ലൻ വരവ് എന്ന തിരുവായുധമെഴുന്നള്ളത്തോടെ വിളക്കുത്സവമാരംഭിക്കുന്നു. ഓരോ ദിവസത്തെ വിളക്കും നിശ്ചയിക്കപ്പെട്ട കുടുംബങ്ങളോ സംഘങ്ങളോ സമുദായങ്ങളോ ആണ് നടത്തുന്നത്. പൂരം ഉത്സവത്തിലെ അതിപ്രധാനമായ രണ്ടു ചടങ്ങുകളാണ് പൂരംകളിയുടെ തലേദിവസം നടക്കുന്ന നാടുവലംവയ്ക്കലും പള്ളിവേട്ടയും. നിശ്ചിത ഗ്രാമവീഥിയിലൂടെ വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ വിഗ്രഹങ്ങൾ ആനപ്പുറത്തെഴുന്നുള്ളിക്കുന്നതിനാണ് നാടുവലംവയ്ക്കൽ എന്നു പറയുന്നത്. കൂടെ തെയ്യമ്പാടിക്കുറുപ്പുമുണ്ടാവും. ഗജവീരന്മാരുടെ അകമ്പടിയോടെ എഴുന്നള്ളത്ത് കടന്നുപോകുന്ന വ



ഴിയിൽ കരിയില കൂട്ടിയിട്ട് തീയിട്ടും പടക്കം പൊട്ടിച്ചുമാണ് തെയ്യമ്പാടിക്കുറുപ്പിനെ സ്വീകരിക്കുക.

മലബാറിലെ മറ്റ് ക്ഷേത്രങ്ങളിലെ പൂരം കളിയിൽനിന്നും വ്യത്യസ്തമായി ക്ഷേത്രനട അടച്ചുകഴിഞ്ഞാലാണ് ഇവിടെ പൂരം കളി നടക്കുക.പൂരമാല ചൊല്ലുമ്പോൾ ദേവിയും കളിയിൽ പങ്കെടുക്കുമെന്നാണ് വിശ്വാസം.

ലോകനാർകാവിൽ മാത്രമേ നാടൻകലയായ തച്ചോളിക്കളി അരങ്ങേറാറുള്ളു.ആയോധനകലയായ കളരിപ്പയറ്റുമായി ഒട്ടേറെ സാമ്യമുള്ള തച്ചോളിക്കളി ഒതേനനോടുള്ള ആദരവു കൂടിയാണ്.ഓരോ കളരിപ്പയറ്റ് വിദ്യാർഥിയും ഇന്നും അരങ്ങേറ്റത്തിനു മുമ്പ് ക്ഷേത്രത്തിലെത്തി അനുഗ്രഹം നേടി മാത്രമേ കളിത്തട്ടിലിറങ്ങാറുള്ളു.

മുൻപ് ലോകനാർകാവിലെ പ്രമുഖ ഉത്സവമായിരുന്നു കാവൂട്ടും പാട്ട്. വടക്കൻ പാട്ടുകളിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. തച്ചോളി ഒതേനനോട്ഏട്ടൻ പറയുന്നു.

'ഒളവന്നൂർ കാവിലെ ഭഗവതിക്ക് കാവൂട്ടും വേലയടുത്തുപോയി...' ഈ കാവൂട്ടും വേലയ്ക്ക് പന്തൽപ്പണി നടത്തുമ്പോഴാണ് ഒതേനൻ മതിലൂർ ഗുരുക്കളുമായി അങ്കം കുറിക്കുന്നത്. കാവൂട്ടും പാട്ടിനോടനുബന്ധിച്ച്മുമ്പുണ്ടായിരുന്നുവെന്നു പറയപ്പെടുന്ന എഴുന്നള്ളത്തോ വെള്ളാട്ടമോ ഇന്നില്ല. ഉച്ചാൽ, തൃപ്പുത്തരി, ഇല്ലംനിറ മുതലായവയാണ്മറ്റുവിശേഷദിവസങ്ങൾ.

വടക്കൻപാട്ടുകളിലെ വീരശൂരപരാക്രമിയായ തച്ചോളി ഒതേനന് കാവിലമ്മയുമായുള്ള ബന്ധം അഭേദ്യമാണ്. ഒതേനനെന്നും കൂട്ടായി, ശക്തിയായി, സാന്ത്വനമായി കാവിലമ്മയുണ്ട്. 'ഈച്ചക്കെറുമ്പിനൊരാവതില്ലാത്ത' അരുണാതിരിക്കോട്ട കടക്കാനും കുഞ്ഞിക്കന്നിയെക്കൊണ്ട് ഏഴു ചുരുളു വെറ്റില ചുറ്റിച്ച് ഒതേനന്റെ മാനം രക്ഷിക്കാനും കാവിലമ്മയാണ്തുണ. ഒതേനനും പറമ്പിൽകുറുക്കാട്ട് ചേരനും തമ്മിലുള്ള കലഹത്തെക്കുറിച്ചുള്ള പാട്ടിൽ കാവിലമ്മയും ഒതേനനും തമ്മിലുള്ള ആത്മബന്ധം വെളിവാകുന്നു. ഇത് ക്ഷേത്രത്തിന്റെ ഉദ്ഭവത്തെ സൂചിപ്പിക്കുന്ന കഥയായി കാണുന്നവരും കുറവല്ല. ഒതേനനെ കൊല്ലാനായി ഒരുങ്ങിപ്പുറപ്പെട്ട പറമ്പിക്കുറുക്കാട്ട് ചേരൻ അന്വേഷിച്ചന്വേഷിച്ച്കാവിലും വന്നെത്തുന്നു. കാവിലമ്മയോട് ഒതേനനെ കാണിച്ചുകൊടുക്കാൻ ആവശ്യപ്പെടുന്നു. അപ്പോൾ അമ്മ പറയുന്നു.

'ഇന്നെന്റെ ഒതേനനങ്ങില്ലെങ്കില്
ഇന്ന് ഞാൻ കാവിലങ്ങില്ല ചേരാ....
അമ്മയിന്നക്കൊടുങ്ങല്ലൂർകാരിപ്പോയി'.

ഒരനിയത്തി മണിയൂർ തെരുവത്തും മറ്റൊരനിയത്തി കലയാം വെള്ളിയും അച്ഛൻ പൊൻമേരിയും മുത്തശ്ശി പെരുവട്ടശ്ശേരിയും ഇളയ അനിയത്തി പാലങ്ങോട്ടൂരും കുടിയിരുന്നു. ദേവി യാത്ര തുടർന്ന് കാവിലെത്തി. കുഞ്ഞായിരുന്ന ഒതേനൻ കെട്ടിയ ഈന്തോലപ്പന്തലിലായിരുന്നു മൂന്നു കൊല്ലത്തെ വാസം. പിന്നെ ഈന്തോലമാറ്റി തെങ്ങോലയാക്കി. ഒതേനന്റെ ഒമ്പതാം വയസ്സിൽ ക്ഷേത്രം ഓടുവെപ്പിച്ചു. പതിനാലാം വയസ്സിൽ ഓടുമാറ്റി ചെമ്പടിച്ചു.

'അങ്ങനെത്ത്യോതേനൻ കുഞ്ഞനാണ്
ഞാനെന്റെ യൊതേനനെ തെരുവയില്ല'

എന്നാണ് അമ്മയുടെ മാറ്റമില്ലാത്ത ആവാക്ക്. ഈ ആത്മബന്ധം കൊണ്ടാണ് തന്നെ അധിക്ഷേപിച്ചിട്ടുപോലും ഭഗവതി ഒതേനനെ തുണയ്ക്കുന്നത്. മതിലൂർ ഗുരുക്കളുമായി അങ്കം കുറിച്ച ഒതേനൻ അങ്കത്തിനു പുറപ്പെടുന്നതിനുമുമ്പായി ഭഗവതിയുടെ തിരുമുമ്പിൽ നമസ്കരിക്കുന്നു. ജാതകത്തിൽ വ്യാഴം പിഴച്ച ഈ സമയത്ത് പൊന്നിയത്ത് പടയ്ക്ക് പോകരുതെന്ന് അരുളപ്പാടുണ്ടാകുന്നു. എന്നാൽ ഒതേനനെ ഇത് അരിശം കൊള്ളിക്കുകയാണ്.

'ഭഗവതിയെന്നു ഞാൻ വെയ്ക്കയില്ല
എല്ലാം നിരത്തി ഞാനെള്ളാടിക്കും'

ഒടുക്കം ഒതേനനെ അനുയാത്രചെയ്യാൻ ഭഗവതി സമ്മതിച്ചു. 'ഞാനൊരു ചുവപ്പു കിളിയായി പൊന്നിയത്താലിൽ വന്നിരിക്കും അപ്പോൾ മാത്രം പടയ്ക്കിറങ്ങുക'. ഒതേനൻ കിളിയെക്കണ്ട് അങ്കത്തിനിറങ്ങി വിജയം വരിച്ചു. എന്നാൽ പടനിലത്തുവച്ചു മറന്ന മടിയായുധമെടുക്കാൻ പോയ ഒതേനൻ ഒളി വെടിയേറ്റുമരിച്ചു. ആലിൻ കൊമ്പത്തെ ചുവപ്പുകിളി അപ്രത്യക്ഷയായിരുന്നു.

ഈ ബന്ധത്തിന്റെ തുടർച്ചയെന്നോണം ഇന്നും തച്ചോളിത്തറവാട്ടിലെ തിറയുത്സവത്തിന് (ഒതേനൻ തിറ)അഗ്നി കൊണ്ടുപോകുന്നത് ലോകനാർകാവിൽ നിന്നാണ്.

കഠിനമായ പരീക്ഷണങ്ങളിലൂടെ സത്യം ഇഴകീറി പരിശോധിക്കുന്ന ലോകനാർ കാവിലെ സത്യം ചെയ്യൽ ഏതൊരാളിന്റെയും നിരപരാധിത്വം തെളിയിക്കും വിധം വിപുലമായ ചടങ്ങായിരുന്നു.കാലത്തോടൊപ്പം വിസ്മൃതിയിലാണ്ട ചടങ്ങുകളിൽ ഇപ്പോൾ സത്യം ചൊല്ലൽ മാത്രമേ ക്ഷേത്രത്തിൽ നടക്കുന്നുള്ളു.

കാലവും ചരിത്രവും പലപ്പോഴും മാറ്റങ്ങൾക്കു വിധേയമായപ്പോഴും ഗ്രാമീണസംസ്കൃതിയുടെ തനതായ ഭാവം ഉൾക്കൊണ്ട് ആയഞ്ചേരി ഗ്രാമത്തിന്റെ മുഖമുദ്രയായി ലോകനാർകാവ് നിൽക്കുന്നു.പ്രകൃതിയും അതിനു സാക്ഷ്യം വഹിക്കുന്നു.●

*ലേഖികയുടെ ഫോൺ നം.: 9809870610*

സി. പ്രശാന്ത്

# ആദ്യകിരണങ്ങളും മേരിക്കുട്ടിയും




പുരോഗതി എത്തിനോക്കാൻ മടിക്കുന്ന ഒരു മലയോര ഗ്രാമത്തിൽ വികസനത്തിന്റെ കൈത്തിരി നാളവുമായി കടന്നുവന്ന മേരിക്കുട്ടി എന്ന ഗ്രാമസേവികയെ അത്ര പെട്ടെന്നൊന്നും മറക്കാൻ മലയാളിക്കു കഴിയില്ല. പട്ടാളക്കഥകളിലൂടെ മലയാള നോവൽ സാഹിത്യത്തിൽ ശ്രദ്ധേയനായ പാറപ്പുറത്തിന്റെ 'ആദ്യകിരണങ്ങൾ' എന്ന നോവലിലെ കേന്ദ്ര കഥാപാത്രമാണ് മേരിക്കുട്ടി.

വികസന ബ്ലോക്കുകളിലെ വിവിധ പദ്ധതി പ്രവർത്തനങ്ങളിലൂടെ നാട്ടിലെങ്ങും വികസനത്തിന്റെ ശംഖൊലി മുഴങ്ങുന്ന സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് കഥ നടക്കുന്നത്. കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിൽ നിന്ന് ഗ്രാമസേവികാ പരിശീലനം പൂർത്തിയാക്കിയ മേരിക്കുട്ടിക്ക് ആദ്യ നിയമനം കിട്ടുന്നത് ആനച്ചാൽ എന്ന കുഗ്രാമത്തിലാണ്. ഗ്രാമസേവിക എന്ന വാക്കുപോലും കേട്ടിട്ടില്ലാത്ത ആ ഗ്രാമത്തിലെ സാധാരണക്കാരെ സർക്കാർ പദ്ധതികളുടെ ഭാഗമാക്കാൻ മേരിക്കുട്ടിക്ക് ഏറെ പ്രയത്നിക്കേണ്ടി വരുന്നു. കള്ളത്തടിവെട്ടും അതിക്രമങ്ങളുമായി ഗ്രാമത്തിന്റെ സൈ്വരക്കേടായി ജീവിക്കുന്ന കുഞ്ഞുകുട്ടിയും കൂട്ടാളികളും അവളുടെ പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയാകുന്നു. എന്നാൽ ഈ പ്രതിസന്ധികളിലൊന്നും പതറാതെ ജനങ്ങളിലൊരുവളായി നിന്ന് അവരുടെ സുഖ ദുഃഖങ്ങളിൽ പങ്കുചേർന്ന് അവരെ മെല്ലെമെല്ലെ തന്റെ ലക്ഷ്യത്തിന്റെ ഭാഗമാക്കാൻ മേരിക്കുട്ടിക്ക് കഴിയുന്നു. ഒരു മാതൃകാഗ്രാമസേവികക്കു വേണ്ട ക്ഷമയും സഹനശക്തിയുമൊക്കെ ആർജ്ജിച്ചെടുത്താണ് അവൾ തന്റെ ലക്ഷ്യപ്രാപ്തിയിലെത്തുന്നത്. ബ്ലോക്ക് വികസന ഓഫീസറും മുഖ്യ സേവികയുമൊക്കെ അവളുടെ പ്രവർത്തനങ്ങൾക്ക് സർവ്വ പിന്തുണയും നൽകുന്നു. മഹിളാസമാജം രൂപീകരണം, പുതിയ റോഡ് നിർമ്മാണം, തയ്യൽപരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നാടിന്റെ മുഖഛായ തന്നെ മാറിമറിയുന്നു. മേരിക്കുട്ടിയുടെ പ്രവർത്തനങ്ങളെ സംശയദൃഷ്ടിയോടെ കണ്ടിരുന്നവരൊക്കെ ക്രമേണ അവളുടെ നന്മ തിരിച്ചറിഞ്ഞ് മാനസാന്തരപ്പെടുന്നു.

1961 ൽ ആദ്യ പതിപ്പായി പുറത്തിറങ്ങിയ ഈ കൃതിയെ വായനക്കാർ ആവേശത്തോടെയാണ് സ്വീകരിച്ചത്. 1964 –ൽ പി. ഭാസ്കരന്റെ സംവിധാനത്തിൽ ആദ്യകിരണങ്ങൾ ചലച്ചിത്രമായി.

ഒരു ഗ്രാമമുന്നേറ്റത്തിന്റെ കഥയെ ഒട്ടും വിരസമാകാതെ അവതരിപ്പിക്കാൻ പാറപ്പുറത്തിന്റെ കൃതഹസ്തമായ രചനാശൈലിക്കു കഴിഞ്ഞു. പ്രണയം, വിരഹം, ചതി, പക, കുറ്റബോധം തുടങ്ങിയ മാനുഷിക വികാരങ്ങളുടെ കൃത്യവും സമർത്ഥവുമായ വിന്യാസത്തിലൂടെ ആഖ്യാന മികവ് പ്രകടമാക്കിയ 'ആദ്യകിരണങ്ങൾ' അഞ്ചു പതിറ്റാണ്ടുകൾക്കു മുമ്പുള്ള കേരളീയ ഗ്രാമീണ ജീവിതത്തിന്റെ നേർചിത്രം കൂടിയാകുന്നു.

1961 ൽ ആദ്യ പതിപ്പായി പുറത്തിറങ്ങിയ ഈ കൃതിയെ വായനക്കാർ ആവേശത്തോടെയാണ് സ്വീകരിച്ചത്. 1964 -ൽ പി. ഭാസ്കരന്റെ സംവിധാനത്തിൽ 'ആദ്യകിരണങ്ങൾ' ചലച്ചിത്രമായി. ചിത്രത്തിൽ മേരിക്കുട്ടി എന്ന കഥാപാത്രത്തിനു ജീവൻ നല്കിയത് കെ.ആർ വിജയ ആയിരുന്നു. സത്യൻ, മധു, അംബിക തുടങ്ങിയവർ മറ്റു പ്രധാന വേഷങ്ങളിലെത്തി. 'ഭാരതമെന്നാൽ പാരിൻ നടുവിൽ കേവലമൊരുപിടി മണ്ണല്ല'. എന്നു തുടങ്ങുന്ന പ്രശസ്ത ഗാനം ഈ ചിത്രത്തിലേതാണ്. മലയാളത്തിലെ മികച്ച ചിത്രത്തിനുള്ള ദേശീയ അവാർഡും ഈ ചിത്രം കരസ്ഥമാക്കി.

ദശാബ്ദങ്ങൾ പിന്നിടുമ്പോഴും മേരിക്കുട്ടി എന്ന ഗ്രാമസേവിക മലയാളിയുടെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നു. സാമൂഹ്യസേവന രംഗത്തേക്കു കടന്നുവരുന്ന, ഗ്രാമവികസന വകുപ്പിൽ സേവന തല്പരരായി എത്തുന്ന പുതുതലമുറയ്ക്ക് പ്രചോദനവും വഴികാട്ടിയുമായി മാറാൻ 'ആദ്യകിരണങ്ങൾ' എന്ന കൃതിക്ക് കഴിയുന്നുവെന്ന കാര്യത്തിൽ തർക്കമില്ല.

എസ്. സുദേവൻ

# തെക്കുപടിഞ്ഞാറൻ

ലോകത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടുന്ന മൺസൂൺ എന്ന കാലാവസ്ഥാ പ്രതിഭാസത്തിൽ ഏറ്റവും ശ്രദ്ധേയമായതാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും ചൈനയിലും ജൂൺ മുതൽ സെപ്തംബർ അവസാനം വരെ അനുഭവപ്പെടുന്ന കാലാവസ്ഥ.

ലോക ജനസംഖ്യയിൽ നല്ലൊരുഭാഗം അധിവസിക്കുന്ന മേഖലയിൽ അവരുടെ സാമ്പത്തിക സ്ഥിതിയിൽ വളരെ നിർണായകമായ സ്വാധീനം ചെലുത്തുന്ന ഈ കാലാവസ്ഥാ പ്രതിഭാസം ആഗോളശ്രദ്ധ പിടിച്ചുപറ്റുന്നതിൽ അത്ഭുതപ്പെടാനില്ല. ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനത്തിൽ കൃഷിയും അനുബന്ധ വ്യവസായങ്ങളും വളരെ പ്രധാനപ്പെട്ട സ്വാധീനം ചെലുത്തുന്നു. കൃഷിക്കും കുടിവെള്ളത്തിനും ജലസേചനാവശ്യങ്ങൾക്കും വൈദ്യുത പദ്ധതികൾക്കും മറ്റ് ഉത്പാദനമേഖലകൾക്കും ആവശ്യമായ ജലം പ്രദാനം ചെയ്യുന്ന ഈ കാലാവസ്ഥാ പ്രതിഭാസത്തെ നമ്മൾ വളരെ ജിജ്ഞാസയോടെയാണ് നോക്കിക്കാണുന്നത്.

1870-കളിൽ തുടരെയുണ്ടായ വരൾച്ചയും പ്രകൃതിക്ഷോഭങ്ങളും അതുമൂലമുണ്ടായ കെടുതികളും കാലാവസ്ഥാ വകുപ്പിന്റെ രൂപീകരണത്തിനും പിൽക്കാലത്ത് ഇന്ത്യയിൽ ഉടനീളം നിരീക്ഷണ കേന്ദ്രങ്ങളും വർഷ മാപിനികളും സ്ഥാപിക്കുന്നതിനും അവയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ വിവിധ മേഖലകളിൽ ഉപയോഗപ്പെടുത്തുന്നതിനും അവസരം ഒരുക്കി. അതിലൂടെ രാജ്യത്തു പല വർഷങ്ങളിലും അനുഭവപ്പെട്ട വരൾച്ചയും വെള്ളപ്പൊക്കവും കൃത്യമായി അപഗ്രഥിക്കാനും അവയെ അതിജീവിക്കാനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനും നമുക്ക് കഴിഞ്ഞു.

സാധാരണഗതിയിൽ മെയ് മാസം ഇരുപതാം തീയതിയോടെ ആൻഡമാൻ ദ്വീപുകളിൽ വ്യാപിക്കുന്ന മൺസൂൺ കാലാവസ്ഥ ജൂൺ ഒന്നാം തീയതി കന്യാകുമാരി കടന്നു വടക്കോട്ട് നീങ്ങിത്തുടങ്ങും. അഞ്ചാം തീയതി കർണാടകയും പത്താം തീയതിയോടെ മഹാരാഷ്ട്ര, തെലുങ്കാന, ഒഡിഷയുടെ തീരപ്രദേശങ്ങളിലും പശ്ചിമ ബംഗാളിലും വ്യാപിക്കും. ഈ പ്രയാണം ജൂലൈ പതിനഞ്ചാം തീയതിയോടെ രാജസ്ഥാൻ ഉൾപ്പെടെ രാജ്യം മുഴുവൻ വ്യാപിക്കുന്നു. ഇത്തരത്തിൽ സ്ഥിരതയോടെയും ചിട്ടയോടെയുമായ പ്രയാണവും, വ്യാപനവും പല കാലാവസ്ഥാ ഘടകങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്. ഈ വ്യാപനത്തിൽ ചില വർഷങ്ങളിൽ മാറ്റം മറിച്ചിലുകൾ ഉണ്ടാവുകയും തന്മൂലം ലഭിക്കേണ്ട മഴയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുകയും ചെയ്യുന്നു.



# കാലവർഷം

## പ്രവചനവും സാധ്യതകളും

കൃത്യസമയത്തു മൺസൂൺ എത്തിയാലും രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ വരൾച്ചയോ അധിവൃഷ്ടിമൂലമുള്ള വെള്ളപ്പൊക്കമോ സാധാരണമാണ്. ഈ ഏറ്റക്കുറച്ചിലുകൾ ഒരു പരിധിവരെ മുൻകൂട്ടി പ്രവചിക്കാനും അതിനെ അതിജീവിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്താനും നമുക്കാകുന്നു. ഒരു മൺസൂൺ കാലഘട്ടത്തിലേക്കുള്ള പ്രവചനം കാലാവസ്ഥാ വകുപ്പ് എല്ലാവർഷവും ഏപ്രിൽ മാസത്തിലും ജൂണിലുമായി രണ്ടു ഘട്ടങ്ങളിലായി നടത്തിപ്പോരുന്നു. അപ്രകാരം, നടപ്പുവർഷം ശരാശരി മഴയുടെ 102% മുതൽ 110% ആണ് പ്രതീക്ഷിച്ചിരുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂൺ അവസാനിച്ചപ്പോൾ രാജ്യത്താകമാനം 97% മഴ ലഭ്യമായി. മഴയുടെ അളവും അതിന്റെ വ്യാപനവും മികച്ച നിലയിൽ ആയതിനാൽ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കാർഷികമേഖലയിലും മറ്റും നല്ല അന്തരീക്ഷം സംജാതമായി.

ഏതെങ്കിലും സംസ്ഥാനങ്ങളിലോ ജില്ലയിലോ ലഭിക്കേണ്ട മഴയുടെ 50% മുതൽ 75% വരെയേ ലഭിക്കുന്നുള്ളൂ എങ്കിൽ അതിനെ ലഘുവായ വരൾച്ചയെന്നും, ഇത് 50% കുറവാണെങ്കിൽ കഠിനമായ വരൾച്ച എന്നും നിർവചിക്കാം. 75 ശതമാനമോ അതിൽ കുറവോ മഴ രാജ്യത്തിൻറെ 20% ഭൂപ്രദേശത്തെങ്കിലും അനുഭവപ്പെട്ടുവെങ്കിൽ അത് ഒരു വരൾച്ചാവർഷമായി അറിയപ്പെടും. കഴിഞ്ഞ ഇരുനൂറിൽപ്പരം വർഷങ്ങൾക്കിടയിൽ (1801 മുതൽ) ഇത്തരത്തിൽ 14 വരൾച്ചാ വർഷമുണ്ടായിരുന്നു. ഇതിൽ തന്നെ നാലു തവണ തുടർ വർഷങ്ങൾ വരൾച്ചാ വർഷങ്ങൾ ആയിരുന്നു (1832, 1833, 1904, 1905, 1965, 1966, 1971, 1972 വർഷങ്ങൾ). ഇതിൽ 1971, 72 വർഷങ്ങളിൽ വരൾച്ചയും യുദ്ധക്കെടുതികളും ഒരേ സമയം നമ്മൾ അതിജീവിച്ചു.

**ഇനി ലഭിക്കാനിരിക്കുന്ന തുലാവർഷവും, ഏപ്രിൽ – മെയ് മാസങ്ങളിലെ വേനൽ മഴയും നല്ലരീതിയിൽ സംരക്ഷിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്.**

1918-ൽ അനുഭവപ്പെട്ട വരൾച്ചയാണ് ഏറ്റവും തീവ്രമായത്. 49% മഴക്കുറവ് രാജ്യത്തിന്റെ 71% ഭൂപ്രദേശത്തും അനുഭവപ്പെട്ടു. അതിനുശേഷം 1987-ൽ അനുഭവപ്പെട്ട വരൾച്ച 45% മഴക്കുറവിൽ രാജ്യത്തിന്റെ പകുതി പ്രദേശത്തേയും ബാധിച്ചു. രാജ്യത്തെ 5,11,300 ചതുരശ്ര കിലോമീറ്റർ പ്രദേശം വരൾച്ച ബാധിത പ്രദേശമായി കണക്കാക്കാം. ഇന്ത്യ പോലെ അതിവിശാലമായ രാജ്യത്ത്, രാജ്യം മുഴുവൻ വ്യാപിക്കുന്ന വരൾച്ചക്കു സാധ്യതയില്ല.

വരൾച്ചപോലെ വെള്ളപ്പൊക്കവും നാശം വിതക്കുന്നുണ്ട്. വരൾച്ച വളരെ ദീർഘമായ കാലഘട്ടത്തിലേക്ക് (അടുത്ത നല്ല മൺസൂൺ കാലം വരെ) നിലനിൽക്കുമ്പോൾ വെള്ളപ്പൊക്കം കുറച്ചുദിവസം മാത്രം അനുഭവപ്പെടുന്നു. രണ്ടു പ്രതിഭാസങ്ങളും രാജ്യത്തിന്റെ സമ്പത്തിൽ (ജീവജാലങ്ങൾ ഉൾപ്പെടെ) വലിയനാശ നഷ്ടങ്ങൾ വരുത്തുന്നുണ്ട്. അതിനെ, വിശേഷിച്ചും വരൾച്ചയെ, നേരിടാൻ കൃത്യമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പു പദ്ധതി കഴിഞ്ഞ വരൾച്ചയെ നേരിടുന്നതിൽ വലിയ പങ്കുവഹിച്ചു.

കാലവർഷത്തിന്റെ കേരളത്തിലേക്കുള്ള കടന്നു വരവിൽ, പല വർഷങ്ങളിലും



വളരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജൂൺ ഒന്നാം തീയതിയോ, അടുത്തുള്ള ദിവസങ്ങളോ ആണ് സാധാരണയെങ്കിലും, കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ 2009ൽ മേയ് മാസം 23നും 2005, 2012 വർഷങ്ങളിൽ ജൂൺ അഞ്ചിനും ആയിരുന്നു കാലവർഷം എത്തിച്ചേർന്നത്. രേഖപ്പെടുത്തപ്പെട്ട ഏറ്റവും മുന്നേയുള്ള പ്രവേശം 1918-ലും 1955-ലും മേയ് 11 ന് ആയിരുന്നു. അതുപോലെ ഏറ്റവും താമസിച്ച പ്രവേശം 1972 ജൂൺ 18-നും ആയിരുന്നു. പ്രവേശന തീയതി പോലെ തന്നെ പ്രധാനമാണ് അതിന്റെ തീവ്രതയും. ചില വർഷങ്ങളിൽ വളരെ ശക്തമായി ആയിരിക്കും മഴയുടെ തുടക്കം. അതേ സമയം മറ്റു ചില വർഷങ്ങളിൽ വളരെ ശാന്തതയോടും. കാലവർഷ പ്രവേശനം നിർവചിക്കപ്പെടുന്നത് മഴയുടെ വ്യാപ്തി മാത്രം നോക്കിയല്ല. അന്തരീക്ഷത്തിലെ താഴത്തെ 4.5 കി.മി. മേഖലയിലെ കാറ്റിന്റെ ദിശയും ശക്തിയും ഭൗമോപരി തലത്തിൽ നിന്നും പ്രസരിക്കുന്ന ഊർജ്ജത്തിന്റെ, എത്ര കണ്ടു അന്തരീക്ഷ- ഉപരി



തലത്തിൽ നിന്നും നിർഗമിക്കുന്നു എന്നതും അളവുകോലാണ്.

കാലവർഷത്തിന്റെ കേരള പ്രവേശനം ആകാംക്ഷയോടെയാണ് ഇന്ത്യൻ സാമ്പത്തിക മേഖല നോക്കി കാണുന്നത്. അതിനാൽ തന്നെ അതിന്റെ സ്വാധീനം സ്റ്റോക്ക് ഇൻഡക്സിൽ വരെ പ്രതിഫലിക്കുന്നതായി കാണാം. തെക്കുപടിഞ്ഞാറൻ കാലവർഷം വടക്കേ ഇന്ത്യയിൽ നിന്നും സെപ്റ്റംബർ ഒന്നാം തീയതിയോടെ വിടവാങ്ങാൻ തുടങ്ങുന്നു. സെപ്റ്റംബർ 10 -ന് കച്ച്, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങളിൽ നിന്നും, ഒക്ടോബർ ഒന്നിന് മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ് ഭാഗങ്ങളിൽ നിന്നും 15-ാം തീയതിയോടെ ഗോവ, ഹൈദരാബാദ്, വിശാഖപട്ടണം മുതലായ സ്ഥലങ്ങളിൽ നിന്നും പിൻവാങ്ങുന്നു. അതിനുശേഷം പിൻവാങ്ങൽ തുടരുന്നുവെങ്കിലും ആ കാലഘട്ടത്തെ വടക്കുകിഴക്കൻ കാലവർഷമായി ദക്ഷിണേന്ത്യയിൽ അറിയപ്പെടുന്നു. ഡിസംബറോടെ ഈ പ്രതിഭാസം കേരളത്തിൽ നിന്നും പൂർണ്ണമായി പിന്മാറും. മേൽപറഞ്ഞതിൽ നിന്നും തെക്കുപടിഞ്ഞാറൻ കാലവർഷക്കാലം ഏറ്റവും കുറവ് രാജസ്ഥാനിലാണെന്ന് കാണാം. അടുത്തതായി കാലവർഷക്കാലം കേരളത്തിൽ എങ്ങനെ എന്നു നോക്കാം. ജൂൺ ഒന്നാം തീയതിയോടെ ആരംഭിക്കുന്ന കാലവർഷക്കാലം ഡിസംബറോടെ അവസാനിക്കുന്നു. ഈ കാലയളവിനെ രണ്ടായി കണക്കാക്കാം. ജൂൺ ഒന്ന് മുതൽ സെപ്റ്റംബർ 30 വരെയുള്ള തെക്കുപടിഞ്ഞാറൻ കാലവർഷക്കാലവും ഒക്ടോബർ ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള വടക്കുകിഴക്കൻ കാലവർഷവും (തുലാവർഷവും). കേരളത്തിൽ ലഭിക്കുന്ന മഴയുടെ 70% തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്താണ് ലഭിക്കുന്നത് (2040 മി.മീറ്റർ). ഇതിൽത്തന്നെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കാരണം ഏറ്റക്കുറച്ചിലുകൾ പ്രകടമാണ്. കേരളത്തിന്റെ തെക്കു നിന്നു വടക്കോട്ടും, അതുപോലെ തന്നെ തീരപ്രദേശങ്ങളിൽ നിന്നു കിഴക്കോട്ടും മഴയുടെ തോത് കൂടും. പശ്ചിമഘട്ട മേഖലയിൽ ഇത് ഏറ്റവും കൂടുതലായിരിക്കും. തെക്കൻ കേരളത്തിൽ പീരുമേട്ടിൽ 3770 മി. മീറ്ററും നേര്യമംഗലത്തു 3830 മി. മീറ്ററും ശരാശരി മഴ ലഭിക്കുമ്പോൾ, വടക്കൻ കേരളത്തിൽ വൈത്തിരിയിൽ 3580 മി. മീറ്ററും കുറ്റ്യാടിയിൽ 3380 മി. മീറ്റർ മഴയും ലഭിക്കുന്നു.

മഴയുടെ അളവുപോലെ തന്നെ പ്രധാനമാണ് മഴ ദിനങ്ങളും. 2.5 മി. മീറ്റർ മഴ എങ്കിലും ലഭിക്കുന്ന ദിനങ്ങളെ മഴദിനങ്ങളായി കണക്കാക്കാം. തുടരെയുള്ള ദീർഘമായ മഴദിനങ്ങൾ അഭികാമ്യമല്ല. അതു പ്രകൃതി ദുരന്തങ്ങൾക്കും പകർച്ച വ്യാധികൾക്കും കാരണമാകുന്നു. കേരളത്തിൽ ജൂൺ- സെപ്റ്റംബർ കാലയളവിൽ ലഭിക്കുന്ന 2040 മി. മീറ്റർ മഴ, 79 മഴദിനങ്ങളിലായിട്ടാണ് നമുക്ക് ലഭിക്കുന്നത്. അതിൽ 670 മി. മീറ്റർ മഴ 23 മഴദിനങ്ങളിലായി ജൂണിലും 680 മി. മീറ്റർ 24 മഴദിനങ്ങളിലായി ജൂലൈയിലും 420 മി. മീറ്റർ മഴ 19 മഴദിനങ്ങളിലായി ഓഗസ്റ്റിലും 240 മി. മീറ്റർ മഴ 13 മഴദിനങ്ങളിലായി സെപ്റ്റംബറിലും ലഭിക്കുന്നു.

അതുപോലെ വടക്കുകിഴക്കൻ കാലവർഷം (തുലാവർഷം) 310 മി. മീറ്റർ മഴ 14 മഴദിനങ്ങളിലായി ഒക്ടോബറിലും 190 മി. മീറ്റർ മഴ 9 മഴദിനങ്ങളിലായി നവംബറിലും ലഭിക്കുന്നു.

മഴദിനങ്ങളിൽ 70 മി. മീറ്ററിൽ കൂടുതൽ ആണെങ്കിൽ ശക്തമായ മഴയെന്നും, 130 മി. മീറ്ററിൽ കൂടുതലെങ്കിൽ അതിശക്തമായ മഴയെന്നും, 230 മി. മീറ്ററിൽ കൂടുതൽ എങ്കിൽ അതീവശക്തമായ മഴയെന്നും, ഒരു സ്ഥലത്തു ഇതുവരെ ലഭിച്ചിട്ടുള്ള ഏറ്റവും കൂടിയ മഴയുടെ അത്രയും അടുത്താണെങ്കിൽ അഭൂതപൂർവ്വമായ മഴയെന്നും വിശേഷിപ്പിക്കാം. ഇതിനുള്ള സാധ്യതയുണ്ടെങ്കിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾക്കും, ദുരന്ത നിവാരണ അതോറിറ്റിക്കും ജില്ലാതലവന്മാർക്കും മുന്നറിയിപ്പ് നൽകാറുണ്ട്. ശക്തമായ മഴ 70 മുതൽ 100 മി. മീറ്റർ വരെ കേരളത്തിൽ സർവ്വസാധാരണമായതിനാൽ നാം അതിനോട് ഇണങ്ങി കഴിയും. അതേ സമയം തുടരെയുള്ള ദിനങ്ങളിലെ ഇത്തരം മഴയേയും, അതിശക്തമായതും അതീവശക്തമായതുമായ മഴയെയും വളരെ കരുതലോടെ നേരിടേണ്ടതുണ്ട്. അതാത് സംസ്ഥാനങ്ങളിലെ ദുരന്ത നിവാരണ അതോറിറ്റിയും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയും അത്തരം സാഹചര്യങ്ങളെ നേരിടാൻ പര്യാപ്തമായിരിക്കുന്നു. കാലാവസ്ഥാവകുപ്പ് ഈ സാഹചര്യങ്ങൾ മുൻകൂട്ടി അറിയിക്കുകയും മേൽപ്പറഞ്ഞ ഏജൻസികൾ അത് അപഗ്രഥിച്ച് വേണ്ട നടപടികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. തന്മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഫലപ്രദമായ സംരക്ഷണം നൽകാൻ ഈ കൂട്ടായ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. ഈ പ്രവർത്തനത്തെ കുറ്റമറ്റതാക്കാൻ കൃത്യമായ വിവരങ്ങൾ വളരെ മുൻകൂറായി നൽകേണ്ടതുണ്ട്. കാലാവസ്ഥാ ശാസ്ത്രത്തിലും അനുബന്ധ ശാസ്ത്ര ശാഖകളിലും പ്രത്യേകിച്ചും വിവരസാങ്കേതിക വിദ്യയുടെ കടന്ന് വരവ് കാലാവസ്ഥാ പ്രവചനം വളരെ മുൻകൂട്ടി നൽകാൻ അവസരമൊരുക്കി. കുറഞ്ഞത് പത്തു ദിവസം മുൻപ് വരെയുള്ള പ്രവചനം ഇപ്പോൾ സാധ്യമാണ്. അതുപോലെതന്നെ ഒരു മാസത്തേക്കുള്ള പ്രവചനവും ഒരു സീസണിലേക്കുള്ള പ്രവചനവും ഫലപ്രാപ്തിയിലേക്ക് എത്തിയിരിക്കുന്നു. അതിന്റെ വിന്യാസവും അതുപ്രകാരമുള്ള സർക്കാർ തലത്തിലുള്ള തയാറെടുപ്പുകളും ഇന്ന് ജനവിശ്വാസം ആർജ്ജിച്ചിരിക്കുന്നതായി കാണാം. ഇനി നമുക്ക് ഈ വർഷത്തെ കേരളത്തിലെ കാലവർഷ കാലത്തേക്ക് ഒന്ന് തിരിഞ്ഞു



**വരൾച്ചപോലെ വെള്ളപ്പൊക്കവും നാശം വിതയ്ക്കുന്നുണ്ട്. വരൾച്ച വളരെ ദീർഘമായ കാലഘട്ടത്തിലേക്ക് (അടുത്ത നല്ല മൺസൂൺ കാലം വരെ) നില നിൽക്കുമ്പോൾ വെള്ളപ്പൊക്കം കുറച്ചുദിവസം മാത്രം അനുഭവപ്പെടുന്നു.**

നോക്കാം. വളരെ ശുഭാപ്തി വിശ്വാസത്തോടെ ആരംഭിച്ച കാലവർഷ കാലം രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശത്തും പ്രതീക്ഷയേക്കാൾ ഉയർന്ന് വളരെ ഭദ്രമായ ഒരു സ്ഥിതിവിശേഷത്തിലേക്കു നയിച്ചപ്പോൾ, കേരളത്തിൽ മാത്രം ഒറ്റപ്പെട്ട പ്രതീതി സൃഷ്ടിക്കപ്പെട്ടു. കഴിഞ്ഞ അൻപതു വർഷ മഴക്കാല ചരിത്രത്തിൽ ഏറ്റവും കുറഞ്ഞ മഴ ലഭിച്ച കാലമാണ് കടന്നു പോകുന്നത്. കേരളത്തിൽ മൊത്തമായി മുപ്പത്തിനാല് ശതമാനം മഴക്കുറവ്. വയനാട്ടിൽ അമ്പത്തിയൊൻപത് ശതമാനവും തൃശൂർ നാൽപ്പത്തിനാല് ശതമാനവും മലപ്പുറം മുപ്പത്തിയൊൻപതു ശതമാനവും മറ്റു



ജില്ലകളിൽ ഇരുപത്തിനാലു ശതമാനം മുതൽ മുപ്പത്തിയാറു ശതമാനം വരെ മഴക്കുറവ് രേഖപ്പെടുത്തി. മഴക്കുറവ് പോലെതന്നെ മഴദിനങ്ങളിലും ഗണ്യമായ കുറവ് ഉണ്ടായി. ഓഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിൽ വളരെകുറവ് മഴദിനങ്ങളേ ഉണ്ടായിരുന്നുള്ളു. ഈ പ്രതിഭാസം ആശങ്ക ഉണർത്തുന്നതാണ്. ഭൂമിയിലെ ജലനിരപ്പിൽ ഗണ്യമായ കുറവിന് ഇത് കാരണമാകും. അതുപോലെ തന്നെ നീരൊഴുക്ക് കുറയാനും ജല സംഭരണികളിലെ ജലനിരപ്പ് പതിവിനേക്കാൾ താഴാനും ഇടയാകും. കാർഷിക മേഖല മുതൽ എല്ലാ കർമ്മ രംഗങ്ങളിലും ഇതു ദോഷമായി ഭവിക്കാനും എല്ലാ ജീവജാലങ്ങൾക്കും അവയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഭൂമിയുടെ കഴിവിനെ പരിമിതപ്പെടുത്തുകയും ചെയ്യും.

ഇനി ലഭിക്കാനിരിക്കുന്ന തുലാവർഷവും, ഏപ്രിൽ-മെയ് മാസങ്ങളിലെ വേനൽ മഴയും നല്ലരീതിയിൽ സംരക്ഷിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. രണ്ടായിരത്തി പതിനഞ്ചാമാണ്ട് കാലവർഷക്കാലം ഇരുപത്തിയേഴു ശതമാനം മഴക്കുറവിലാണ് അവസാനിച്ചതെങ്കിലും ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ നല്ല മഴ ലഭിച്ചിരുന്നതും തുലാവർഷം പതിവിൽക്കൂടുതൽ മഴ ലഭിച്ചതും കേരളത്തെ വരൾച്ചയിൽ നിന്നും രക്ഷിച്ചു. എല്ലാ വർഷവും ആ കനിവ് പ്രകൃതിയിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. അതിനാൽ തന്നെ ഈ തുലാവർഷക്കാലം മഴക്കൊയ്ത്തിനായി നമുക്ക് മാറ്റി വെയ്ക്കാം. പരമ്പരാഗതമായ ജലസംരക്ഷണരീതികൾ, മഴക്കുഴികൾ, ഭൂമിയുടെ ഉപരിതലം ഇളക്കൽ, വിസ്തൃതിയുള്ള പുരയിടങ്ങളിൽ ബണ്ടുകൾ തീർക്കുക. വൃക്ഷങ്ങൾക്ക് തടം ഇടുക, കിണർ റീചാർജ്, ചെറിയ നീരൊഴുക്കുകളിൽ പോലും 300 മുതൽ 500 മീറ്റർ ഇടവിട്ടു ചെറിയ തടയണകൾ, കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കൽ, കിണറുകൾ സാങ്കേതികമായി സാധ്യമെങ്കിൽ ആഴം കൂട്ടൽ, തരിശ് കിടക്കുന്ന നെൽവയലുകളിലും, പണകളിലും ജലം സംഭരിക്കാനുള്ള സാഹചര്യം ഒരുക്കൽ, നീർച്ചാലുകളും നദികളും മലിനമാക്കാതിരിക്കൽ തുടങ്ങി വളരെ ലളിതമായ പ്രവൃത്തികൾ സാമൂഹ്യമായ ഇടപെടലോടെ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കിയാൽ, വരാൻ സാധ്യതയുള്ള ജലക്ഷാമത്തെ നമുക്ക് അതിജീവിക്കാം.●

*തിരുവനന്തപുരം കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ഡയറക്ടറാണ് ലേഖകൻ*

പൈതൃകം

ഡോ. സി.തമ്പാൻ

# തെങ്ങോലകൾക്കുമുണ്ട് കഥ പറയാൻ

ലോകത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള ജനതയുടെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക പ്രവർത്തനങ്ങളെ നിർണായകമായി സ്വാധീനിക്കുന്ന അതുല്യ വൃക്ഷമാണ് തെങ്ങ്. ഇതിന്റെ എല്ലാ ഭാഗങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മനുഷ്യന് പ്രയോജനകരമായതുകൊണ്ടാണ് തെങ്ങിനെ കൽപവൃക്ഷം (സ്വർഗീയ വൃക്ഷം) എന്നു വിളിക്കുന്നത്. തെങ്ങോലകൾക്ക് ഗ്രാമീണ ജീവിതത്തിൽ അതിപ്രധാനമായ സ്ഥാനമാണുള്ളത്. ഓലകളുമായുള്ള മനുഷ്യന്റെ ബന്ധം കുട്ടിക്കാലത്ത് തുടങ്ങി ജീവിതാന്ത്യം വരെ നിലനിൽക്കുന്നു. കുരുത്തോല മുതൽ ഉണങ്ങിയ ഓല വരെയുള്ളവയിൽ നിന്നും വിവിധയിനം കളിക്കോപ്പുകൾ, കരകൗശല വസ്തുക്കൾ, അലങ്കാര അനുഷ്ഠാന സാമഗ്രികൾ തുടങ്ങിയവ വിവിധോദ്ദേശ്യങ്ങൾക്കായി നിർമ്മിക്കാൻ കഴിയുന്നു.



ഉണങ്ങിയ ഓലയും മടലുമൊക്കെ ഇന്ധനാവശ്യങ്ങൾക്കായി ഗ്രാമീണ കുടുംബങ്ങൾ ഉപയോഗിച്ചിരുന്നു. കത്തിച്ചുവെച്ച ഓലച്ചൂട്ടിന്റെ വെളിച്ചത്തിൽ ചില അനുഷ്ഠാന കലാരൂപങ്ങളും അരങ്ങേറിയിരുന്നു. മെടഞ്ഞ ഓലകൾ കൊണ്ട് തീർത്ത മേൽക്കൂരയും ചുവരും തറവിരിപ്പുമൊക്കെയുള്ള വീടുകൾക്ക് ഇഷ്ടികകൊണ്ട് പണിതവയേക്കാൾ ചെലവുകുറവും കുളിർമ കൂടുതലുമായിരിക്കും. വിവാഹം, സമ്മേളനം തുടങ്ങിയവയ്ക്കായി വലിയ പന്തലുകൾ നിർമ്മിക്കാൻ മെടഞ്ഞ ഓലകൾ ഉപയോഗിച്ചിരുന്നു. ഗ്രാമീണ മേഖലയിലെ കുളിമുറി, കക്കൂസ് തുടങ്ങിയവയുടെ നിർമ്മാണത്തിനും ഓലയും മടലും ധാരാളം പ്രയോജനപ്പെടുത്തിയിരുന്നു. ചൂൽ നിർമ്മിക്കുന്നതിനും നാക്ക് വൃത്തിയാക്കുന്നതിനും ഓലയുടെ ഈർക്കിൽ ഉപയോഗിക്കാറുണ്ട്. ഓലമടലിലെ വഴുത കൊണ്ട് ചെറിയ വട്ടികളും വലിയ കുട്ടകളും ഉണ്ടാക്കുന്നു. കേരളീയ അനുഷ്ഠാന കലകളിൽ തെങ്ങോലയുടെ നിറസാനിധ്യം നമുക്ക് കാണാൻ കഴിയും. അനുഷ്ഠാന കലാരൂപങ്ങളായ തെയ്യം, തിറ, പടയണി,ഭൂതക്കുല മുതലായവയുടെ അവതരണത്തിൽ കുരുത്തോലയ്ക്ക് നിർണ്ണായക പങ്കാണുള്ളത്. കുരുത്തോല പെരുന്നാൾ പോലെയുള്ള ക്രൈസ്തവാരാഘോഷത്തിലും കുരുത്തോല ഉപയോഗിച്ചു വരുന്നു.

വിശിഷ്ടാവസരങ്ങളിൽ അലങ്കാരാവശ്യങ്ങൾക്കായി കുരുത്തോല ഉപയോഗിക്കുന്നു. താലപ്പൊലി ചടങ്ങിൽ തട്ടത്തിൽ വച്ച മുറിച്ച നാളികേരത്തിൽ തിരിയിട്ട് വെളിച്ചെണ്ണ ഒഴിച്ച് കത്തിച്ചാണ് അതിഥികളെ സ്വാഗതം ചെയ്യുന്നത്. നാട്ടുവൈദ്യത്തിലും ഓലയ്ക്ക് ഇടമുണ്ട്. ശരീരവേദന

കുറയ്ക്കാൻ കുരുത്തോല നീര് പ്രയോഗിക്കുന്നു. പച്ച ഓലപ്പൊതിയിൽ പുഴുങ്ങിയ അരി ഉപചാരാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനെ ഇൻഡോനേഷ്യയിൽ കെട്ടുപാട് (Ketupad) എന്നാണ് വിളിക്കുന്നത്. അലങ്കാരകലയ്ക്ക് ഫിലിപ്പൈൻസിൽ പുനി (puni) എന്നാണ് പേര്.

ലക്ഷദ്വീപ് നിവാസികളുടെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും അവരുടെ ജീവനോപാധികളായ മത്സ്യബന്ധനം, കൊപ്രനിർമ്മാണം, വിനോദസഞ്ചാരം തുടങ്ങിയവയിലും തെങ്ങും തെങ്ങോലയും ഇഴപിരിക്കാനാകാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു. പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളിൽ തെങ്ങോലകൾ ഒഴിവാക്കാനാകാത്ത ഘടകമാണ്. മത്സ്യ ശേഖരണകുട്ടകൾ, പലതരം തൊപ്പികൾ മുതലായവ തെങ്ങോലകൾ കൊണ്ടാണ് നിർമ്മിക്കുന്നത്. കൊപ്ര ഉണക്കുന്നതിനായി ഉണക്കോലകൾ കൊണ്ടുള്ള മറയും പായും നിർമ്മിക്കുന്നു. ഓലമേഞ്ഞ കുടിലുകളും ഓല കൊണ്ടുണ്ടാക്കിയ കളിപ്പാട്ടങ്ങളും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നവയാണ്.

ഓലകൊണ്ടുള്ള ഉത്പന്ന നിർമ്മാണത്തിനിടയിൽ പലപ്പോഴും ഓലകൾക്ക് കേടുപാടുകൾ വരാനും തൻനിമിത്തം അവയുടെ സ്വാഭാവിക നിറം നഷ്ടപ്പെടാനുമുള്ള സാധ്യത കൂടുതലാണ്. പ്രത്യേകിച്ചും കുരുത്തോലകൾക്ക്. അതുപോലെ തന്നെ ശേഖരിക്കപ്പെടുന്ന ഓല വേഗം വാടിപ്പോകാനുള്ള സാധ്യതയും കൂടുതലാണ്. ഈ രണ്ടു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗങ്ങളിലൂടെ ഇവ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് കൂടുതൽ പഠനങ്ങൾ അനിവാര്യമാണ്.






തെങ്ങോല ഉത്പന്നങ്ങളുടെ ഉപയോഗം വ്യാപകമാക്കിയാൽ പ്ലാസ്റ്റിക് പോലെയുള്ള കൃത്രിമ പദാർത്ഥങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കാണാൻ സാധിക്കും. പ്ലാസ്റ്റിക് ഒഴിവാക്കി ഓലകൊണ്ടു നിർമ്മിക്കുന്ന കളിപ്പാട്ടങ്ങളുമായി കുട്ടികളെ ഇണക്കിയാൽ കരകൗശല നിർമ്മാണത്തിൽ തത്പരരും വൈദഗ്ദ്ധ്യമുള്ളവരുമാക്കി അവരെ മാറ്റാൻ കഴിയും. തെങ്ങോല ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിൽ താത്പര്യമുള്ള യുവാക്കൾക്കും സ്വയം സഹായ സംഘങ്ങൾക്കും വിദഗ്ദ്ധ പരിശീലനം നൽകിയാൽ തൊഴിൽ സാധ്യത കൂടും. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്തി ഉത്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കാവാൻ കഴിയും. വിവാഹം, പൊതു പരിപാടികൾ തുടങ്ങിയവയ്ക്കുള്ള പന്തൽ നിർമ്മാണത്തിൽ ഓല ഉപയോഗിച്ചാൽ അത് നല്ലൊരു പരിസ്ഥിതി സൗഹൃദ പ്രവർത്തനമാകും. യന്ത്രങ്ങളുടെ സാധ്യതകൂടി പ്രയോജനപ്പെടുത്തി ഓല ഉത്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയ കൂടുതൽ ത്വരിതപ്പെടുത്താവുന്നതാണ്.



ഗ്രാമീണ ജനതയുടെ സംസ്കൃതിയുമായും നിത്യജീവിതവുമായും ഏറെബന്ധം പുലർത്തിയിരുന്ന തെങ്ങോലയുടെ ഉപയോഗം ഇന്ന് കുറഞ്ഞു കുറഞ്ഞുവരികയാണ്. അതിദ്രുതം വികസിക്കുന്ന ഈ ആധുനിക യുഗത്തിൽ ഓലയെ പിൻതള്ളി പ്ലാസ്റ്റിക് പോലെയുള്ള കൃത്രിമ വസ്തുക്കൾ നിർമ്മാണ പ്രവർത്തനങ്ങളിലും എന്തിന് ആചാരാനുഷ്ഠാനങ്ങളിൽപ്പോലും സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. അർത്ഥ പൂർണമായ ഇടപെടലുകളിലൂടെ മാത്രമേ തെങ്ങോലയുടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാഹാത്മ്യം വീണ്ടെടുക്കാൻ സാധിക്കൂ.●

*കടപ്പാട്: ഷമീന ബീഗം, ജെസ്മി വിജയൻ (കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം), പി. ജയരാജ് (തൃക്കരിപ്പൂർ ഫോക്‌ലാന്റ്)*

ടി. ഷാഹുൽ ഹമീദ്, മാഹി



ഗ്രാമീണ ടൂറിസം

# അനന്ത സാധ്യതകളുമായി വാണിമേൽ

ലോകത്ത് അതിവേഗം വളരുന്ന വ്യവസായങ്ങളിൽ ഒന്നാണ് വിനോദ സഞ്ചാരം. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുക, വിദേശനാണ്യം നേടിയെടുക്കുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടൊപ്പം ആഭ്യന്തര ടൂറിസം സാധ്യതകളിലേക്കും പാവങ്ങളുടെ വരുമാനദായക പ്രവർത്തനങ്ങളിലേക്കും ടൂറിസം മേഖല ചുവടുറപ്പിച്ച് കഴിഞ്ഞു. പ്രൊ പുവർ ടൂറിസം (പി.പി.ടി) എന്നതാണ് ടൂറിസത്തിൽ പ്രയോഗിക്കുന്ന ഒരു നയം. 2006 -ൽ കേരളത്തിൽ കുമരകത്ത് ഈ നയം വിജയകരമായി നടപ്പിലാക്കി. ഗ്രാമീണ മേഖലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗ്രാമീണ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റി പ്രദേശത്ത് സാമ്പത്തിക വികസനവും ദാരിദ്ര്യ നിർമ്മാർജനവും നടത്തുക എന്നത് വിനോദസഞ്ചാര മേഖലയിലെ പുത്തൻ കാൽവയ്പാണ്. ഈ സാധ്യത ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുകയാണ് കണ്ണൂർ, വയനാട് ജില്ലകളോട് തൊട്ടുരുമ്മി നിൽക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രകൃതി രമണീയമായ വാണിമേൽഗ്രാമം.

അറിവിന്റെ ദേവത (വാണിദേവി)യുടെ നാമത്തിൽ നിന്നാണ് വാണിമേൽ ഉണ്ടായതെന്നും, ആദിവാസികളിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കുവാൻ വന്ന വണിക്കുകളായ അറബ് കച്ചവടക്കാരുടെ പ്രദേശമായതുകൊണ്ടാണ് ഈ പ്രദേശത്തിന് ഇങ്ങനെ പേര് വന്നത് എന്നും പഴമക്കാർ പറയുന്നു. പ്രകൃതി കനിഞ്ഞരുളിയതും കിഴക്കും വടക്കും കാടുകളാൽ ചുറ്റപ്പെട്ടതും 16 കിലോമീറ്ററോളം പഞ്ചായത്തിനെ തഴുകി മയ്യഴിപുഴയിൽ എത്തിച്ചേരുന്നതുമായ വാണിമേൽ പുഴ ഈ ഗ്രാമത്തിന്റെ അഭിമാനമാണ്. വനത്താൽ ചുറ്റപ്പെട്ട സ്ഥലമായതിനാൽ ഹൃദ്യമായ കാലാവസ്ഥയാണ് ഇവിടെ. ആകർഷകമായ നിരവധി വിനോദ സഞ്ചാര കേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. തിരികക്കയം, കന്നുകുളം തണ്ണീർത്തടം, അടുപ്പിൽ തോണിക്കയം, ചക്കരക്കുണ്ട് പന്നിയേരി മുക്കുടൻ കല്ല്, വലിയ പാനോം, കുങ്കിച്ചിറ, പുള്ളിപ്പാറ എന്നിവിടങ്ങളിലൊക്കെ തന്നെ പ്രകൃതിയുടെ നിരവധിയായ ആകർഷണങ്ങൾ മനുഷ്യന്റെ മനസ്സിന് കുളിർമ്മയും സന്തോഷവും നൽകുന്ന തരത്തിൽ പാകപ്പെടുത്തി വച്ചിട്ടുണ്ട്. കോഴിക്കോട് പട്ടണത്തിൽ നിന്നും രണ്ട് വഴികളിലൂടെ (കുറ്റ്യാടി വഴിയും, വടകര വഴിയും) എളുപ്പം സഞ്ചാരികൾക്ക് വാണിമേലിൽ എത്തിച്ചേരാൻ സാധിക്കും.

വാണിമേൽ ഗ്രാമപഞ്ചായത്തിൽ

വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന സ്ഥലമാണ് തിരികക്കയം. വാണിമേലിലെ ചിരപുരാതന ക്ഷേത്രമായ ചേലാലക്കാവിനടുത്താണ് തിരികക്കയം വെള്ളച്ചാട്ടം. ഏതാണ്ട് 50 അടിയിലേറെ ഉയരത്തിൽ നിന്നുള്ള വെള്ളച്ചാട്ടം മനോഹരമായ കാഴ്ചയാണ്. വെള്ളച്ചാട്ടത്തിന് 300 മീറ്റർ അടുത്ത് വരെ സൗകര്യപ്രദമായ റോഡുണ്ട്. ഇപ്പോൾ തന്നെ നിരവധി സഞ്ചാരികൾ ഇവിടെയെത്താറുണ്ട്.



വാണിമേൽ പഞ്ചായത്തിലെ പ്രധാന ആദിവാസി മേഖലയിലാണ് അടുപ്പ് കോളനി, പുരാതന കഥകളുമായി ബന്ധപ്പെട്ടാണ് അടുപ്പ് എന്ന പേര് വന്നത്. പഞ്ചപാണ്ഡവൻമാർ ഒളിവിൽ കഴിഞ്ഞ സ്ഥലമാണിതെന്നും അവർക്ക് ഭക്ഷണം പാകം ചെയ്യാൻ ഭീമാകാരമായ അടുപ്പ് നിർമ്മിച്ചതാണെന്നും ഐതിഹ്യമുണ്ട്. വലിയ അടുപ്പ് കല്ലുകൾ ഇന്നും അവിടെ അവശേഷിക്കുന്നുണ്ട്. ഇങ്ങനെയാണ് അടുപ്പ് എന്ന പേര് വന്നതെന്ന് കരുതുന്നു. മലമുകളിൽ നിന്ന് കുത്തനെ ഒലിച്ചിറങ്ങുന്ന അടുപ്പിൽ തോട് കുളിരണിയിക്കുന്ന കാഴ്ചയാണ്. ഇവിടെയുള്ള തോണിക്കയം ഏറെ സഞ്ചാരികളെ ആകർഷിക്കുന്നു.



റവന്യൂ ഫോറസ്റ്റിനോട് ചേർന്ന് നിൽക്കുന്ന ചക്കരക്കുണ്ട് നമുക്ക് മറ്റെവിടെയും ദർശിക്കാൻ കഴിയാത്ത കാഴ്ചയാണ്. ഫോറസ്റ്റിന്റെ ഉൾഭാഗത്ത് നിന്ന് ഒഴുകിയെത്തുന്ന കാട്ടരുവിയിലെ വെള്ളം ശേഖരിക്കപ്പെടുന്നത് ചക്കരക്കുണ്ടിലാണ്. ഇതിന് ഏറെ ഔഷധഗുണമുണ്ടെന്ന് പഴമക്കാർ പറയുന്നു. മധുവൂറുന്ന വെള്ളമായത് കൊണ്ടാണ് ചക്കരക്കുണ്ട് എന്ന് വിളിക്കപ്പെടുന്നത്. ഇവിടെ കുളിച്ചാൽ പല രോഗങ്ങളും മാറുമെന്നാണ് വിശ്വാസം.

**വാണിമേലിലെ ചിരപുരാതന ക്ഷേത്രമായ ചേലാലക്കാവിനടുത്താണ് തിരികക്കയം വെള്ളച്ചാട്ടം.**

വിലങ്ങാട് നിന്നും 5 കിലോമീറ്റർ പ്രത്യേക വാഹനത്തിൽ സഞ്ചരിച്ചാൽ എത്താൻ കഴിയുന്ന പ്രദേശമാണ് വലിയ പാനോം. വലിയ പാനോം മലയുടെ മുകളിലെത്തിയാൽ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ കാണാൻ കഴിയും. നൂറുകണക്കിന് മീറ്ററുകളോളം കോട്ടപോലെ ഉയർന്ന് നിൽക്കുന്ന പാറക്കെട്ടുകളിൽ നിന്ന് വെള്ളം താഴേക്ക് പതിക്കുന്നത് ആനന്ദിപ്പിക്കുന്ന കാഴ്ച നൽകും. ജനവാസമില്ലെന്നതും നിശ്ശബ്ദ പ്രദേശമാണെന്നതും ഇവിടുത്തെ പ്രത്യേകതയാണ്.

വിലങ്ങാട് നിന്നും കേവലം 9 കിലോമീറ്റർ മാത്രം ദൂരമുള്ള പന്നിയേരി മലയുടെ മുകളിൽ നിൽക്കുന്ന വലിയ പാറ (മുക്കുടൻ കല്ല്) അത്ഭുത കാഴ്ചയാണ്. കണ്ണൂർ ജില്ലയുമായി അതിർത്തി പങ്കിടുന്ന പന്നിയേരി മലയിലെ പുൽമേടുകൾ മനോഹര കാഴ്ചയാണ്. എത് സമയത്തും നല്ല തണുപ്പുള്ള കാലാവസ്ഥയാണിവിടെ. വനങ്ങളുടെ മനോഹാരിത നേരിട്ട് ആസ്വദിക്കാം. മലമുകൾ വരെ ഗതാഗത സൗകര്യവുമുണ്ട്.

കല്ലാച്ചി-വിലങ്ങാട് പാതയിൽ വെള്ളിയോട് ജുമാമസ്ജിദിന് സമീപമാണ് കന്നുകുളം തണ്ണീർത്തടം. വർഷത്തിൽ ഏതാണ്ട് ഏഴ് മാസക്കാലം വെള്ളം നിറഞ്ഞ് വലിയൊരു തടാകത്തിന്റെ മനോഹാരിത പ്രകടമാകുന്ന ഇവിടം ഏത് സഞ്ചാരികളേയും ആകർഷിക്കും.







വിലങ്ങാട് ടൗണിൽ നിന്നും രണ്ട് കിലോമീറ്ററിനുള്ളിലുള്ള പുള്ളിപ്പാറ ശ്രദ്ധേയ ടൂറിസ്റ്റ് കേന്ദ്രമാണ്. നൂറ് മീറ്ററിലധികം ഉയരത്തിൽ നിൽക്കുന്ന പാറ മനോഹരമായ കാഴ്ചയാണ്. ഈ പാറക്കെട്ടിന് മുകളിൽ നടന്നെത്താൻ കഴിയും. കെ.എസ്.ഇ.ബി യുടെ ചൈനീസ് മോഡൽ ചെറുകിട വൈദ്യുതി ഉൽപ്പാദന കേന്ദ്രത്തിന്റെ രണ്ട് ഡാമുകളും. കനാലുകളും ഉൾപ്പെടുന്ന പദ്ധതി പ്രദേശം നല്ലൊരു സഞ്ചാര കേന്ദ്രമായി മാറുകയാണ്. ചെറുകിട വൈദ്യുതി പദ്ധതികളെക്കുറിച്ച് മനസ്സിലാക്കാൻ ഇവിടുത്തെ സന്ദർശനം സഹായിക്കും.

വയനാട് ജില്ലയുമായി അതിർത്തി പങ്കിടുന്ന പുല്ലുവായും സമീപ പ്രദേശങ്ങളും മനോഹരമാണ്. പ്രശസ്തമായ മയ്യഴി പുഴയുടെ ഉത്ഭവസ്ഥാനമായ കുങ്കിച്ചിറ ഇവിടെയാണ്. വനം വകുപ്പിന്റെ അനുമതിയോടു കൂടി വനത്തിനകത്ത് കുറച്ച് ദൂരം സഞ്ചരിച്ചാൽ പായങ്കി രാജാവിന്റെ സ്മരണകളുറങ്ങുന്ന കുങ്കിച്ചിറയിലെത്താൻ കഴിയും. പഴശ്ശിരാജാവിന്റെ ഒളിയുദ്ധ കാലത്ത് നിർമ്മിച്ച മണൽകോട്ടയും കുങ്കി കുളിച്ച ചിറയും അധികമാരും ശ്രദ്ധിക്കപ്പെടാതെ ഇന്നുമുണ്ട്. പുല്ലുവായ് മുതൽ കുങ്കിച്ചിറ വരെയുള്ള വനയാത്ര അതീവ ഹൃദ്യമാണ്.

ചിറ്റാരി മലയിലെ റവന്യൂ ഫോറസ്റ്റിനകത്താണ് ചന്ദനത്താംകുണ്ട്. വലിയൊരു പ്രകൃതി നിർമ്മിത ജലാശയമാണിത്. കുന്നിൻ മുകളിൽ ഏറ്റവും ഉയരം കൂടിയ സ്ഥലത്താണ് എന്നതാണിതിന്റെ പ്രത്യേകത. ആനകളും കാട്ടുപോത്തുകളുമടക്കം വന്യജീവികളുടെ കുടിവെള്ള സ്രോതസ്സാണിവിടം. ആസ്വാദ്യകരമായ കാഴ്ചയാണിവിടെ. കോഴിക്കോട് ജില്ലയിലെ ഏറ്റവും ഉയരംകൂടിയ സ്ഥലമാണ് നാദാപുരം മുടി. ഇവിടം സഞ്ചാരികളെ ഏറെ ആകർഷിക്കും.

വനവിഭവങ്ങളും കാർഷിക ഉൽപ്പന്നങ്ങളും സമൃദ്ധമായി ഉള്ളതുകൊണ്ട് ഫാം ടൂറിസത്തിന് യോജിച്ച പ്രദേശമാണ് വാണിമേൽ. പൈതൃക ഭക്ഷണ രീതി തിരിച്ച് കൊണ്ടുവരാൻ ആദിവാസികളെ ഉപയോഗിച്ച് വംശീയ ടൂറിസത്തിനും നല്ല സാധ്യതയുണ്ട്. ആദിവാസി നാട്ടുവൈദ്യൻമാരെകൊണ്ട് സമ്പന്നമാണ് ഈ പ്രദേശം. കൂടാതെ പല പ്രദേശങ്ങളിൽ നിന്നും ചികിത്സാ ആവശ്യാർത്ഥം ധാരാളം ആളുകൾ ഈ പ്രദേശത്ത് വരുന്നുണ്ട്. ഈ രണ്ട് സാധ്യതകളേയും നല്ല രീതിയിൽ ഉപയോഗിച്ചാൽ ടൂറിസം സർക്യൂട്ട് ഉണ്ടാക്കുവാൻ സാധിക്കും വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ തിലകക്കുറിയായുള്ള തിരികക്കയം വെള്ളച്ചാട്ടത്തിന് സമീപം സ്വകാര്യ വ്യക്തികളെ സഹകരിപ്പിച്ച് ഒരു മിനി അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കുവാൻ കഴിയും. ജൈവ ഉൽപ്പന്നങ്ങൾ, ആദിവാസി ഉൽപ്പന്നങ്ങൾ എന്നിവ മാർക്കറ്റ് ചെയ്യുവാനും കഴിയും. കൂടാതെ അന്യം നിന്ന് പോകുന്ന ആദിവാസി കലകളെ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിനും അവസരം ഒരുങ്ങും. ഇത് പ്രയാസമനുഭവിക്കുന്ന ആദിവാസി സമൂഹത്തിന്റെ വരുമാന വർദ്ധനവിനും സഹായകമാകും.

പൂർണ്ണമായി സാധ്യതകളെ ഉപയോഗപ്പെടുത്തിയാൽ കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി ഈ പ്രദേശത്തെ മാറ്റാൻ കഴിയും. വാണിമേൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഇതിനായുള്ള പഠനറിപ്പോർട്ട് അധികാരികൾക്ക് കൈമാറി കഴിഞ്ഞു. ഗ്രാമീണ ടൂറിസം മേഖലയ്ക്ക് മുതൽക്കൂട്ടാകുന്ന ഈ പദ്ധതി സംബന്ധിച്ച് ടൂറിസം വകുപ്പ് സാധ്യതകൾ ആരായുകയാണ്. ഉത്തരവാദിത്വ ടൂറിസം എന്ന നിലയിൽ, ഗ്രാമീണ ടൂറിസം സാധ്യതകളെ നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുകയും ഒപ്പം ദാരിദ്ര്യം അനുഭവിക്കുന്നവരെ മുഖ്യ ധാരയിലേക്ക് കൈപിടിച്ച് ഉയർത്താനുമുള്ള വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ പരിശ്രമം വിജയിക്കുമെന്ന പ്രതീക്ഷയിലാണ് ഈ പ്രദേശത്തെ ജനങ്ങൾ.●

*ലേഖകന്റെ ഫോൺ നം. 9895043496*

ആശയവിനിമയോപാധിയാണ് ഭാഷ. നിരവധി വികാസ പരിണാമങ്ങളിലൂടെ രൂപപ്പെടുന്ന ഓരോ ഭാഷയും അതതു പ്രദേശത്തെ ജനങ്ങളുടെ ജീവിത രീതികളും സാംസ്കാരവും ഭൂപ്രകൃതിയും പ്രതിഫലിപ്പിക്കുന്നവയാണ്. കൂടാതെ അന്യനാടുകളുമായുള്ള ബന്ധവും ഭാഷയുടെ വളർച്ചയെ സ്വാധീനിക്കാറുണ്ട്. ഇത്തരത്തിലുള്ള വൈദേശിക ബന്ധം മലയാളഭാഷയേയും സ്വാധീനിച്ചിട്ടുണ്ട്. നാം നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന നിരവധി വാക്കുകൾ വിദേശത്തു നിന്ന് വിരുന്നുവന്നവയാണ്. ചൈനീസ്, പോർച്ചുഗീസ്, അറബി, ഫ്രഞ്ച് മുതലായ ഭാഷകളുടെയെല്ലാം സ്വാധീനം നമ്മുടെ ഭാഷയിലുണ്ടായിട്ടുണ്ട്.

ചീന (ചൈന) എവിടെയാണെന്നോ എന്താണെന്നോ അറിഞ്ഞുകൂടാത്ത നാടൻ മലയാളികൾ പുറത്തു നിന്നെത്തിയ പല സാധനങ്ങളെയും ചീന ചേർത്തു വിളിക്കാൻ തുടങ്ങിയത് വേറൊന്നുമറിഞ്ഞിട്ടല്ല. ചീന ചേർന്ന വാക്കുകൾ ഇവർ നിത്യോപയോഗത്തിൽ പച്ച മലയാളം പോലെ തട്ടിവിട്ടു. ചീനക്കടലാസ്, ചീനക്കുട്ട, ചീനബ്ഭരണി, ചീനശർക്കര, ചീനക്കാരം, ചീനച്ചട്ടി, (Fryingpan) ചീനക്കുഴൽ, ചീനച്ചരക്ക്, ചീനപ്പൊടി, ചീനപ്പാവ്, ചീനമുളക്, (വറ്റൽമുളക്), ചീനവെടി, ചീനക്കയറ്, ചീനവല, ചീനക്കണ്ണാടി (കുഴൽക്കണ്ണാടി), ചീനക്കർപ്പൂരം, ചീനക്കൽക്കണ്ടം, ചീനക്കളിമണ്ണ്, ചീനക്കിണ്ണം, ചീനക്കപ്പ്, ചീനപ്പട്ട്, ചീനച്ചേമ്പ്, ചീനച്ചിന്തൂരം, ചീനപ്പടക്കം, ചീനപ്പരുത്തി, ചീനവിളക്ക്, ചീനക്കോഴി, ചീനക്കായ് (പുളിഞ്ചിക്കായ്) ഇങ്ങനെ പോകുന്നു ഭാഷയിലെ ചൈനീസ് ബന്ധം. ചീനി എന്ന വാക്കിന് ചൈനയുമായി ബന്ധമുണ്ടെന്ന് പറയുന്നു. ചീനിക്ക് ഇലവുമരം എന്നാണർത്ഥം. ബ്രസീലിൽ നിന്ന് പോർച്ചുഗീസുകാർ കൊണ്ടു വന്ന കിഴങ്ങിന് ഇലവുമരത്തിന്റെ ഇലയോട് സാമ്യമുണ്ടായിരുന്നതു കൊണ്ട് അതിനെ മരച്ചീനിയാക്കി പരിഷ്കരിച്ചുവത്രേ. ചീന എന്ന വാക്ക് യഥാർത്ഥത്തിൽ ചീനദേശത്തെക്കുറിക്കുന്നതോ അതോ വിദേശം എന്ന സാമാന്യാർത്ഥത്തിൽ പ്രയോഗിക്കുന്നതോ എന്ന് സംശയിക്കുന്നു ശൂരനാട് കുഞ്ഞൻ പിള്ളയെപ്പോലുള്ള പണ്ഡിതൻമാർ.

പോർത്തുഗീസ് ഭാഷയിൽ നിന്നും വന്ന പലവാക്കുകളെയും നാടോടിയായി

ഉത്തരംകോട് ശശി

# വിരുന്നുവന്ന വാക്കുകൾ


നമ്മൾ ഇന്ന് ഉപയോഗിക്കുന്നുണ്ട്. മേസിരി (Mestre), മേശിരി, മേസ്തിരി, മേസ്ത്രി എന്നൊക്കെ പ്രയോഗിക്കുന്ന വാക്ക് അന്യഭാഷയിൽ നിന്ന് വന്നതാണെന്ന് നമ്മളുണ്ടോ അറിയുന്നു. കൊത്തൻ മേസ്തിരി, റോഡ് മേസ്തിരി എന്നെല്ലാം പ്രയോഗിക്കുമ്പോൾ നാടൻ പദമെന്നല്ലാതെ നമുക്ക് തോന്നുകയില്ല. പേശയെന്ന വാക്കും അതുപോലെ തന്നെ. വിജാവരി, വിജാവുരി, വിജാവിരി, വിജാഗിരി എന്നെല്ലാം ഉച്ചരിക്കുന്ന പദം, കുശിനി (cuisine) ചാവി, ലാന്തർ (റാന്തൽ), ജനൽ, മേശ, കസേര, ബഞ്ച്, കോപ്പ, പോർട്ടിക്കോ, വരാന്ത(വാരാന്ത), അലമാരി(അലമാര), പാദ്രി (പാതിരി), വികാരി, ചായ,മുറം, കുരിശ്, തേയില, പീപ്പ(വീപ്പ), കശകശ എന്നിങ്ങനെ നാടനായി നാം കൊണ്ടു നടക്കുന്ന വാക്കുകൾ വേറെയുമുണ്ട്.

അവൻ ശീമയിൽ പോയി പഠിച്ചതാണെന്നു പറഞ്ഞാൽ വിദേശത്തുപോയി പഠിച്ചതാണെന്ന് മനസ്സിലാക്കേണ്ട ഒരു കാലമുണ്ടായിരുന്നു. ശീ(ചീ) മക്ക് യൂറോപ്പ് എന്നാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. കോളനി ഭരണകാലത്ത് ധനികരായ നമ്മുടെ നാട്ടുകാർ ഉന്നത വിദ്യാഭ്യാസത്തിന് ശീമയെ ആശ്രയിച്ചുപോന്നു. ബി(വി) ലാത്തിയിൽ പോയി പഠിച്ചുവന്നാൽ അക്കാലത്ത് പരിഷ്കാരത്തിന്റെ പാരമ്യമായി എന്നാണ് വയ്പ്. പരിഷ്കാരത്തിന്റെ പര്യായമായി ശീമത്തരത്തെ നാട്ടുകൾ മനസ്സിലാക്കിയിരുന്നു. പുറത്തുനിന്നു കൊണ്ടു വന്ന സാധനങ്ങൾക്ക് ശീമ ചേർത്തുപറയാൻ ഗ്രാമീണർ ശീലിച്ചു. നാടനല്ലാത്തത് എന്നൊർത്ഥം ശീമ എങ്ങനെയോ വഴക്കമാക്കി. ശീമച്ചക്ക, ശീമക്കൊന്ന, ശീമപ്പറങ്കിമാവ്, ശീമച്ചേമ്പ്, ശീമനെല്ലി, ശീമക്കൊന്ന, ശീമപ്പന്നി, ശീമമുരൽ തുടങ്ങിയ വാക്കുകൾ ഗ്രാമീണർ അങ്ങനെ കണ്ടെത്തിയവയാണ്. സംസ്കൃതത്തിലെ സീമ (അതിര്) എന്ന വാക്കിൽ നിന്നാണ് ശീമയും ചീമയുമെല്ലാം വന്നതെന്നാണ് സംസ്കൃത പണ്ഡിതൻമാരുടെ പക്ഷം.

*ലേഖകന്റെ ഫോൺ നമ്പർ: 8129713157*

## ഭരണഭാഷാ വാരാഘോഷം ഒരു വർഷത്തേക്കുകൂടി

ഭരണഭാഷാ വാരാഘോഷം 2016 നവംബർ ഒന്ന് മുതൽ 2017 ഒക്ടോബർ 31 വരെ ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായി. ഈ കാലയളവിൽ പ്രത്യേക കർമപരിപാടി തയ്യാറാക്കി ഭാഷാമാറ്റ പ്രവർത്തനങ്ങൾ തുടരണമെന്ന് സെക്രട്ടറിയേറ്റുൾപ്പെടെയുള്ള എല്ലാ സർക്കാർ വകുപ്പുകൾക്കും കളക്ട്രേറ്റുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/ അർദ്ധ സർക്കാർ/ സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകി. ഔദ്യോഗികഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചുവരുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കാനും ഭരണഭാഷ മാതൃഭാഷയിലാണെന്ന് ഉറപ്പു വരുത്താനുമുള്ള നടപടി സ്വീകരിക്കണം. നടപടികളുടെ റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിൽ ലഭ്യമാക്കണമെന്നും നിർദ്ദേശമുണ്ട്.



ഷാജി.പി.കെ.കോടിയേരി

# കദീസുമ്മയ്ക്കും വീടായി



ഒരു നാടിന്റെ മുഴുവൻ ഒത്തുചേരൽ ആയിരുന്നു കദീസുമ്മയുടെ ഗൃഹപ്രവേശ ചടങ്ങ്. 2015-16 വർഷത്തെ ഇന്ദിരാ ആവാസ് യോജനാ പദ്ധതിയിലൂടെയാണ് കദീസുമ്മയുടെ സ്വപ്നം സാക്ഷാത്കരിച്ചത്. തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഭവനപദ്ധതി ഗുണഭോക്താവായ ഇവർ ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്.

ന്യൂമാഹി പഞ്ചായത്തിന്റെയും പ്രദേശത്തെ നാനാവിഭാഗം ജനങ്ങളുടെയും കൂട്ടായ്മ നൽകിയ കാര്യക്ഷമതയും പ്രവർത്തന മികവുമാണ് സ്വന്തം ഭവനം എന്ന കദീസുമ്മയുടെ സ്വപ്നം പത്തു മാസങ്ങൾ കൊണ്ട് പൂവണിയിച്ചത്. കഠിനാധ്വാനം ചെയ്ത് മിച്ചം പിടിച്ച തുകയ്ക്കൊപ്പം ഉദാരമതികളുടെ ഉറവ വറ്റാത്ത കാരുണ്യത്തിന്റെ കൈത്താങ്ങുമായാണ് നിരാലംബയായ ഈ വൃദ്ധ ഒമ്പതു വർഷം മുമ്പ് മൂന്ന് സെന്റ് ഭൂമിയെന്ന തന്റെ സ്വപ്നം സാക്ഷാത്കരിച്ചത്.

പൊതുപ്രവർത്തകനായ എ.വി ചന്ദ്രദാസനാണ് കദീസുമ്മയുടെ പരാധീനതകളും പ്രശ്നങ്ങളും പൊതുജന ശ്രദ്ധയിലേക്ക് കൊണ്ടുവന്നത്. ഇവരുടെ അപേക്ഷ ഗ്രാമസഭയിലെ ചർച്ചക്കു ശേഷം, ലഭിച്ച മാർക്കുകളുടെ അടിസ്ഥാനത്തിൽ, ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന കുടുംബമാണെന്ന മുൻഗണന നൽകിയാണ് ബ്ലോക്ക് പഞ്ചായത്തിന് ഗുണഭോക്തൃ പട്ടിക കൈമാറിയത്.

തീരദേശത്ത് നിന്നും ഉയർന്ന പ്രദേശത്ത് ഭവന നിർമ്മാണം തുടങ്ങിയപ്പോൾ നാട്ടുകാരുടെ മുന്നിലുണ്ടായ വെല്ലുവിളികൾ ഏറെയായിരുന്നു. നിർമ്മാണ വസ്തുക്കൾ സൈറ്റിൽ എത്തിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കാൻ അടുത്ത പ്രദേശത്തെ അൺ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ അവർക്കാവുന്നതിലേറെ സഹകരിച്ചു എന്നതു തന്നെ ഒരു നാട് ഈ പ്രവർത്തനത്തെ എത്രത്തോളം ഏറ്റെടുത്തു എന്ന് വ്യക്തമാക്കുന്നു. ഭവനനിർമ്മാണത്തിന് വെള്ളം ഒരു തടസ്സമായപ്പോൾ അകലെയുള്ള ഒരു മനുഷ്യസ്നേഹി അദ്ദേഹത്തിന്റെ വീട്ടുകിണറ്റിൽ നിന്നുമാണ് സ്വന്തം ചെലവിൽ നിർമ്മാണത്തിനുള്ള വെള്ളം പമ്പ് ചെയ്തു നൽകിയത്.

ഈയൊരു പ്രവർത്തനത്തിലൂടെ നിരാലംബരായവരുടെ സംരക്ഷണത്തിനും, ഭവന നിർമ്മാണത്തിനുമായി വ്യക്തികളും വിവിധ സംഘടനകളും മുന്നിട്ടിറങ്ങുന്ന കാഴ്ചയാണ് പിന്നീടങ്ങോട്ട് ന്യൂ മാഹി പഞ്ചായത്തിൽ ദൃശ്യമായത്. സാമൂഹിക പ്രതിബദ്ധതയുള്ള പ്രസ്ഥാനങ്ങളും കൂട്ടായ്മകളും വ്യക്തികളും രാഷ്ട്ര നിർമ്മാണത്തിൽ മുതൽക്കൂട്ടാകുന്നതിന്റെ ഉത്തമോദാഹരണങ്ങളാണ് അശരണരുടെ ഭവന നിർമ്മാണ പ്രക്രിയയിലൂടെ തലശ്ശേരി ബ്ലോക്കിന് കീഴിൽ ഇന്ന് പ്രകടമാകുന്നത്. മഹാത്മാഗാന്ധി തൊഴിൽ ദാനപദ്ധതിയിൽ ഉൾപ്പെടുത്തി കദീസുമ്മയുടെ ഭവനനിർമ്മാണത്തിൽ നടത്തിയ ഇടപെടലും ശ്രദ്ധേയമായി.

ഒരു പ്രദേശം ഒരു കുടുംബത്തിന് തണലായി മാറുന്ന ഇത്തരം ഭവന നിർമ്മാണ കൂട്ടായ്മകൾ എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.●

*ലേഖകന്റെ ഫോൺ നം. 9496554931*

## പുതിയ ഉത്തരവുകൾ

### ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീസർവ്വീസ് ട്രെയിനിംഗ് ഇൻസർവീസ് ട്രെയിനിംഗ് ആക്കി മാറ്റി

ഗ്രാമവികസന വകുപ്പിൽ പുതിയതായി നിയമിക്കപ്പെടുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ നിലവിലുള്ള ആറ് മാസത്തെ പ്രി സർവ്വീസ് പരിശീലനം, പരിശീലന വിഷയങ്ങൾക്ക് മാറ്റംവരുത്താതെ മൂന്നുമാസത്തെ ഇൻസർവ്വീസ് പരിശീലനം ആക്കി പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായി. ഈ ഉത്തരവിന് 25.05.2016 മുതൽ പ്രാബല്യമുണ്ട്.

**(ഉത്തരവ് നം. ജി.ഒ(എം.എസ്)നം:137/2016/ത.സ്വ.ഭ.വ, തീയതി 28/09/2016)**

### ബി.പി.എൽ. സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും അനുവദിക്കാം

നിലവിലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് ബി.പി.എൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറോടൊപ്പം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെക്കൂടി ചുമതലപ്പെടുത്തി ഉത്തരവായി.

**(ഉത്തരവ് നം. സ.ഉ. (കൈ)നം.2867/16/ത.സ്വ.ഭ.വ, തീയതി. 13/10/2016)**

### അംഗൻവാടി വർക്കർമാരുടേയും ഹെൽപർമാരുടേയും വർദ്ധിപ്പിച്ച വേതനത്തിൽ 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന്

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% തുക സർക്കാരും 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

**(സർക്കാർ ഉത്തരവ് (സാധാ)നം. 2683/1616/ത.സ്വ.ഭ.വ. തീയതി .09/09/2016)**

**ഉത്തരവുകളുടെ പൂർണരൂപത്തിന് ചുവടെ പറയുന്ന വെബ്സൈറ്റുകൾ സന്ദർശിക്കുക**
prd.kerala.gov.in kerala.gov.in lsgkerala.gov.in finance.kerala.gov.in

# ഏകനായ് നടന്നു നീ

ജി. കുമാരപിള്ള



ഏതുകാലമാകിലും ഏതു നേരമാകിലും
ഏതു ദിക്കിലാകിലും ഏകനായ് നടന്നു നീ.

ചൂടുകാറ്റടിക്കിലും കാലവർഷമാർക്കിലും
കോടമൂടി നിൽക്കിലും ഏകനായ് നടന്നു നീ.

ആരുവിട്ടുപോകിലും ആരുനേർത്തെതിർക്കിലും
ഏതുപുച്ഛമേൽക്കിലും ഏകനായ് നടന്നു നീ.

ദൂരമെത്രയാകിലും ഏതു കൂർത്തമുള്ളിലും
ആരെറിഞ്ഞ കല്ലിലും ഏകനായ് നടന്നു നീ.

കണ്ണുനീർ കുടിക്കിലും മഞ്ഞുപോൽ വിറയ്ക്കിലും
ചോരവാർന്നൊലിക്കിലും ഏകനായ് നടന്നു നീ.

ആരെയും തുണക്കിലും ആരിലും ലയിക്കിലും
മാനസത്തിലെപ്പൊഴും ഏകനായ് നടന്നു നീ.

ആൾത്തിരക്കിലാകിലും കൂട്ടമെത്രയാകിലും
ബോധഹൃത്തിലെപ്പൊഴും ഏകനായ് നടന്നു നീ.

ഭീതിയെ ജയിച്ചവൻ ഭാരമേ വെടിഞ്ഞവൻ
ഭാവിയെ വരിച്ചവൻ ഏകനായ് നടന്നു നീ.

ബോധിഭൂവിനപ്പുറം കാൽവരിക്കുമപ്പുറം
രാജഘട്ടിനപ്പുറം ഏകനായ് നടന്നു നീ.

കൂരിരുട്ടിൽ ദീപമായ് കാനനത്തിൽ മാർഗമായ്
ജീവിതത്തിലാശയായ് ഏകനായ് നടന്നു നീ.

September-October 2016
Annual Subscription Rs. 12.00

GRAMABHUMI
Bi-Monthly

RN. No. 36116/1980

# ഗ്രാമീണകേരളത്തിന്റെ ഉൾക്കാഴ്ചയുമായി

## ഗ്രാമഭൂമി



**വായിക്കുക,**
**വരിക്കാരാകുക**

## ഗ്രാമഭൂമി

2 വർഷത്തേക്ക്
₹24
മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by N. Radhakrishna Pillai, Chief Officer, Rural Information Bureau, Owned by A. Shajahan IAS, Commissioner of Rural Development, Government of Kerala, Printed at Government Central Press, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: N. Radhakrishna Pillai